# കതിരൊളി

പഠിക്കുക

പഠിപ്പിക്കുക

ORGAN OF THE ADHYAYANAMANDALAM

പുസ്തകം 2 ലക്കം 4

# ഉള്ളടക്കം


| | | |
|---|---|---|
| 1 | കതിരൊളിയെപ്പററി ചില പ്രധാന കാര്യങ്ങൾ | 266 |
| 2 | ബൈബിളിൻെറ മൂലഭാഷകൾ ... | 267 |
| | (Rev. Fr Luke O. F. M Cap) | |
| 3 | വേദപുസ്തകത്തിൻെറ കാനോൻ ... .... | 292 |
| | (ഫാ. മാത്യു നടയ്ക്കൽ) | |
| 4 | രണ്ടാം വത്തിക്കാൻ കൗൺസിലും ക്രൈസ്തവൈക്യവും | 310 |
| | (സി. ററി. വയലിൽ) | |
| 5 | കത്തോലിക്കരും സാമൂഹ്യസേവനവും ... ... | 330 |
| | വെരി റവ. മോൺ. പോൾ ചിററിലപ്പള്ളി) | |
| 6 | ബ്രഹ്മചര്യം ബൈബിളിൽ ... ... ... | 334 |
| | (എം. ചട്ടുവക്കളം) | |
| 7 | Statement about Ownership of magazine | 346 |
| 8 | പ്രസ്താവന ... .... .... .... | 347 |
| 9 | 1-ം 2-ം പുസ്തകങ്ങളിലെ ഉള്ളടക്കം .... .... | 347 |
| 10 | തിരുസിംഹാസനത്തിൽ നിന്നു് ... .... | 349 |
| | (ജോൺ അറയ്ക്കൽ) | |

# കതിരൊളി

(ഒരു ത്രൈമാസിക പ്രസിദ്ധീകരണം)

പുസ്തകം 2    1963 മേയ് 15    ലക്കം 4

*A theological review, published quarterly, under the auspices of the Ahyayanamandalam.*

*Contains treatises on*

*Religious and Socio-religious Subjects.*

# കതിരൊളിയെപ്പററി

## ചില പ്രധാനകാര്യങ്ങൾ

1 നൂറോളം പേജുകളുള്ള ഒരു ത്രൈമാസികം, ആണ്ടിൽ നാലു പ്രസിദ്ധീകരണങ്ങൾ.

2 ഒരു വർഷത്തെ വരിസംഖ്യ രണ്ടു രൂപാ. ഒററക്കോപ്പിക്കു 62 നം. പൈ.

3 വരിസംഖ്യ എപ്പോഴും മുൻകൂർ.

4 Manager St. Joseph's Orphanage Press Changanacherry എന്ന വിലാസത്തിലാണു് വരിസംഖ്യ അയയ്ക്കേണ്ടതു്.

5 പ്രസിദ്ധീകരണം സംബന്ധിച്ച ഇതര കാര്യങ്ങൾ Editor, 'Kathiroly'. S. S. & A. M. Head Office Archbishop's House, Changanacherry എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണു്.

6 വരിസംഖ്യ അടയ്ക്കുന്നതോടൊപ്പം വരിക്കാരൻെറ പൂർണ്ണവിലാസം അയച്ചു തരേണ്ടതാകുന്നു. വിലാസത്തിനു മാററം വരുമ്പോൾ ആ വിവരം യഥാസമയം ഇവിടെ അറിയിക്കേണ്ടിയിരിക്കുന്നു.

7\. വരിസംഖ്യ അയച്ചുതരുമ്പോൾ ഏതു ലക്കം മുതൽ വേണമെന്നുള്ള വിവരം പ്രത്യേകം കാണിച്ചിരിക്കണം. കതിരൊളി ഒന്നാം പുസ്തകത്തിൻെറ ഏതാനും സെററുകൾ മാത്രം സ്റ്റോക്കുണ്ടു്. അവകൂടി ആവശ്യപ്പെടുന്ന പുതിയ വരിക്കാർ വിവരം കാണിച്ചു് കഴിഞ്ഞ വർഷത്തെ വരിസംഖ്യകൂടി അയച്ചു തരേണ്ടതാണു്.

8 കതിരൊളിയിലെ ഓരോ കോളവും അതാതു വിഷയത്തിൽ പ്രത്യേകം പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരെക്കൊണ്ടു് എഴുതിച്ചു പ്രസിദ്ധം ചെയ്യണമെന്നുള്ളതാണു് ഞങ്ങളുടെ പൊതുവായ നയം. എന്നാൽ പ്രസിദ്ധീകരണത്തിൻെറ സ്വഭാവത്തിനും ഉള്ളടക്കത്തിനും യോജിച്ച ഈടേറിയവയും ആനുകാലികങ്ങളുമായ പ്രതിപാദനങ്ങളും സസ്വാഗതാർഹങ്ങളാകുന്നു.

# ബൈബിളിൻെറ മൂലഭാഷകൾ

[തുടർച്ച]

Rev. Fr. Luke O. F. M. Cap.

മുൻലേഖനത്തിൽ ആമുഖപരമായ പലകാര്യങ്ങൾ പഠന വിഷയമായി. ഇനി ബൈബിളിൻെറ മൂലഭാഷകളെപ്പററി ചുരുക്കത്തിൽ പ്രതിപാദിക്കാം.

## ഹീബ്രൂ ഭാഷ (1)

നിർവ്വചനം. എന്താണു് ഹീബ്രൂ ഭാഷ? ചരിത്രകാരന്മാർ നൽകുന്ന നിർവചനം: പലസ്തീനായിൽ നിവസിച്ചിരുന്ന ഇസ്രായേൽക്കാർ പുരാതനകാലത്തു് സംസാരിച്ചിരുന്ന ഭാഷയത്രെ ഹീബ്രൂ. ഈ ഭാഷയിൽത്തന്നെ പഴയനിയമത്തിൻെറ സിംഹഭാഗവും വിരചിതമായി. ഇക്കാരണത്താൽ, ഹീബ്രൂവെന്നു പറയുമ്പോൾ പഴയനിയമത്തിൻെറ മൂലഭാഷയെന്നും വിവക്ഷയുണ്ടു് (2)

B. C. 13-ാം ശതാബ്ദത്തിൻെറ അവസാനഘട്ടത്തിലാണു് (അതായതു്, B. C 1200-നു് സ്വല്പം മുമ്പു്) ഇസ്രായേൽക്കാർ പലസ്തീനാ കീഴടക്കിയതും, അവിടെ സ്ഥിരതാമസമുറ

---

(1) Bibliography. C. Brockelmann: Hebraeische Syntax, Neukirchen, 1957. O. Grether: Hebraeische Grammatik fuer den akademischen Unterricht. Munich, 1951. P. Jouon: Grammaire de l' hebreu biblique, Rome, 1947. L. Koehler-W. Baumgartner: Lexicon: in Veteris Testamenti Libros, Leiden, 1953. F. Zorell: Lexicon hebraicum et aramaicum Veteris Testamenti Rome, 1954. ലേഖനപരമ്പരയ്ക്കു് ഉപയുക്തങ്ങളായ ചില മഹാഗ്രന്ഥങ്ങളുടെ പേരുകൾ മാത്രമെ ഇവിടെ ചേർത്തിട്ടുള്ളു.

(2) Cf. O. Grether: Op. cit., P. 13.

പ്പിച്ചതും (3). അക്കാലത്തു് പലസ്തീനായിലെ പ്രധാനപ്പെട്ട ഭാഷ കനനേയ ഭാഷയായിരുന്നു. ഈ ഭാഷയുടെ ഉപശാഖകളിലൊന്നു തന്നെ ഹീബ്രു. ഇക്കാര്യം മുൻലേഖനത്തിൽ പറഞ്ഞല്ലോ. ചുരുക്കത്തിൽ, പലസ്തീനായിൽ കുടിയേറിപ്പാർത്ത പുരാതന ഇസ്രായേൽക്കാർ ഉപയോഗിച്ചിരുന്ന കനനേയോപഭാഷയാകുന്നു ഹീബ്രു.

ഹീബ്രുവെന്ന സംജ്ഞയുടെ മൂലാർത്ഥം നിശ്ചയമില്ല (4) ക്രിസ്ത്വബ്ദത്തിനു മുമ്പു മാത്രമാണു് ഈ സംജ്ഞ പ്രചാരത്തിൽ വന്നതു്. B. C. 200—നോടടുത്തു് "യേശു ബെൻ സീറാ" എന്ന പണ്ഡിതൻ ഹീബ്രു ഭാഷയിൽ രചിച്ച ഗ്രന്ഥം B C. 130-നു ശേഷം ഗ്രീക്കിലേയ്ക്കു തർജ്ജിമ ചെയ്യപ്പെട്ടു. ഈ ഗ്രീക്ക് വിവർത്തനത്തിൻെറ ആമുഖത്തിലാണു് ഹീബ്രുവെന്ന നാമം ആദ്യമായി ഉപയോഗിച്ചു കാണുന്നതു്. (5) യഹൂദചരിത്രകാ

(3) തീയതികൾ അത്ര നിശ്ചയമില്ല. ഏറെക്കുറെയുള്ള തീയതിയാണു് ഇവിടെ തന്നിരിക്കുന്നതു്. കൂടുതൽ വിവരങ്ങൾ ഇസ്രായേൽ ചരിത്രത്തെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിൽ കാണാം.

(4) ചിലരുടെ മതപ്രകാരം, ഹീബ്രുവെന്നപദം അബ്രാഹത്തിൻെറ പൂർവ്വികനായ "ഹേബെർ" എന്ന മനുഷ്യൻെറ പേരിൽ നിന്നു വരുന്നു. ഹേബറിൻെറ സന്താനങ്ങൾ സംസാരിച്ചിരുന്ന ഭാഷതന്നെ ഹീബ്രു. മററു ചിലരുടെ അഭിപ്രായമനുസരിച്ചു്, നമ്മുടെ സംജ്ഞ "ആബാർ" (കടക്കുക, കടന്നു വരിക) എന്ന ക്രിയയിൽ നിന്നു് ഉൽഭവിച്ചതാണു്. അബ്രാഹവും കുടുംബവും മെസപ്പൊട്ടേമിയായിൽ നിന്നു്, യൂഫ്രട്ടീസ് നദികടന്നു്, പലസ്തീനായിലേയ്ക്കു വന്നു. നദികടന്നു വന്നവരുടെ ഭാഷയാകുന്നു ഹീബ്രു! Cf. Zorell: Op. cit., p. 569.

(5) യേശുബെൻസീറായുടെ പൗത്രനാണു് വിവർത്തകൻ, അദ്ദേഹം എഴുതുന്നു. "മൂലമായ ഹീബ്രുവിൽ രേഖപ്പെടുത്തപ്പെട്ട സംഗതികളും, അവയുടെ തർജ്ജമകളും തമ്മിൽ യാതൊരു താരതമ്യവുമില്ല." ഈ വാചകത്തിലത്രെ ഹീബ്രുവെന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചു കാണുന്നതു്. Cf. A Rahlfs: Septuaginta id est Vetus Testamentum graece juxta LXX interpretes. Vol II, Stuttgart, 1951, p. 378.

രനായ ജൊസിഫസും യഹൂദചിന്തകനായ ഫീലോയും, ക്രിസ്തുവാബ്ദം ഒന്നാം ശതാബ്ദത്തിൽ, ഇപ്പദം വിനിയോഗിച്ചിട്ടുണ്ട്. അവരുടെ കാലത്തിനുശേഷം, ക്രൈസ്തവപണ്ഡിതന്മാർ ഹീബ്രുവെന്നവാക്ക് ലോകത്തിലെല്ലാം പ്രചുരിതമാക്കി. പുരാതന ഇസ്രായേൽക്കാരുടെയിടയിൽ ഈ സംജ്ഞ അജ്ഞാതമായിരുന്നു. ഹീബ്രുബൈബിളിൽ വേറെ രണ്ടു പേരുകൾകാണാം: കനനേയ ഭാഷ, യഹൂദഭാഷ (6)

പലസ്തീനായിൽ പ്രവേശിക്കുന്നതിനുമുമ്പ്, ഇസ്രായേൽക്കാർ ഏതു ഭാഷയാണ് സംസാരിച്ചിരുന്നത്? അബ്രാഹം ഐസക്ക്, ജേക്കബ് എന്ന ഗോത്രപിതാക്കന്മാരുടെ മാതൃഭാഷ ഏതായിരുന്നു? ഇവരുടെ സന്താനപരമ്പര സംസാരിച്ചിരുന്ന ഭാഷ ഏതാണ്? ഈ ഭാഷയെപ്പററി ഒന്നും തന്നെ നമുക്കറിഞ്ഞുകൂടാ. കാരണം, ചരിത്രരേഖകളില്ല. പഴയനിയമമാണെങ്കിൽ ഇക്കാര്യത്തെപ്പററി മൗനം പാലിക്കുന്നു. എങ്കിലും, ചരിത്രത്തിൻെറ സഹായത്തോടെ അവരുടെ മാതൃഭാഷ ഏതായിരുന്നെന്ന് അനുമാനിക്കാൻ സാധിക്കും. അബ്രാഹവും കുടുംബവും അറമായിക്ക്വംശജരായിരുന്നു (7). ഈ വസ്തുതയിൽ നിന്നുള്ള നിഗമനം വിശദമാണല്ലോ; അവരുടെ മാതൃഭാഷ അറമായിക്കിൻെറ വിവിധശാഖകളിലൊന്നായിരുന്നു (8). നമ്മുടെ ലേഖനത്തിൽ അറമായിക്ക് ഭാഷ പ്രത്യേകം പഠനവിഷയമാകും. അതുകൊണ്ട്, ഇവിടെ കൂടുതലൊന്നും പറയുന്നില്ല. ഇനി ഹീബ്രുഭാഷാഗവേഷണം തുടരാം.

---

(6) 2 രാജാക്കന്മാർ 18, 26. 28. ഐസയാസ് 36, 11-13 (യഹൂദീത്ത് = യഹൂദഭാഷ). ഐസയാസ് 19, 18 ഹോസയാ 12, 8 (ലാഷോൻ കെനആൻ, ഷെഫാത്ത് കെനആൻ= കനനേയഭാഷ).

(7) Cf. J. A. Bright: A History of Israel, Philadelphia, 1959 pp 81—82. A. Rolla: La Bibbia di fronte alle ultime scoperte, Roma, 1957 pp. 99—101. ഈ വസ്തുത ഇസ്രായേൽക്കാരുടെ വിശ്വാസപ്രമാണങ്ങളിൽപ്പോലും പ്രസ്താവിക്കപ്പെട്ടുന്നുണ്ട്.

(8) Cf. O. Grether. Op. cit. p. 13.

ഹീബ്രു ലിപി. വായനക്കാർക്ക് അറിയാമല്ലോ, B. C. 586—മുതൽ 538 വരെ ഇസ്രായേൽക്കാർ ബാബിലോണിൽ അടിമകളായി ജീവിച്ചുവെന്നു്. ബാബിലോണിയൻ അടിമത്തത്തിനുമുമ്പു്, അവർ ഫെനീഷ്യൻ ലിപി വിനിയോഗിച്ചിരുന്നു; എന്നാൽ അടിമത്തത്തിനു ശേഷം, അറമായിക്ക് ലിപി ഉപയോഗിക്കാൻ തുടങ്ങി. ഈ ലിപി കാലക്രമേണ ചതുരരൂപത്തിലായി. ഇങ്ങനെയുണ്ടായ ചതുരാക്ഷരമാല ഹീബ്രു ബൈബിളിന്റെ പുരാതനകയ്യെഴുത്തു പ്രതികളിൽ കാണാം. ഇതുതന്നെയാണു് മുദ്രണം ചെയ്യപ്പെട്ട ഹീബ്രു ബൈബിളിലും കാണുന്നതു് (9).

ഹീബ്രു അക്ഷരമാലയിൽ 22 അക്ഷരങ്ങളുണ്ടു്. അവ വ്യഞ്ജനങ്ങൾ മാത്രമാകുന്നു. ഓരോ അക്ഷരത്തിനും പ്രത്യേക പേരുണ്ടു്; ഓരോ പേരിനും പ്രത്യേകാർത്ഥവുമുണ്ടു്. പക്ഷേ എല്ലാ പ്പേരുകളുടെയും അർത്ഥം നിശ്ചയമില്ല. കൂടാതെ, അക്ഷരങ്ങളെല്ലാം പലപല സംഖ്യകളെ സൂചിപ്പിക്കുന്നുണ്ടു്. താഴെച്ചേർത്തിരിക്കുന്ന സംഗ്രഹം കാര്യം വിശദമാക്കും. ഹീബ്രുലി

---

(9) ഹീബ്രുബൈബിളിൽ കാണുന്ന ലിപിയുടെ പരിണാമചരിത്രം വളരെ നീണ്ടതാണു്; മാത്രമല്ല വളരെ സാങ്കേതികവുമാണു്. അതുകൊണ്ടു് കൂടുതലൊന്നും പറയുന്നില്ല. ആധുനിക ഹീബ്രു ഭാഷ ബിബ്ളിക്കൽ ലിപി തന്നെയാണു് ഉപയോഗിക്കുന്നതു്. ഹീബ്രു ലിപിയിലുള്ള ഏററവും പഴക്കമേറിയ രേഖ "നാഷ് പപയാസ്" എന്നപേരിൽ അറിയപ്പെടുന്ന ഒരു പപയാസ് ശകലമത്രെ; B. C. 2—ാം ശതാബ്ദത്തിൽ നിന്നു വരുന്നതാണു്. യേശുനാഥന്റെ കാലത്തെ ലിപിയിലുള്ള ധാരാളം രേഖകളും ഗ്രന്ഥങ്ങളും "കുംറാൻ" എന്ന സ്ഥലത്തുനിന്നു 1947—ൽ കണ്ടുപിടിക്കപ്പെട്ടു. ഇവ തന്നെ കേൾവികേട്ട Dead Sea Manuscripts. ഇവയിലെ ലിപിയും ഹീബ്രു വേദഗ്രന്ഥത്തിലെ ലിപിയും തമ്മിൽ പറയത്തക്കയാതൊരു വ്യത്യാസവുമില്ല.

പി സംഗ്രഹത്തിൽ ചേൎക്കുക സാദ്ധ്യമല്ല, കാരണം, അവയുടെ ടൈപ്പുകൾ കേരളത്തിലില്ല. (10)

| ക്രമം | അക്ഷരത്തിന്റെ പേരു് | പേരിന്റെ അൎത്ഥം | വ്യഞ്ജനം | സംഖ്യ |
|---|---|---|---|---|
| 1 | ആലെഫ് | കാള | അ് | 1 |
| 2 | ബത്ത് | വീട്ട് | ബ് | 2 |
| 3 | ഗീമൽ | ഒട്ടകം | ഗ് | 3 |
| 4 | ഡാലെത്ത് | കതക് | ഡ് | 4 |
| 5 | ഹെ | ഉൽഘോഷശബ്ദം | ഹ് | 5 |
| 6 | വാവ് | സൂചി | വ് | 6 |
| 7 | സായിൻ | ആയുധം | സ് (=z) | 7 |
| 8 | ഹേത്ത് | ജീവൻ | ഹ്(=kh) | 8 |
| 9 | റേറത്ത് | മണ്ണു് | ററ് | 9 |
| 10 | യോദ് | കൈ | യ് | 10 |
| 11 | കാഫ് | കൈപ്പത്തി | ക് | 20 |
| 12 | ലാമെദ് | പാഠം | ല് | 30 |
| 13 | മെം | ജലം | മ് | 40 |
| 14 | നൂൺ | മത്സ്യം | ന് | 50 |
| 15 | സാമെക് | അടിസ്ഥാനം | സ് (=S) | 60 |
| 16 | ആയിൻ | കണ്ണു് | അ് (കാണ്ഠ്യം) | 70 |
| 17 | പെ | വായു് | ഫ്, പ് | 80 |
| 18 | സാദെ | വശം | സ് = (ts, tz) | 90 |
| 19 | ഖോഫ് | കുരങ്ങ് | ഖ് (=q) | 100 |
| 20 | റെഷ് | തല | റ് | 200 |
| 21 | സിൻ, ഷിൻ | പല്ലു് | സ്, ഷ് | 300 |
| 22 | താവ് | കുരിശടയാളം | ഥ്, ത് | 400 |

(10) പട്ടികയിൽ ചില വ്യഞ്ജനങ്ങളുടെ ഉച്ചാരണം, ശാസ്ത്രീയമായ വിധത്തിൽ നോക്കിയാൽ, അത്ര ശരിയല്ല. കാരണം, ഈ വ്യഞ്ജനങ്ങൾ കുറിക്കുന്നശബ്ദങ്ങൾ മലയാളത്തിലില്ല! ഉദാഹരണമായിട്ട്, ഹേത്ത്, ആയിൻ, സാദെ മുതലായ അക്ഷരങ്ങൾക്കു് സെമിററിക്ക് ഭാഷകളിൽ മാത്രമുള്ള ചില ശബ്ദങ്ങളാണു്. ശരിയായ ഉച്ചാരണം കിട്ടാൻ, ശ്രവിക്കുക ആവശ്യമാണു്. യഹൂദന്മാർ ഹീബ്രു സംസാരിക്കുന്നതുകേട്ടിട്ടുവേണം, ഇവയുടെ ഉച്ചാരണം പഠിക്കാൻ. ഹീബ്രുവിൽ വ്യുല്പത്തിയുള്ള ക്രിസ്തീയ പണ്ഡിതന്മാരും ശരിയായ വിധത്തിൽ ഇവ ഉച്ചരിക്കും. ഉച്ചാരണശുദ്ധിയോടെ ഹീബ്രു വായിക്കുമ്പോൾ, കേൾക്കാൻ വളരെ

ഇതാ ഹീബ്രുവിലെ വ്യഞ്ജനമാത്രാക്ഷരമാല! പുരാതന ഇസ്രായേൽക്കാർ വ്യഞ്ജനങ്ങൾ മാത്രമെ എഴുതിയിരുന്നുള്ളു A.D. 500നുശേഷം മാത്രമാണ് സ്വരചിഹ്നങ്ങൾ പ്രചാരത്തിൽ വന്നതു്. അക്ഷരങ്ങളുടെ മുകളിലും താഴെയും സ്വരചിഹ്നങ്ങൾ ചേർക്കപ്പെടുന്നു (മലയാളത്തിലെപ്പോലെതന്നെ!). സ്വരങ്ങളുള്ളപ്പോൾ വായന വളരെ എളുപ്പമാണ്.

ഹീബ്രുവ്യാകരണ സംഗ്രഹം (11) ഹീബ്രുവ്യാകരണത്തിൻെറ ചില പ്രത്യേകതൾ, വായനക്കാരിൽ ഒട്ടുമിക്കവക്കും അപരിചിതമായ ചില സംഗതികൾ, ചൂണ്ടിക്കാണിക്കാനാണ് ഇവിടെ ശ്രമിക്കുന്നതു്. സമ്യക്കായ വിധത്തിൽ — ശാസ്ത്രീയരീതിയിൽ—ഹീബ്രു വ്യാകരണത്തെപ്പററി ഇവിടെ പ്രതിപാദിക്കുക സാധ്യമല്ല; അതിനു് ആവശ്യവുമില്ല.

---

ഭംഗിയുണ്ടു്. ഉച്ചാരണശുദ്ധിയുള്ള സുറിയാനി വായനകേട്ടാൽ മതി; ഹീബ്രുശബ്ദങ്ങൾ എങ്ങനെയിരിക്കുമെന്നു് കുറെയെല്ലാം മനസ്സിലാക്കാൻ സാധിക്കും.

(11) ഹീബ്രുവ്യാകരണഗവേഷണം വളരെ സാങ്കേതികമായ ഒരു ശാസ്ത്രമാണ്. ക്രൈസ്തവപണ്ഡിതന്മാർ ശാസ്ത്രീയമായ വിധത്തിൽ ഹീബ്രുവ്യാകരണപഠനം തുടങ്ങിയതു് 19-ാം ശതാബ്ദത്തിൻെറ ആരംഭദശയിൽ മാത്രമാണ്. ഇതിനുമുമ്പ് ധാരാളം ക്രൈസ്തവക്ക് ഹീബ്രു ഭാഷാജ്ഞാനം ഉണ്ടായിരുന്നു. ഒറിജനും സെയിൻറു് ജറോമും ആയിരുന്നു പുരാതന സഭയിലെ ഏററവും പ്രധാനപ്പെട്ട ഹീബ്രുപണ്ഡിതന്മാർ. 16-ാം ശതാബ്ദത്തിൽ പല ഹീബ്രു വ്യാകരണങ്ങൾ പ്രസിദ്ധീകൃതങ്ങളായി. ഇവയുടെ രചയിതാക്കളായ ക്രിസ്തീയ പണ്ഡിതന്മാർ യഹൂദന്മാരുടെ പുരാതന രീതിയാണ് ഉപയോഗിച്ചിരുന്നതു്. ഈ രീതി 19-ാം ശതാബ്ദാരംഭംവരെ നിലവിലിരുന്നു. ഇപ്പോൾ ഹീബ്രു വ്യാകരണശാസ്ത്രം വളരെ പരിപൂർണ്ണമായിട്ടുണ്ടു്; വായനക്കാക്ക് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ വ്യാകരണഗ്രന്ഥങ്ങളുമായി പരിചയമുണ്ടല്ലൊ. പക്ഷേ ശാസ്ത്രീയ വ്യാകരണങ്ങൾ ഇവപോലെയാണെന്നു് സങ്കല്പിക്കരുതു്! ഇവയ്ക്കു് ശാസ്ത്രീയ വ്യാകരണങ്ങൾ എന്ന പേരിനു് അർഹതയില്ല!

മലയാളത്തിലുള്ളതുപോലെ, നാമം, ക്രിയ, സർവ്വനാമം, വിശേഷണം മുതലായ ശബ്ദവിഭാഗങ്ങൾ ഹീബ്രുവിലുമുണ്ട്. പക്ഷേ ഹീബ്രുവിൽ ഈ വിഭാഗങ്ങൾക്കു്, നമ്മുടെ മാതൃഭാഷയിലില്ലാത്ത ചില വിശേഷങ്ങളുണ്ട്. ഇവയിൽ ചിലതെല്ലാം രേഖപ്പെടുത്തുന്നു.

നാമം, വിശേഷണം. സെമിററിക്ക് ഭാഷകളിൽ രണ്ടു ലിംഗങ്ങളേയുള്ളു: പുല്ലിംഗം, സ്ത്രീലിംഗം. നാമങ്ങളുടെയും വിശേഷണങ്ങളുടെയും അവസാനഭാഗത്തിൽ നിന്നു് ഒട്ടുമിക്കപ്പോഴും ലിംഗം വ്യക്തമായിരിക്കും. മൂന്നു വചനങ്ങളുണ്ട്. ഏകവചനം, ദ്വിവചനം, ബഹുവചനം. ദ്വിവചനം ചുരുക്കമായിട്ടേ ഉപയോഗിക്കാറുള്ളൂ. കണ്ണുകൾ, കൈകൾ എന്നിങ്ങനെ ജോഡിയായി നില്ക്കുന്ന വസ്തുക്കളെ പരാമർശിച്ചു സംസാരിക്കുമ്പോൾ മാത്രം ദ്വിവചനം വിനിയോഗിച്ചാൽ മതി.

നാമങ്ങൾക്കും വിശേഷണങ്ങൾക്കും "അവസ്ഥകൾ" എന്നൊരു ഗുണമുണ്ട്. അവസ്ഥകൾ രണ്ടത്രെ; സംബന്ധരഹിതാവസ്ഥ, സംബന്ധാവസ്ഥ. നാമവും വിശേഷണവും മററു നാമങ്ങളോടും വിശേഷണങ്ങളോടും ബന്ധമില്ലാതെ തനിച്ചു നില്ക്കുമ്പോൾ സംബന്ധരഹിതാവസ്ഥയിലാണ്. മററുനാമങ്ങളോടും വിശേഷണങ്ങളോടും സംയോജിച്ചു നില്ക്കുമ്പോൾ സംബന്ധാവസ്ഥയിലും (12)

നിഘണ്ടുവിൽ നാമങ്ങളും വിശേഷണങ്ങളും സംബന്ധരഹിതസ്ഥിതിയിൽ കിടക്കുന്നു. ഈ സ്ഥിതിയിൽ നിന്നു് മറേറസ്ഥിതിയിലേയ്ക്കു മാറുമ്പോൾ പദങ്ങൾക്കു് സ്വരഭേദവും രൂപഭേദവും സംഭവിക്കും. ഇതാ, പറഞ്ഞകാര്യം സ്പഷ്ടമാക്കുന്ന ഉദാഹരണങ്ങൾ! ആദ്യമായി, സ്വരഭേദം. "ഡാബാർ" പുല്ലിംഗനാമം: അർത്ഥം, വാക്കു്. ഇപ്പോൾ മറെറാരു പദത്തോടും ബന്ധമില്ലാതെ നില്ക്കുന്നു; അതെ, സംബന്ധരഹിതാവസ്ഥയിൽ. "രാജാവിൻെറ വാക്കു്" എന്നു പറയണമെന്നു സങ്കല്പിക്കുക; അപ്പോൾ നമ്മുടെ പദത്തിനു മറെറാരുപദവുമായി ബ

---

(12) ഇംഗ്ലീഷിൽ ഈ അവസ്ഥകൾക്കു് absolute state, construct state എന്നു പറയും; ലാററിനിൽ status absolutus, status Constructus എന്നും പറയും.

ന്ധമുണ്ടാകും, ഉടനെ സ്വരഭേദവുംവരും. "ഡാബാർ" ഡെബാർ ആകും! വ്യഞ്ജനങ്ങൾ അതേപടി നില്ക്കുന്നു: മാററം പററുന്നതു് സ്വരങ്ങൾക്കുമാത്രമാണ്. ഇങ്ങനെ "രാജാവിൻെറ വാക്കു" ഹീബ്രൂഭാഷയിൽ "ഡെബാർ— മേലെക്" എന്നാകും. അടുത്തതായി രൂപഭേദവും സ്വരഭേദവും. "മെർകബാ"— സ്ത്രീലിംഗനാമം; അർത്ഥം, രഥം. മററുപദങ്ങളുമായി ഇപ്പോൾ യാതൊരു ബന്ധവുമില്ല. "രാജാവിൻെറ രഥം" എന്നു പറയണമെന്നിരിക്കട്ടെ. ഉടനെ പദത്തിൻെറ രൂപത്തിനും സ്വരങ്ങൾക്കും മാററം വരും. "മെർകബാ" "മിർകെബേത്ത്" ആകും. ഇതിൻെറ ഫലമായി "രാജാവിൻെറ രഥം" ഹീബ്രൂവിൽ "മിർകെബേത്ത്— മേലെക്" എന്നാകും.

ഇമ്മാതിരി അവസ്ഥയുടെ മാററം, ദ്വിവചനവും ബഹുവചനവും നിർമ്മിക്കുന്ന നേരത്തും നടക്കും. ഉദാഹരണമായിട്ടു് "ഡാബാർ" എന്ന പുല്ലിംഗനാമത്തിൻെറ ബഹുവചനം "ഡെബറീം" എന്നാകുന്നു. "മെർകബാ"യുടെ ബഹുവചനരൂപം "മർകബോത്ത്" എന്നായിരിക്കും.

(2) സർവനാമപ്രത്യയങ്ങൾ. മലയാളം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ, എൻെറ, ഞങ്ങളുടെ, നിൻെറ, നിങ്ങളുടെ, മുതലായ സർവനാമങ്ങളുണ്ടല്ലോ. ഉടമയുടെ കാര്യം ആവിഷ്കരിക്കാൻ ഇവ ഉപയുക്തങ്ങളാകുന്നു. ഹീബ്രൂഭാഷയിൽ ഞാൻ, ഞങ്ങൾ, നീ, നിങ്ങൾ മുതലായ സർവനാമങ്ങളുണ്ടു്; പക്ഷേ, എൻെറ, ഞങ്ങളുടെ എന്നിങ്ങനെയുള്ള സർവനാമ രൂപങ്ങൾ — ഒരു വ്യത്യസ്ഥ പദമായി നിന്നു് നാമത്തെ വിശേഷിപ്പിക്കുകയും, ഉടമയുടെ കാര്യം വെളിപ്പെടുത്തുകയും ചെയ്യുന്ന സർവ്വനാമരൂപങ്ങൾ—ഹീബ്രൂവിലില്ല! അവയ്ക്കുപകരം സർവ്വനാമപ്രത്യയങ്ങളുണ്ടു്. ഇവ പദങ്ങളോടു സംയോജിപ്പിച്ചിട്ടുവേണം ഉടമ സൂചിപ്പിക്കാൻ. ഉദാഹരണമായിട്ടു് എൻെറ വാക്കു് (മലയാളത്തിൽ രണ്ടു വ്യത്യസ്തപദങ്ങൾ!) =ഹീബ്രൂവിൽ, "ഡെബാറി" (ഡെബാർ + "ഇ" എന്ന ഉത്തമപുരുഷൻെറ സർവ്വനാമപ്രത്യയം). അവൻെറ വാക്കു് = "ഡെബാറോ" (ഡെബാർ + "ഓ" എന്ന പ്രഥമപുരുഷൻെറ സർവനാമ പ്രത്യയം, പുല്ലിംഗം) അവളുടെ വക്കു് ="ഡെബാറാഹ്" (ഡെബാർ + "ആഹ്"

എന്ന പ്രഥമപുരുഷന്റെ സർവ്വനാമപ്രത്യയം, സ്ത്രീലിംഗം). ഇവിടെ ഉദ്ധരിച്ച ഉദാഹരണങ്ങളിൽ, ഇ, ഓ, ആഹ്''' എന്ന പദശകലങ്ങൾ സർവ്വനാമ പ്രത്യയങ്ങളാകുന്നു. പ്രത്യയങ്ങൾ ചേക്കുന്നതിനുമുമ്പ് പദങ്ങളുടെ അവസ്ഥ മാററണം.

(3) ക്രിയ. ക്രിയയെ സംബന്ധിച്ചിടത്തോളം, സെമിററിക്ക് ഭാഷകൾ നമ്മുടെ ഭാഷകളിൽ നിന്ന് വളരെ വ്യത്യസ്തങ്ങളാണ്. ഏററവും പ്രധാനപ്പെട്ട രണ്ടു വ്യത്യാസങ്ങൾമാത്രമേ ഇവിടെ പ്രതിപാദനത്തിന് വിഷയമാകുന്നുള്ളു.

നമ്മുടെ ഭാഷകളിലെല്ലാം ക്രിയകൾ കാലം സൂചിപ്പിക്കുന്നു—വത്തമാനം, ഭൂതം, ഭാവി എന്നിങ്ങനെ മൂന്നു കാലങ്ങൾ. കാലങ്ങളുടെ പ്രത്യേക ജോലി സമയവ്യത്യാസം ദ്യോതിപ്പിക്കുകയത്രെ. സെമിററിക്ക് ഭാഷകളിൽ ഇത്തരം കാലങ്ങളില്ല! സെമിററിക്ക് ക്രിയകൾ കാലഭേദം കുറിക്കുന്നേയില്ല! പിന്നെയെന്താണ് ക്രിയ സൂചിപ്പിക്കുന്നതു്? സെമിററിക്ക് ക്രിയ ചൂണ്ടിക്കാണിക്കുന്നതു് പ്രവൃത്തിയുടെ ഒരവസ്ഥ മാത്രം, അതെ, ക്രിയ വിവരിക്കുന്ന പ്രവൃത്തിയുടെ ഒരു സ്ഥിതി മാത്രം! പ്രവൃത്തി ഒന്നുകിൽ നടന്നു കഴിഞ്ഞിരിക്കും, സമാപ്തമായിരിക്കും; അല്ലെങ്കിൽ, കഴിഞ്ഞില്ലായിരിക്കും, അസമാപ്തമായിരിക്കും. പ്രവൃത്തിയുടെ സമാപ്തവശം കുറിക്കുന്ന ക്രിയാരൂപത്തിന്, വ്യാകരണകത്താക്കൾ "പൂർണ്ണം" എന്ന പേരു നല്കിയിട്ടുണ്ടു്; അസമാപ്തവശം കുറിക്കുന്ന ക്രിയാരൂപത്തിന്, "അപൂർണ്ണം" എന്നുമാണ് അവർ ഇട്ടിരിക്കുന്ന പേരു്. ഇംഗ്ലീഷിൽ Perfect, imperfect എന്നു പറയും; പക്ഷേ ഇംഗ്ലീഷിലെ Perfect, imperfect എന്ന ക്രിയാരൂപങ്ങളുമായി, ഈ സംജ്ഞകൾക്കു് യാതൊരു ബന്ധവുമില്ല; അത്ഥം പൂർണ്ണം (സമാപ്തം), അപൂർണ്ണം (അസമാപ്തം) എന്നു മാത്രമാകുന്നു. (13).

---

(13) ക്രിയകളുടെ ഈ പ്രത്യേകത ബൈബിൾ വിവത്തനജോലി വളരെ വിഷമമുള്ളതാക്കുന്നു. നമ്മുടെ ഭാഷകളിൽ കാലമുണ്ടു്; ക്രിയ സമയഭേദം കുറിക്കുന്നു. പ്രവൃത്തിയുടെ പൂർണ്ണാപൂർണ്ണാവസ്ഥകൾ ചൂണ്ടിക്കാണിക്കുന്ന ക്രിയകൾ, കാലഭേദം സൂചിപ്പിക്കുന്ന ക്രിയകൾ മാത്രമുള്ള ഭാഷകളിലേയ്ക്കു് എങ്ങനെ ശരിയായിട്ടു തർജ്ജമ ചെയ്യാൻ സാധിക്കും? ഇതാണ്, ഹീബ്രൂമൂലം വിവത്തനം ചെയ്യാൻ ഒരുമ്പെടുന്നവരുടെ ഏററവും പ്രധാനപ്പെട്ട പ്രശ്നം!

ഉദാഹരണമായിട്ട്, "വധിക്കുക" എന്ന ക്രിയയെടുക്കാം. വധിച്ചു, വധിക്കപ്പെട്ടു, വധം നടന്നു, വധം കഴിഞ്ഞു, വധിപ്പിച്ചു, വധിപ്പിക്കപ്പെട്ടു, എന്നെല്ലാം പറയുമ്പോൾ, പൂർണ്ണമായ ഒരു പ്രവൃത്തിയുടെ കാര്യമാണ് ക്രിയ കുറിക്കുന്നത്. ഈ രൂപം തന്നെ ഹീബ്രുവിലെ "പൂർണ്ണം." വധിക്കുന്നു, വധം നടക്കുന്നു, വധിക്കും, വധിക്കാൻ ഉദ്ദേശിക്കുന്നു, വധിച്ചേക്കാം, എന്നും മററുമെല്ലാം പ്രസ്താവിക്കുമ്പോൾ, പ്രവൃത്തി അപൂർണ്ണമാണ്; പ്രവൃത്തി സമാപിച്ചിട്ടില്ല. പ്രവൃത്തിയുടെ ഈ വശത്തെ ചൂണ്ടിക്കാണിക്കുന്ന ഹീബ്രു ക്രിയാരൂപം തന്നെ "അപൂർണ്ണം." ചുരുക്കത്തിൽ, സെമിററിക്ക് ഭാഷയായ ഹീബ്രുവിൽ പൂർണ്ണം, അപൂർണ്ണം, എന്ന രണ്ടു ക്രിയാരൂപങ്ങളുണ്ട്. അവ കാലഭേദം സൂചിപ്പിക്കുന്നില്ല; പകരം, പ്രവൃത്തിയുടെ പൂർണ്ണാപൂർണ്ണാവസ്ഥകളെ കുറിക്കുന്നു!

ഇനി മറെറാരു പ്രത്യേകതകൂടെ സ്മർത്തവ്യമാണ്. ക്രിയ കുറിക്കുന്ന പ്രവൃത്തിക്ക് പല വശങ്ങൾ കാണും. വധിക്കുകയെന്ന ക്രിയയെടുക്കാം. ക്രൂരമായ വിധത്തിൽ വധിച്ചു—ഇവിടെ വധമെന്ന പ്രവൃത്തിയുടെ തീവ്രതയാണ് ക്രിയ കുറിക്കുന്നത്. വധിപ്പിച്ചു, വധിക്കാൻ പ്രേരിപ്പിച്ചു, എന്നെല്ലാം പറയുമ്പോൾ, ശ്രദ്ധ പതിയുന്നത് പ്രവൃത്തിയുടെ കാരണവശത്താണ്. തന്നെത്തന്നെ വധിച്ചു, എന്നു പ്രസ്താവിക്കുമ്പോൾ, വധമെന്ന പ്രവൃത്തി പരാമർശിക്കുന്നത് കർത്താവിനെത്തന്നെയാണ്. ഇവിടെ ഉദ്ധരിച്ച ഉദാഹരണങ്ങളെല്ലാം വധമെന്ന പ്രവൃത്തിയുടെ വിവിധ വശങ്ങളെ—ക്രിയയുടെ വിവിധ വശങ്ങളെ—സൂചിപ്പിക്കുന്നു. ഇമ്മാതിരി വശങ്ങൾ കുറിക്കാൻ, സെമിററിക്ക് ഭാഷകളിൽ ക്രിയാധാതുക്കളെ കുറെയെല്ലാം ഭേദപ്പെടുത്തിയാൽ മതി! ഉദാഹരണമായിട്ട്, തീവ്രത സൂചിപ്പിക്കാൻ, ത്രിവർണ്ണ ക്രിയാധാതുവിന്റെ രണ്ടാംവർണ്ണം ഇരട്ടിച്ചാൽ മതി. ചില പ്രത്യയങ്ങൾ ധാതുവിന്റെ മുമ്പിൽ ചേർക്കുക; ചിലപ്പോൾ പ്രത്യയങ്ങൾ ധാതുവിന്റെ നടുവിലും ചേർക്കണം; അപ്പോൾ മററുള്ള വശങ്ങളും പ്രസ്പഷ്ടങ്ങളാകും. ഇപ്രകാരമുണ്ടാകുന്ന ക്രിയാരൂപങ്ങളിൽ കർമ്മണിപ്രയോഗവും കർത്തരിപ്രയോഗവും സാധ്യങ്ങളാണ്; വധിച്ചു, വധിക്കപ്പെട്ടു, വധിപ്പിച്ചു, വധിപ്പിക്കപ്പെട്ടു എന്നെല്ലാം പറയാൻ സാധിക്കുമല്ലോ. ഈ വശങ്ങളും സെമിററിക്ക് ക്രിയയിൽ തെളിഞ്ഞു കാ

ണാം. ചുരുക്കത്തിൽ, ക്രിയാധാതുവിനു് ചില ഭേദഗതികൾ വരുത്തിയാൽ മതി, ക്രിയ കുറിക്കുന്ന വിവിധ വശങ്ങൾ ആവിഷ്കരിക്കാൻ സാധിക്കും. ഈ ഭേദഗതികളനുസരിച്ചു് ക്രിയാധാതുവിനു് പലപല രൂപങ്ങൾ കൈവരും. ഇപ്രകാരമുണ്ടാകുന്ന വിവിധ ക്രിയാരൂപങ്ങൾക്കു് Conjugations എന്നു പേരുണ്ടു്. പക്ഷേ ഈ പേരു് അത്ര ശരിയല്ല. കാരണം, ഗ്രീക്കു്, ലാററിൻ, സംസ്കൃതം മുതലായ ആര്യഭാഷകളിലെ Conjugations പോലെയല്ല സെമിററിക്കു് ക്രിയകളുടെ വിവിധ രൂപങ്ങൾ (14).

ഹീബ്രുഭാഷയിൽ ഒരു ക്രിയക്കു് സാധാരണയായി ഏഴു രൂപങ്ങളുണ്ടു് (15). അവയുടെ പട്ടിക ഇതാ!

(1) ഖാൽ—ക്രിയയുടെ ലളിത രൂപം. വെറും പ്രവൃത്തി തന്നെ ഈ രൂപത്തിൻെറ വിവക്ഷ.

(2) നിഫാൽ—ലളിതരൂപത്തിൻെറ കർമ്മണിരൂപം; കൂടാതെ, reflexive വിവക്ഷയുണ്ടു്.

(3) പിയ്യേൽ—പ്രവൃത്തിയുടെ തീവ്രത കുറിക്കുന്ന രൂപം.

(4) പുവ്വാൽ—പിയ്യേൽ രൂപത്തിൻെറ കർമ്മണിപ്രയോഗം,

(5) ഹിഫീൽ—കാരണവശം സൂചിപ്പിക്കുന്ന രൂപം.

(6) ഹൊഫാൽ—ഹിഫീൽരൂപത്തിന്റെ കർമ്മണിപ്രയോഗം.

(7) ഹിത്ത്പയ്യേൽ—പ്രവൃത്തി കർത്താവിനെത്തന്നെ ബാധിക്കുമ്പോൾ ഉപയോഗിക്കുന്ന രൂപം.

---

(14) Cf. O. Grether: Op. cit., pp. 81–82. P. Jouon: Op. cit., pp. 92—94.

(15) അറബിഭാഷയിലാണെങ്കിൽ, ലളിതരൂപത്തിനു പുറമെ, 14 രൂപങ്ങൾ കൂടെയുണ്ടു്; ഇങ്ങനെ ഒരു ക്രിയക്കു് ആകെ 15 രൂപങ്ങൾ! Cf. G. Thatcher: Arabic Grammar of the Written Language, pp. 94–95. അക്കേഡിയൻഭാഷയിലാകട്ടെ, 32 രൂപങ്ങൾ പോലുണ്ടു്. പക്ഷേ 16 രൂപങ്ങൾ മാത്രമേ സാധാരണയായി ഉപയോഗിക്കാറുള്ളൂ. Cf. A. Ungnad: Grammatik des Akkadischen, p. 34.

"വധിക്കുക" എന്ന ക്രിയ ഹീബ്രുവിൽ "ഖററാൽ" (Qatal) എന്നാകുന്നു. ത്രിവ്യഞ്ജനം ധാതുവാണ്; ഖ്, ററ്, ല് എന്നീ മൂന്നു വർണ്ണങ്ങൾ മാത്രമുണ്ട്. ഈ ധാതുവിന്റെ ഏഴു രൂപങ്ങൾ ഇവിടെ ചേർക്കുന്നു (16)

(1) ഖാൽ—ഖാറാൽ = വധിച്ചു.

(2) നിഫാൽ— നിഖ്റാൽ = വധിക്കപ്പെട്ടു; തന്നെത്തന്നെ വധിച്ചു.

(3) പിയ്യേൽ—ഖിററ്റേൽ = ക്രൂരമായ വിധത്തിൽ വധിച്ചു.

(4) പുവ്വാൽ — ഖുററ്റാൽ = ക്രൂരമായ വിധത്തിൽ വധിക്കപ്പെട്ടു.

(5) ഹിഫീൽ —ഹിഖ്റീൽ = വധിപ്പിച്ചു: വധിക്കാൻ പ്രേരിപ്പിച്ചു

(6) ഹൊഫാൻ — ഹൊഖ്റാൻ=വധിക്കപ്പെട്ടു; വധിക്കാൻ പ്രേരിപ്പിക്കപ്പെട്ടു.

(7) ഹിത്ത് പയ്യേൽ—ഹത്ത്ഖററ്റേൽ = തന്നെത്തന്നെ വധിച്ചു.

ഈ ഏഴുരൂപങ്ങൾക്കെല്ലാം പൂർണ്ണാപൂർണ്ണാവസ്ഥകളുണ്ട്. മേലുള്ള പട്ടികയിൽ പ്രഥമപുരുഷന്റെ പുല്ലിംഗരൂപം മാത്രമെ കാണിച്ചിട്ടുള്ളു. "ഖാറാൽ" എന്ന "ഖാൽ" ക്രിയയുടെ ഇരുഅവസ്ഥകളും, ഓരോ അവസ്ഥയിയിലുമുള്ള വിവിധ പുരുഷന്മാരുടെ രൂപങ്ങളും ഇവിടെ പട്ടികരൂപത്തിൽ ചേർക്കുന്നു. (17)

---

(16) വധിക്കുക (ഖററാൽ) എന്ന ക്രിയ ശുദ്ധക്ലാസിക്കൽ ഹീബ്രുവല്ല; എങ്കിലും വ്യാകരണകർത്താക്കൾ രൂപങ്ങൾ നിർമ്മിക്കാൻ ഈ ക്രിയ ഉപയോഗിക്കുന്നു ഇതിനു കാരണമുണ്ട്. ഖ്ററ് ല് എന്ന ത്രിവർണ്ണധാതുവിനു സാധിക്കും ക്രിയയുടെ എല്ലാ സാധ്യരൂപങ്ങളെയും ചൂണ്ടിക്കാണിക്കാൻ. ഇപ്രകാരമുള്ള ഹീബ്രു ധാതുക്കൾ വളരെ ദുർലഭമാണ്.

(17) പട്ടികയിൽ അർത്ഥങ്ങളെല്ലാം ചേർക്കുകസാധ്യമല്ല. ഒരർത്ഥം മാത്രമെ ചേർത്തിട്ടുള്ളു. സാധ്യങ്ങളായ വിവിധാർത്ഥങ്ങൾ സന്ദർഭമനുസരിച്ച് ഹീബ്രു മൂലം വായിക്കുന്നവർ മനസ്സിലാക്കണം. മുന്നൊരുഖണ്ഡികയിൽ പലപല അർത്ഥങ്ങൾ ചൂണ്ടിക്കാണിച്ചല്ലൊ.

ഖാൽ പൂൎണ്ണം (perfect)

| പുരുഷൻ | ഏകവചനം | ബഹുവചനം |
|---|---|---|
| പ്രഥമപുരുഷൻ, പുല്ലിംഗം | ഖാററാൽ = അവൻ വധിച്ചു | ഖാറെറലൂ = അവർ വധിച്ചു |
| ,, ,, സ്ത്രീലിംഗം | ഖാറെറലാ = അവൾ ,, | ഖാറെറലൂ = അവർ- (സ്ത്രീകൾ) വധിച്ചു |
| മദ്ധ്യമപുരുഷൻ, പുല്ലിംഗം. | ഖാററാൽത്താ = നീ ,, | ഖെററാൽത്തേം = നിങ്ങൾ വധിച്ചു |
| ,, സ്ത്രീലിംഗം | ഖാററാൽത്ത് = നീ ,, | ഖെററാൽത്തേൻ = നിങ്ങൾ വധിച്ചു |
| ഉത്തമപുരുഷൻ, സാധാരണലിംഗം. | ഖാററാൽത്തീ = ഞാൻ വധിച്ചു | ഖാററാൽനൂ = ഞങ്ങൾ വധിച്ചു |

ഖാൽ അപൂൎണ്ണം (imperfect)

| പുരുഷൻ | ഏകവചനം | ബഹുവചനം |
|---|---|---|
| പ്രഥമപുരുഷൻ, പുല്ലിംഗം. | യിഖ്റേറാൽ = അവൻ വധിക്കും | യിഖ്റെറലൂ = അവർ വധിക്കും |
| ,, ,, സ്ത്രീലിംഗം | തിഖ്റേറാൽ = അവൾ വധിക്കും | തിഖ്റെറാൽനാ = അവർ വധിക്കും |
| മദ്ധ്യമപുരുഷൻ, പുല്ലിംഗം | തിഖ്റേറാൽ = നീ ,, | തിഖ്റെറലൂ = നിങ്ങൾ വധിക്കും |
| ,, ,, സ്ത്രീലിംഗം | തിഖ്റെറലീ = നീ ,, | തിഖ്റെറാൽനാ = നിങ്ങൾ വധിക്കും |
| ഉത്തമപുരുഷൻ, സാധാരണലിംഗം | എഖ്റേറാൽ = ഞാൻ വധിക്കും | തിഖ്റേറാൽ = ഞങ്ങൾ വധിക്കും |

ക്രിയയുടെ ഖാൽരൂപത്തിനു് കേവലധാതുരൂപം(infinitive) കൃതന്തം (Participle), നിയോജകപ്രകാരം (imperative mood) എന്ന വിഭാഗങ്ങളുമുണ്ടു്. ഓരോ വിഭാഗത്തിലും ലിംഗവ്യത്യാസം സൂചനയ്ക്കു വിഷയമാകുന്നു: കൂടാതെ, കൎത്തരിപ്രയോഗവും കൎമ്മണിപ്രയോഗവും ഒട്ടുമിക്കപ്പോഴുമുണ്ടു്.

നിഫാൽ, പിയ്യേൽ; മുതലായ ക്രിയാരൂപങ്ങൾക്കുമുണ്ടു് പൂൎണ്ണാപൂൎണ്ണാവസ്ഥകളും, കേവലധാതു, കൃതന്തം എന്ന വിഭാഗങ്ങളും. നിയോജനപ്രകാരം പുവ്വാൽ, ഹൊഫാൽ എന്ന രണ്ടു ക്രിയാരൂപങ്ങളിൽ സാധ്യമല്ല. മററുള്ള രൂപങ്ങൾക്കെല്ലാം നിയോജനപ്രകാരമുണ്ടു്.

ലേഖനത്തിൽ ചേർത്തിരിക്കുന്ന വ്യാകരണസംഗ്രഹത്തിൽ നിന്നു്, ഹീബ്രുഭാഷയുടെ ഗുണവിശേഷങ്ങൾ വായനക്കാർക്കു വ്യക്തമായെന്നു വിശ്വസിക്കുന്നു. ഇനി ഹീബ്രുഭാഷയുടെ ചരിത്രം ചുരുക്കത്തിൽ പരിശോധിക്കാം. ചരിത്രസംഗ്രഹം പഴയനിയമത്തെ ആസ്പദമാക്കിയിരിക്കും;എന്നു വച്ചാൽ,ബിബ്ളിക്കൽ ഹീബ്രുവിൻെറ ചരിത്രം മാത്രമെ ഇവിടെ പ്രതിപാദന വിഷയമാകുന്നുള്ളു. (18)

ഹീബ്രുഭാഷാചരിത്രം. ഹീബ്രു ആദ്യകാലത്തു് സംസാരഭാഷ മാത്രമായിരുന്നു; പക്ഷേ കാലക്രമേണ സാഹിത്യഭാഷയായി. ഇങ്ങനെ വാമൊഴി വരമൊഴിയായി പരിണമിച്ചു. പലസ്തീനായിൽസ്ഥിരതാമസമുറപ്പിച്ചതിനു ശേഷം,ഇസ്രായേൽക്കാർ ഹീബ്രുവരമൊഴി വിനിയോഗിച്ചിരുന്നു; പക്ഷേ വളരെ ദുർലഭമായിട്ടുമാത്രം. ദാവീദ് (B. C. 1010-970) സോളമൻ (B. C 970—930) എന്നീരാജാക്കന്മാരുടെ കാലത്തു മാത്രമാണു്, ഹീബ്രു സാഹിത്യം ജനിച്ചതു്; വേറൊരു വിധത്തിൽ കാര്യം പറയാം: ഹീബ്രുബൈബിളിൻെറ ഏറ്റവും പുരാതനഭാഗങ്ങൾ വിരചിതങ്ങളായി.

സോളമൻെറ മരണത്തിനുശേഷം, ഇസ്രായേൽ രാജ്യം ശിഥിലമായി; ദാവീദ് സ്ഥാപിച്ച ഏകരാജ്യത്തിൻെറ സ്ഥാനത്തു് രണ്ടു രാജ്യങ്ങൾ—ഇസ്രായേൽ എന്ന അപരനാമമുള്ള വടക്കൻ രാജ്യവും യൂദാ എന്നപേരിൽ അറിയപ്പെടുന്ന തെക്കൻ രാജ്യവും ഉണ്ടായി. വടക്കും തെക്കും സാഹിത്യപരിശ്രമങ്ങൾ നടന്നുപോ

(18) ഹീബ്രുബൈബിളിൻെറ ചരിത്രമല്ല നമ്മുടെ പ്രതിപാദനവിഷയം, പ്രസ്തുത ഭാഷയുടെ, അതെ, ബൈബിളിലെ ഭാഷയുടെ വളർച്ച, മരണം മുതലായ സംഗതികളാണു് ലേഖനത്തിൽ ഉദ്ദേശിക്കുന്നതു്. പഴയനിയമകാലത്തിനുശേഷവും യഹൂദഗ്രന്ഥകാരന്മാർ ഹീബ്രു വിനിയോഗിച്ചിരുന്നു: അവരുടെ ഭാഷസാധാരണയായി "പോസ്റ്റ് ബിബ്ളിക്കൽ ഹീബ്രു" എന്ന പേരിലത്രെ അറിയപ്പെടുന്നതു്. ഇതും ലേഖനത്തിൽ പ്രതിപാദനവിഷയമാകുന്നില്ല. ആധുനികഹീബ്രുവിനെപ്പററിയും ഒന്നും പറയുന്നില്ല. ഹീബ്രുബൈബിളിൻെറ ഉത്ഭവം, വളർച്ച, ഇപ്പോഴുള്ള രൂപം എന്നീ സംഗതികളെപ്പററി Cf. P. Grelot La formation de l' Ancien Testament, in Introduction a La Bible, Vol, I Paris 1957 pp. 785-833.

ന്നു. ഇതിൻെറ ഫലമായി, ഹീബ്രുസാഹിത്യം വളരാനും പുഷ്ടി പ്രാപിക്കാനും തുടങ്ങി. ഒൻപതു്, എട്ടു്, ഏഴ് എന്നീശതാബ്ദങ്ങളാണു് ഹീബ്രുഭാഷയുടെ "ക്ലാസിക്കൽ" കാലം. B. C. 586—ൽ, ബാബിലോണിയൻ അടിമത്തം തുടങ്ങി; ഇതോടെ ഹീബ്രുഭാഷയുടെ അധോഗതിയും ആരംഭിച്ചു.

ബാബിലോണിലെ അനുദിനഭാഷ അറമായിക്കു് ആയിരുന്നു. നാട്ടുകടത്തപ്പെട്ട യഹൂദന്മാർ ഈ ഭാഷ സംസാരിക്കാൻ തുടങ്ങി. ഇതിൻെറ ഫലമെന്തായിരുന്നു? കാലക്രമേണ, ഹീബ്രുഭാഷ മൃതിയടഞ്ഞു! B. C. 538-ൽ അടിമത്തം അവസാനിച്ചു. അപ്പോഴേക്കും വളരെപ്പേൎക്കു് ഹീബ്രുഭാഷാജ്ഞാനം ഇല്ലാതായി! പലസ്തീനായിൽ തിരിച്ചെത്തിയശേഷവും, ഇക്കൂട്ടർ അറമായിക്കു് വിനിയോഗിച്ചുപോന്നു (19). ചുരുക്കം ചിലർ മാത്രം—പുരോഹിതന്മാർ, പണ്ഡിതന്മാർ, വിജ്ഞാനികൾ, ശാസ്ത്രികൾ മുതലായവർ മാത്രം — ഹീബ്രുഭാഷ മറന്നില്ല. ഇവരുടെ ഇടയിൽ മാത്രം വിശുദ്ധഭാഷയായ ഹീബ്രു പ്രചുരിതമായിരുന്നു. ഇവരത്രെ, ബാബിലോണിയൻ അടിമത്തത്തിനുശേഷം, ഹീബ്രുസാഹിത്യത്തെ പോഷിപ്പിച്ചുകൊണ്ടുപോന്നതു്. ഇക്കൂട്ടർ പല ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. ഈ ഗ്രന്ഥങ്ങൾക്കു് "ക്ലാസിക്കൽ" കാലത്തെ ഗ്രന്ഥങ്ങളോളം മെച്ചമില്ല. കാരണം സ്പഷ്ടമാണല്ലൊ.

ക്രിസ്തുനാഥൻെറ കാലമായപ്പോൾ, ഹീബ്രു മൃതഭാഷയായിരുന്നു; സാഹിത്യപരിശ്രമങ്ങളും പണ്ടേതന്നെ അവസാനിച്ചിരുന്നു.

ഹീബ്രുബൈബിൾ. ഉദ്ദേശം B. C. 1200-നും B. C. 150-നും മദ്ധ്യേ യഹൂദന്മാർ നടത്തിയ സാഹിത്യപരിശ്രമങ്ങളുടെ ഫലമാണു് ഇപ്പോഴുള്ള ഹീബ്രുബൈബിൾ. ബൈബിൾ സാഹിത്യഗ്രന്ഥം മാത്രമല്ല, പ്രത്യുത ഈശ്വരനിവേശിതമായ ദിവ്യഗ്രന്ഥവും കൂടെയാണു്. ഈ സംഗതി വായനക്കാരോടു് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലൊ. ഇവിടെ ഹീബ്രുബൈബിളിനെപ്പററി ചുരുക്കം ചില വസ്തുതകൾ രേഖപ്പെടുത്തുന്നു (19).

(19) കതിരൊളിയുടെ ബഹുമാനപ്പെട്ട പത്രാധിപർ ഈശ്വരനിവേശനം മുതലായ വിഷയങ്ങളെപ്പററി ഒരു പ്രത്യേക ലേഖനപരമ്പര ആരംഭിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം ശാസ്ത്രീയമായവിധത്തിൽ, തത്വശാസ്ത്രപരവും

ഹീബ്രു വേദപുസ്തകത്തിനു് മൂന്നു ഭാഗങ്ങളുണ്ടു്. ഇവയുടെ സംജ്ഞകളാകുന്ന, തോറാ (നിയമം), നെബിയീം (പ്രവാചകന്മാർ) കെത്തുബീം. (ലിഖിതങ്ങൾ). ഈമൂന്നു സംജ്ഞകളും തനിഹീബ്രു വാക്കുകൾതന്നെ; അവയുടെ അർത്ഥങ്ങളാണു് വലയത്തിനുള്ളിൽ കാണുന്നതു്, രണ്ടാം ഭാഗത്തിനു്, അതെ, നെബിയീം എന്ന പേരിൽ അറിയപ്പെടുന്ന രണ്ടു് ഉപവിഭാഗങ്ങളുണ്ടു്: നെബിയീം റിഷോനീം (മുൻപ്രവാചകന്മാർ, പൂർവപ്രവാചകന്മാർ), നെബിയീം അഹറൊനീം (പിൻപ്രവാചകന്മാർ, ഉത്തരപ്രവാചകന്മാർ.) വിവിധഗ്രന്ഥങ്ങളുടെ ക്രമം വിശദമാക്കുന്ന ഒരു സംഗ്രഹം ഇവിടെ ചേർക്കുന്നു.

ഹീബ്രു ബൈബിൾ
- തോറാ (നിയമം): ഉല്പത്തി, പുറപ്പാടു്, ആചാര്യന്മാർ, സംഖ്യ, ആവർത്തനം.
- നെബിയീം
  - റിഷോനീം (മുൻപ്രവാചകന്മാർ): ജോഷ്വാ, ന്യായാധിപന്മാർ, സാമുവെൽ 1–2, രാജാക്കന്മാർ 1–2.
  - അഹറൊനീം (പിൻപ്രവാചകന്മാർ): ഐസയാസ്, ജറമിയാസ്, എസക്കിയേൽ, 12 ചെറുപ്രവാചകന്മാർ.
- കെത്തുബീം (ലിഖിതങ്ങൾ): സങ്കീർത്തനങ്ങൾ, ജോബു്, സുഭാഷിതങ്ങൾ, റൂത്തു്, പാട്ടുകളുടെ പാട്ടു്, പ്രഭാഷകൻ, വിലാപങ്ങൾ, എസ്തേർ, ദാനിയേൽ, എസ്രാസ്, നെഹമിയാസ്, ദിനവൃത്താന്തം 1-2.

പഴയനിയമം ശരിയായിട്ടു മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന

ദൈവശാസ്ത്രപരവുമായ എല്ലാ പ്രശ്നങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടു്. വായനക്കാർ ഈലേഖനപരമ്പര ശ്രദ്ധാപൂർവ്വം വായിച്ചു പഠിക്കണം. എന്നിൽ മാത്രമെ ഈശ്വരനിവേശനം എന്താണെന്നു ഗ്രഹിക്കാൻസാധിക്കുകയുള്ളു.

വർ, ഹീബ്രൂ ഭാഷ പഠിച്ച്, ഹീബ്രൂ ബൈബിൾ വായിച്ചേതീരൂ (20). ഹീബ്രൂ വേദപുസ്തകത്തിനുണ്ട് ഒരു പ്രത്യേക മാഹാത്മ്യം, വിവർത്തനങ്ങൾക്കില്ലാത്ത ഒരു പ്രത്യേക മെച്ചം, കാരണം അറിയാമോ? ഹീബ്രൂ വേദഗ്രന്ഥംതന്നെ ഈശ്വരനിവേശിതമായ മൂലം!

---

(20) റോമിലെ ബിബ്ളിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ പഴയനിയമവ്യാഖ്യനത്തിന് ഉപയോഗിക്കുന്നതു് ഹീബ്രൂ ബൈബിൾ തന്നെ. വിദ്യാർത്ഥികൾ ഹീബ്രൂമൂലം വായിക്കണം, തർജ്ജമചെയ്യണം, എന്നിട്ട വ്യാഖ്യാനിക്കണം. ശാസ്ത്രീയമായ വിധത്തിൽ വിരചിതങ്ങളായ എല്ലാ പഴയനിയമവ്യാഖ്യാനങ്ങളും ഹീബ്രൂമൂലത്തെ ആസ്പദമാക്കിയുള്ളവയാണ്. പ്രോട്ടസ്റ്റൻറുകാർ ഇമ്മാതിരി ധാരാളം വ്യാഖ്യാനഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെട്ടത്തിയിട്ടുണ്ട്; ഇവയിൽ ഭൂരിഭാഗവും ജർമ്മൻ പണ്ഡിതന്മാരുടെ വകയാണ്. കത്തോലിക്കരുടെ വകയായ പല വ്യാഖ്യാനങ്ങളുമുണ്ട്, പക്ഷേ പ്രോട്ടസ്റ്റൻറുകാരുടെ ഗ്രന്ഥങ്ങളാണ് കൂടുതൽ.

:o:

## 2. അറമായിക്ക് ഭാഷ (1)

ഹീബ്രൂ വ്യാകരണം പ്രതിപാദന വിഷയമായതുകൊണ്ട്, അറമായിക്ക് വ്യാകരണത്തേപ്പററി പ്രത്യേകം പ്രതിപാദിക്കേണ്ട ആവശ്യമില്ല; കാരണം, രണ്ടു ഭാഷകളുടെയും സാമാന്യരൂപം ഒരുപോലെയാണ്. അറമായിക്കിൻെറ രണ്ടു പ്രത്യേകതകൾ മാത്രം ഇവിടെ സ്പർശിക്കുന്നു.

(1) ഹീബ്രൂ നാമങ്ങൾക്കും വിശേഷണങ്ങൾക്കും രണ്ടവസ്ഥകളുണ്ടെന്നു പ്രസ്താവിച്ചല്ലൊ. ഇവ അറമായിക്കിലും കാണുന്നു. പിന്നെ മൂന്നാമതൊരവസ്ഥകൂടെയുണ്ട്; "ദൃഢാവസ്ഥ" (emphatic state) എന്നു പറയും. സംബന്ധരഹിതാവസ്ഥ

---

(1) Bibliography. A. DAMMERON: Grammaire de l'arameen biblique, Strasburg, 1961. L. Palacios: Grammatica Aramaico-Biblica, Rome-Paris, 1953. F. Rosenthal: a Grammar of Biblical Aramaic, Wiesbaden, 1961:

യിൽ നിൽക്കുന്ന പദത്തോട്ട് "ഡഫിനിറ്റ് ആർട്ടിക്കിൾ" ചേർത്താൽ മതി; ഈ മൂന്നാമവസ്ഥ ലഭിക്കും (2).

(2) അറമായിക്ക് ക്രിയയ്ക്കു് എട്ടു രൂപങ്ങളുണ്ട്. ഹീബ്രുവിലാണെങ്കിൽ, ഏഴേയുള്ളു. രൂപങ്ങളുടെ പട്ടിക ഇവിടെ ചേർക്കുന്നു. "കെത്താബ്" (=എഴുതി) എന്ന ക്രിയ ഉദാഹരണമായിട്ടിരിക്കട്ടെ.

| | | ഉദാഹരണ : |
|---|---|---|
| (1) | പെയാൻ—ധാതുവിൻെറ ലഘുരൂപം. | കെത്താബ്. |
| (2) | ഹിത്ത്പെയേൽ—പെയാലിൻെറ കർമ്മണിപ്രയോഗം | ഹിത്ത്കെത്തേബ്. |
| (3) | പയ്യീൽ—തീവ്രരൂപം. | കത്തീബ്. |
| (4) | ഹിത്ത്പആൽ-പയ്യീലിൻെറ കർമ്മണിപ്രയോഗം. | ഹിത്ത്കത്താബ്. |
| (5) | ഹഫേൽ--കാരണരൂപം. | ഹക്ത്തേബ്. |
| (6) | ഹൊഫാൽ—ഹഫേലിൻെറ കർമ്മണിപ്രയോഗം. | ഹൊക്ത്താബ്. |
| (7) | ഷഫീൽ—കാരണരൂപം. | ഷക്ത്തീബ്. |
| (8) | ഹിഷ്ത്തഫാൽ—ഷഫീലിൻെറ കർമ്മണിപ്രയോഗം. | ഹിഷ്ത്തക്ത്താബ്. |

ഹീബ്രുവിലെന്നപോലെ അറമായിക്കിലും ക്രിയ സൂചിപ്പിക്കുന്നതു്, കാലമല്ല; പ്രത്യുത, പ്രവൃത്തിയുടെ പൂർണ്ണാപൂർണ്ണാവസ്ഥകളാണു്. ഇനി ചരിത്രത്തിലേയ്ക്കു കടക്കാം.

## അറമായിക്ക് ഭാഷാചരിത്രം (3).

അറമായിക്കിനുണ്ട്, ഹീബ്രുവിനേക്കാൾ പഴക്കം. അറമായിക്ക് വംശജർ B. C. 2000-ത്തിനോടടുത്തു് ചരിത്രവേദിയിൽ പ്രത്യക്ഷപ്പെട്ടു. ഗോത്രപിതാവായ അബ്രാഹം അറമായിക്ക് ഭാ

(2) ഉദാഹരണമായിട്ട്, സെമാൻ (സമയം) + ആ (ആർട്ടിക്കിൾ) = സിമ്നാ (the time). കിർയാ (പട്ടണം) + ആ = കിർയത്താ (the town).

(3) Cf. S. MOSCATI: Geschichte und Kultur der semitischen Voelker, Stuttgart, 1953, pp 152-154. A. BAUMSTARK-C. BROCKELMANN et alii: Aramaeisch und Syrisch (Handbuc der Orientalistiek III/2), Leiden, 1954.

ഷയാണു് സംസാരിച്ചിരുന്നതു്. പക്ഷേ അദ്ദേഹത്തിൻെറ കാലത്തു നിന്നുള്ള അറമായിക്കു് രേഖകൾ ഒന്നുമില്ല. B. C. 900-ത്തിനു ശേഷമുള്ള ലിഖിതങ്ങൾ ധാരാളമുണ്ടു്. ഇവയേപ്പററി ഇവിടെ പ്രതിപാദിക്കുക സാദ്ധ്യമല്ല.

അറമായിക്കു് B. C. 8-ാം ശതാബ്ദത്തിൽ ലോകഭാഷയായി പരിണമിച്ചു; പുരാതനലോകത്തിലെല്ലാം സുപ്രചുരിതമായി. ഈ പ്രചാരത്തിനുണ്ടു് പ്രത്യേക കാരണം; എഴുത്തു് വളരെ ലളിതവും എളുപ്പമുള്ളതുമായിരുന്നു. ലിപിയിൽ 22 ലളിത ചിഹ്നങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു! മെസപ്പൊട്ടേമിയായിൽ പ്രചാരത്തിലിരുന്ന അക്കേഡിയൻ ഭാഷക്കാണെങ്കിൽ, 400-നു മേൽ ചിഹ്നങ്ങളുണ്ടു്! അതിനാൽ, അക്കേഡിയൻ വരമൊഴി എത്ര വിഷമമേറിയതാണെന്നു് ഊഹിക്കാമല്ലോ. അറമായിക്കു് ലിപിയുടെ ലാളിത്യം തന്നെ, ഭാഷയുടെ പ്രചാരത്തിനുള്ള പ്രധാന കാരണം.

പേർഷ്യൻ ചക്രവത്തിയായ സൈറസ്, B. C. 538-ൽ ബാബിലോണിയൻ സാമ്രാജ്യം പിടിച്ചടക്കി. പേർഷ്യൻ ചക്രവത്തിമാക്കു് ഒരു ലോകഭാഷ ആവശ്യമായിരുന്നു. ഏതു ഭാഷയാണു് അവർ തിരഞ്ഞെടുത്തതു്? അറമായിക്കു് തന്നെ! പേർഷ്യൻ സാമ്രാജ്യം നിലനിന്നിടത്തോളം കാലം (അതായതു് B. C. 538-331), അറമായിക്കും സവ്വലോക ഭാഷയായി നിന്നു. ചരിത്രകാരന്മാർ ഇക്കാലത്തെ ഭാഷയുടെ രൂപത്തിനു് "സാമ്രാജ്യാറമായിക്കു്" (4) എന്ന പേരു നൽകിയിട്ടുണ്ടു്. മഹാനായ അലക്സാണ്ടർ B. C. 331-ൽ പേർഷ്യൻ സാമ്രാജ്യം നശിപ്പിച്ചു; ഇതോടെ അറമായിക്കിൻെറ സുവണ്ണകാലവും അവസാനിച്ചു.

പഴയനിയമത്തിലെ അറമായിക്കു്. ഹീബ്രു ബൈബിളിലുണ്ടു്, അറമായിക്കിൽ വിരചിതങ്ങളായ ചില ശകലങ്ങൾ (5). ഇവ രചിക്കപ്പെട്ടതു്, ബാബിലോണിയൻ അടിമത്തത്തി

---

(4) Cf. S. MOSCATI: Op cit., p. 154.

(5) ഇവയുടെ പട്ടിക ഇവിടെ ചേക്കുന്നു. [1] ഉല്പത്തി 31, 47 (രണ്ടു വാക്കുകൾ). [2] ജറമിയാ 10, 11 (ഒരു വാചകം). [3] ദാനിയേൽ 2,4–7,28 [4] എസ്രാ 4,8—6,18. 7,12–26. ദാനിയേൽ, എസ്രാ എന്ന ഗ്രന്ഥങ്ങളിൽ കാണുന്നതു്, സാമ്രാജ്യാറമായിക്കത്രെ.

ൻെറ (B. C. 586-538) ശേഷം മാത്രമാണു്. മുൻ പ്രസ്താവിച്ചതു പോലെ, ബാബിലോണിയായിൽ നിവസിച്ചിരുന്ന യഹൂദന്മാർ അറമായിക്ക് സംസാരിക്കാൻ തുടങ്ങി. ഇതിൻെറ ഫലമായി, അനേകം പേർ കാലക്രമേണ മാതൃഭാഷ മറന്നു. ഇങ്ങനെ അറമായിക്ക് യഹൂദന്മാരുടെ അനുദിന ഭാഷയായി.

ക്രിസ്തുവിൻെറ കാലത്തെ അറമായിക്ക്. നമ്മുടെ ദിവ്യ രക്ഷകൻെറ കാലത്തു്, അറമായിക്കായിരുന്നു പലസ്തീനായിലെ പ്രധാന ഭാഷ. യേശുനാഥൻ പ്രസംഗിച്ചതും പഠിപ്പിച്ചതും ഈ ഭാഷയിൽത്തന്നെ. ക്രിസ്തുവിൻെറ മാതൃഭാഷ കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന സുറിയാനിയാണെന്നു് പറയാറുണ്ട്. ഈ പ്രസ്താവന, ചരിത്രപരമായിട്ട നോക്കിയാൽ, ശരിയല്ല. കേരളത്തിലെ സുറിയാനി അറമായിക്കിൻെറ ഉപഭാഷകളിൽ ഒന്നുമാത്രമാകുന്നു; അതെ, ക്രിസ്ത്വബ്ദം 2-ാം ശതകത്തിൽ ഉത്ഭവിച്ച വളന്ന ഒരു ശാഖമാത്രം. "ടാർഗും" (Targum) എന്ന പേരിൽ അറിയപ്പെടുന്ന പഴയനിയമ പരിഭാഷയിൽക്കാണുന്ന അറമായിക്കിനാണു്, യേശുവിൻെറ മാതൃഭാഷയോടു് ഏററവും അടുപ്പമുള്ളതു്. (6)

അറമായിക്ക് ഭാഷാജ്ഞാനം സുവിശേഷവ്യാഖ്യാനത്തിനു് വളരെ അത്യാവശ്യമാണു്. ഇതാ, ഒരു ഉദാഹരണം. നമുക്കു സുപരിചിതമാണല്ലൊ, ക്രിസ്തുവിൻെറ പ്രസ്താവന: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിലുമെളുപ്പം, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുകയാണു്" (മത്താ 19, 24). ഈ പ്രസ്താവന വായനക്കാരെ വിഷമിപ്പിക്കാറുണ്ട്. കാരണം, ഒട്ടകവും സൂചിക്കുഴയും തമ്മിൽ യാതൊരു പൊരുത്തവുമില്ല! അറമായിക്കിലേക്കു

---

(6) സമ്യക്കായ പ്രതിപാദനത്തിനു് Cf. M. Black: An Aramaic Approach to the Gospels and Acts, Oxford, 1954. Id·The Recovery of the Language of Jesus, New Testament Studies 3(1957) pp. 305-313 Id: Die Erforschung der Muttersprache Jesu, Theologische Literaturzeitung 82 (1957) Cols. 653-668 P Kahle Das zur Zeit Jesu in Palaestina gesprochene Aramaeisch, Theologische Rundschau 17 (1948/9) pp. 201-216.

ഈ വാക്യം തർജ്ജമചെയ്യുക: അപ്പോൾ പൊരുത്തക്കേട് താനെ നീങ്ങും! കാരണം, ഒട്ടകമെന്നുവിവർത്തനം ചെയ്യപ്പെട്ട അറമായിക്ക് പദത്തിനു് കയറെന്നും അർത്ഥമുണ്ട്. കയറു് എത്രചെറുതായിരുന്നാലും, സൂചിക്കുഴയിലൂടെ കടക്കുകയില്ലല്ലൊ. ഈ വ്യഖ്യാനം നമുക്കു സുപരിചിതങ്ങളായ വ്യാഖ്യാനങ്ങളേക്കാൾ തൃപ്തികരമാണു് (7).

## 3 ഗ്രീക്ക് ഭാഷ (1)

ഗ്രീക്ക്ഭാഷ ആര്യവംശത്തിൽപ്പെട്ടതാണെന്നുള്ള സംഗതി എല്ലാവർക്കും അറിയാമല്ലൊ. പുരാതന യവനർ അല്പസ്വല്പം വ്യത്യാസത്തോടെയാണു് മാതൃഭാഷസംസാരിച്ചിരുന്നതു്. ഇതിൻെറ ഫലമായി ഗ്രീക്കിനു് പല രൂപങ്ങളുണ്ടായി. പ്രസ്തുത രൂപങ്ങളിൽ ഏററവും പ്രധാനമായിത്തീന്നതു്, ഏഥൻസിൽ പ്രചാരത്തിലിരുന്ന രൂപമത്രെ. ഈ രൂപം സാധാരണയായി "ആററിക്ക് ഗ്രീക്ക്" എന്ന പേരിൽ അറിയപ്പെടുന്നു. ചിന്തകന്മാരായ പ്ളേറേറാ, അരിസ്റ്റോട്ടൽ, നാടകകത്താക്കളായ എസ്ക്കിലസ്, സൊഫോക്ലസ്, വാഗ്മികളായ ഡെമോസ്തനസ്, ഇസോക്രാററസ്, മുതലായവർ ആററിക്ക്ഗ്രീക്കാണു് ഉപയോഗിച്ചിരുന്നതു്. ഇക്കാരണത്താൽ, ക്ലാസ്സിക്കൽ ഗ്രീക്കെന്നു പറയുമ്പോൾ ആററിക്ക് ഭാഷയാണു് പ്രത്യേകമായി ഉദ്ദേശിക്കുന്നതു്.

അക്ഷരമാല, ഗ്രീക്ക്ഭാഷയിൽ, വ്യഞ്ജനങ്ങളും സ്വരങ്ങളുമുൾപ്പെടെ, 24 അക്ഷരങ്ങളുണ്ട്. യവനർ ഫെനിഷ്യൻ ലിപ

---

(7) ചിലപ്പോൾ ആളുകൾ പറയാറുണ്ട്, സൂചിക്കുഴയെന്നതു് ജറൂസലേമിലെ ഒരു കവാടത്തിൻെറ പേരാണെന്നു്. ഈ വ്യാഖ്യാനം സാധാരണക്കാക്കു സുഗ്രാഹ്യം തന്നെ. പക്ഷേ ഇതിനു് വേണ്ട തെളിവൊന്നുമില്ല.

(1) Bibliography J. H. Moulton–W. F. Howard. A Grammar of New Testament Greek (2 Vols), Edinburgh, 1957 M. Zerwick Graeceitas biblica, Rome, 1955.

പുതിയ നിയമഗ്രീക്കിൻെറ പ്രധാനപ്പെട്ട നിഘണ്ടു, Gerhard Kittel എന്ന ജർമ്മൻ പണ്ഡിതൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന Theologisches woerterbuch zum Neuen Testament ആകുന്നു. പ്രസിദ്ധീകരണം 1933-ൽ തുടങ്ങി. ഇപ്പോൾ 7 വോള്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

വായ്പവാങ്ങിയെന്ന വസ്തുത മുന്നൊരു ലേഖനത്തിൽ പ്രസ്താവിച്ചു. യവനാക്ഷരമാല ഇവിടെ ചേർക്കുന്നു. പട്ടികയിൽ അക്ഷരങ്ങളുടെ ഹീബ്ര്യുസംജ്ഞകളും കാണാം (2).

| ഗ്രീക്ക് അക്ഷരങ്ങൾ | ഹീബ്ര്യുസംജ്ഞ | ഉച്ചാരണം |
|---|---|---|
| (1) ആൽഫാ | ആലെഫ് | അ |
| (2) ബേത്താ | ബത്താ് | ബ് |
| (3) ഗാമ്മാ | ഗീമൽ | ഗ് |
| (4) ഡെൽററാ | ഡാലെത്ത് | ഡ് (ദ്) |
| (5) എപ്സിലോൻ | ഹേ | എ. |
| (6) സേത്താ | സായിൻ | z. |
| (7) ഏത്താ | ഹേത്ത് | e, h. |
| (8) തേററാ | റേത്ത് | th. |
| (9) യോട്ടാ | യോഡ് | യ് |
| (10) കാപ്പാ | കാഫ് | ക് |
| (11) ലാംഡാ | ലാമെഡ് | ല് |
| (12) മ്യൂ | മെം | മ് |
| (13) ന്യൂ | ന്യൂൺ | ന് |
| (14) ക്സി | സാമെക്ക് | x |
| (15) ഓമിക്രോൻ | ആയിൻ | ഒ |
| (16) പി | പേ | പ്. |
| (17) റോ | റെഷ് | റ് |
| (18) സിഗ്മാ | സിൻ, ഷിൻ | സ് |
| (19) താവ്വ | താവ് | ത്. |
| (20) യൂപ്സിലോൻ | | w |
| (21) ഫീ | | ph |
| 22) ഖീ | | kh. |
| (23) പ്സി | | po |
| (24) ഓമേഗ | | o. |

വ്യാകരണസംഗ്രഹം. വായനക്കാരിൽ ഒട്ടുമിക്കവെക്കും യവനഭാഷയുമായി പരിചയമില്ലല്ലൊ. അതിനാൽ വ്യാകരണത്തിൻെറ ചില പ്രത്യേകതകൾ ഇവിടെ സംഗ്രഹിക്കുന്നു.

---

(2) Cf. W. F. Albright. Archaeology of Palestine, pp. 192–193

(1) നാമവും വിശേഷണവും. നാമങ്ങൾക്കും വിശേഷണങ്ങൾക്കും മൂന്നു ലിംഗങ്ങളുണ്ട്; പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം. അതുപോലെ തന്നെ മൂന്നു വചനങ്ങളും: ഏകവചനം, ബഹുവചനം, ദ്വിവചനം. വിഭക്തികളാണെങ്കിൽ, അഞ്ചുമാത്രം. ഇതാ, ഉദാഹരണസഹിതമുള്ള അവയുടെ പട്ടിക.

| | ഏകവചനം | ബഹുവചനം |
|---|---|---|
| (1) നിർദ്ദേശിക | ആൻത്രോപോസ്=മനുഷ്യൻ | ആൻത്രോപോയി =മനുഷ്യർ |
| (2) സംബോധിക | ആൻത്രോപേ!=മനുഷ്യാ! | ആൻത്രോപോയി =മനുഷ്യരെ! |
| (3) പ്രതിഗ്രാഹിക | ആൻത്രോപോൻ= മനുഷ്യനെ. | ആൻത്രോപൂസ് = മനുഷ്യരെ |
| (4) സംബന്ധിക | ആൻത്രോപൂ =മനുഷ്യന്റെ | ആൻത്രോപോൻ =മനുഷ്യരുടെ |
| (5) ഉദ്ദേശിക | ആൻത്രോപോ=മനുഷ്യന് | ആൻത്രോപോയിസ് = മനുഷ്യർക്ക് |

ഗ്രീക്കിലെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും അവസാനഭാഗം പലതരത്തിലുള്ളതാണ്. ഉദാഹരണമായിട്ട്, ലോഗോസ് (—ഓസ്), ഡോക്സാ (—ആ), ഗെറോൻ (—ഓൻ), എന്നിങ്ങനെ പല വിധത്തിൽ പദങ്ങൾ അവസാനിക്കുന്നു. ഈ വ്യത്യാസമനുസരിച്ചു വേണം വിഭക്തിപ്രത്യയങ്ങൾ ചേർക്കാൻ. അതുകൊണ്ട്, പല "ഡിക്ലൻഷൻസ്" (declensions) ഗ്രീക്കിൽ ഉണ്ടാകുന്നു. ഇവ സാധാരണയായി "അ" ഡിക്ലൻഷൻ, "ഓ" ഡിക്ലൻഷൻ, "വ്യഞ്ജന" ഡിക്ലൻഷൻ, എന്നറിയപ്പെടുന്നു.

(2) ക്രിയ. പല പ്രത്യേകതകൾ ഗ്രീക്ക് ക്രിയയ്ക്കുണ്ട്. [1] ഒരു പ്രത്യേക വചനം: ദ്വിവചനം [2] കർത്തരി, കർമ്മണി എന്നീ പ്രയോഗങ്ങൾക്കു ശേഷം മൂന്നാമതൊരു പ്രയോഗം: മദ്ധ്യമപ്രയോഗം. [3] ഒരു പ്രത്യേക കാലം: "അയറിസ്റ്റ്" (Aorist). ഭൂതകാലത്ത് സമാപ്തമായ ഒരേ ഒരു പ്രവൃത്തിയെ കുറിക്കുന്നതിനുള്ളതാണ് ഇക്കാലം. [4] ഒരു പ്രത്യേക പ്രകാരം: ഇച്ഛാർത്ഥകപ്രകാരം (Optative mood).

ക്രിയയ്ക്കുണ്ട് ആറു കാലങ്ങൾ (1) Present (2) Future (3) Perfect (4) Imperfect (5) Aorist (6) Pluperfect

ഇക്കാലങ്ങൾ രണ്ടു വകുപ്പിൽപ്പെടുന്നു: Principal tenses, Historical tenses. രണ്ടാം വകുപ്പിലെ കാലങ്ങൾക്ക് Augmented tenses എന്നും പേരുണ്ട്. കാരണം, ഇവകളുടെ ക്രിയാധാതു വർദ്ധനത്തിനു പാത്രമാകുന്നു. ക്രിയാധാതുവിൻെറ മുമ്പിൽ പ്രത്യയം ചേർക്കപ്പെടുന്നു; ഈ കൂട്ടലിൻെറ ഫലമായി ധാതു വർദ്ധിക്കുകയും ചെയ്യുന്നു. ഉദാഹരണമായിട്ട്, "പെമ്പോ" (Pempo = I send) എന്ന ധാതുവെടുക്കാം.

"എപെമ്പോൻ" Epempon=I was sending) എന്നാകും ഇവിടെ "എ" ആണു് വർദ്ധനവു്.

ലാററിൻ, സംസ്കൃതം മുതലായ ഭാഷകളിലെപ്പോലെ ഗ്രീക്കിലും "കോൻജുഗേഷൻസ്" ഉണ്ട്. "പെമ്പോ" എന്ന ക്രിയയുടെ വത്തമാനകാലരൂപങ്ങൾ ഇവിടെ ചേക്കുന്നു.

| | ഏകവചനം | ബഹുവചനം |
|---|---|---|
| ഉത്തമപുരുഷൻ | പേമ്പോ | പെമ്പോമൻ |
| മദ്ധ്യമപുരുഷൻ | പെമ്പേയിസ് | പെമ്പേറേ |
| പ്രഥമപുരുഷൻ | പെമ്പേയി | പെമ്പൂസി |

ഇമ്മാതിരി കോൻജുഗേഷൻസ് മററുള്ള കാലങ്ങളിലുമുണ്ട്. സംസ്കൃതത്തിലൊ, ലാററിനിലൊ വ്യുല്പത്തിയുള്ളവക്ക് ഇതു പുത്തരിയല്ല.

**ഗ്രീക്കുഭാഷാചരിത്രം.** ആര്യവംശത്തിൽപ്പെട്ട ഒരു ജനക്കൂട്ടം B. C. 13-ാം ശതാബ്ദത്തിൻെറ അവസാനഘട്ടത്തിൽ, ആധുനികഗ്രീസിലും ഏഷ്യാമൈനർ കടൽത്തീരത്തും താമസമുറപ്പിച്ചു. (3) ഇവരാകുന്നു പുരാതനഗ്രീക്കുകാർ. ഇവരുടെ മാതൃഭാഷ തന്നെ ഗ്രീക്ക്. B. C. 10-ാം ശതാബ്ദത്തിനുശേഷം ഗ്രീക്ക് സാഹിത്യഭാഷയായി. പദ്യസാഹിത്യത്തിൻെറ പിതാവെന്ന അപരനാമമുള്ള ഹോമർ, "ഇലിയഡും" "ഒഡീസ്സിയും" വിരചിച്ചതോടെ, യവനഭാഷാസാഹിത്യം ജനിച്ചെന്നുപറയാം (4).

---

(3) U. KAHRSTEDT: Geschichte des griechischen-roemischen Altertums, passim.

(4) Cf. R. V: SCODER- V. C. HARRIGAN: A Reading course in Homeric Greek, II, Chicago, 1947, pp. 1-3

ഗ്രീക്ക് സാഹിത്യം ഹോമറുടെ കാലശേഷം പുഷ്ടിപ്രാപി ക്കാനും വളരാനും തുടങ്ങി. ഈ വളർച്ച ഇപ്പോഴും തുടർന്നുകൊ ണ്ടിരിക്കുന്നു! ലാററിൻ, സംസ്കൃതം, സുമേറിയൻ, അക്കേഡിയൻ മുതലായ ഭാഷകൾ പണ്ടുതന്നെ മൃതിയടഞ്ഞു. എന്നാൽ ഗ്രീ ക്കു ഭാഷ ഇപ്പോഴും ജീവൽ ഭാഷയായി സ്ഥിതിചെയ്യുന്നു. ആധു നിക ഗ്രീസിലെ കൂലിക്കാർ അരിസ്റ്റോട്ടൽ സംസാരിച്ച ഭാഷത ന്നെ സംസാരിക്കുന്നു! സോക്രട്ടീസോ, പ്ളേറോയൊ ഇപ്പോൾ ഏഥൻസിൽ വരികയാണെങ്കിൽ, അവിടെയുമിവിടെയും കാണു ന്ന പരസ്യങ്ങൾ എളുപ്പത്തിൽ വായിച്ചുമനസ്സിലാക്കും. അവർ ഗ്ര ഹിക്കും, തെരുവീഥികളിലെ ആളുകൾ പറയുന്നതെല്ലാം. ആധു നികരുടെ ഉച്ചാരണം മാത്രം അവർക്ക് കുറെയെല്ലാം പുത്തരിയാ യിരിക്കും. പ്ളേറോ സ്നേഹിതന്മാരെ "കാലേ ഹെമെറ" (Kale Hemera=Good Day) എന്നു പറഞ്ഞു് അഭിവാദ്യം ചെയ്യും. ആധുനികരാകട്ടെ, "കാലേ ഹ്യമെറാ" എന്നു പറയും. പക്ഷേ, അവർ ഈ വാക്കുകൾ എഴുതുന്നതു്, പ്ളേറോ എഴു തുന്നതുപോലെതന്നെയായിരിക്കും.

പല ഗ്രീക്ക് പദങ്ങൾ, ഇംഗ്ലീഷിലൂടെ, മലയാളത്തിൽ കട ന്നുകൂടിയിട്ടുണ്ടു്. എത്ര മലയാളികൾ ടെലഫോൺ, ടെലഗ്രാ ഫ്, ടെലഗ്രാം, തീയേറ്റർ, സിനിമാ, ഫോട്ടോ, എലക്ട്രിസി റ്റി, സ്പോഞ്ജ്, ബൈബിൾ മുതലായ തനിഗ്രീക്ക് വാക്കു കൾ ഉപയോഗിക്കുന്നുണ്ടു്!

ബൈബിളിലെ ഗ്രീക്ക് ഭാഷ—ബിബ്ളിക്കൽ ഗ്രീക്ക്— സാഹിത്യകാരന്മാരുടെ ഭാഷയല്ല; പ്രത്യുത സാധാരണജനങ്ങൾ സംസാരിച്ചിരുന്ന അനുദിന ഭാഷയത്രെ. അലക്സാണ്ടർ ചക്ര വർത്തിയുടെ കാലശേഷം (B. C. 336—323). യവനസംസ്കാര വും ഭാഷയും പുരാതനലോകത്തിലെല്ലാം വ്യാപിച്ചു. ഇതിന്റെ ഫലമായി, ഏഷ്യാക്കാരും ഈജിപ്റ്റുകാരും ഗ്രീക്കുസംസാരി ക്കാൻ തുടങ്ങി. ഇവർ വിനിയോഗിച്ചിരുന്ന ഭാഷയ്ക്കു് ആററി ക്ക് ഭാഷയുടെ ഭംഗിയും മോടിയുമൊന്നും ഇല്ലായിരുന്നു. സാധാ രണക്കാർ സാഹിത്യഭാഷ സംസാരിക്കയില്ലല്ലൊ. അവർ സാ ഹിത്യപരമായ പ്രയോഗങ്ങളും വിഷമമേറിയ രൂപങ്ങളുമെല്ലാം വിട്ടുകളയും. ഇങ്ങനെ സാഹിത്യഭാഷയിൽ നിന്നു വ്യത്യസ്തമാ

# വേദപുസ്തകത്തിൻെറ കാനോൻ

(തുടർച്ച)

ഫാ. മാത്യു നടക്കൽ

വി. ലിഖിതങ്ങൾ ദൈവനിവേശിതങ്ങളാണെന്നും ദൈവനിവേശനത്തിൻെറ സ്വഭാവമെന്തെന്നും നാം കണ്ടുകഴിഞ്ഞു. എന്നാൽ ദൈവനിവേശനത്തോടു ബന്ധമുള്ള മററു ചില പ്രശ്നങ്ങളുമുണ്ട്. ദൈവനിവേശിതങ്ങളായ ഗ്രന്ഥങ്ങൾ ഏവയാകുന്നു? അവയുടെ സംഖ്യയെത്ര? അവ മാത്രമാണ് ദൈവനിവേശിതങ്ങളെന്നു എങ്ങനെ ഗ്രഹിക്കുവാൻ കഴിയും? കത്തോലിക്കാബൈബിളിൽ പ്രോട്ടസ്റ്റൻറു ബൈബിളിൽ ഉള്ളതിനേക്കാൾ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതിൻെറ കാരണമെന്തു്? ഇ

---

യ ഒരു പ്രാകൃതഗ്രീക്ക്ഭാഷ ജനിച്ചു. ഇതിൻെറ പേരു് "കോയിനെ" "സാധാരണം," "സാധാരണഭാഷ" എന്നാകുന്നു. ബൈബിളിൽ കാണുന്ന ഗ്രീക്ക് "കോയിനെ" തന്നെ, അതെ, സാധാരണക്കാർ വിനിയോഗിച്ചിരുന്ന ലളിതഭാഷ (5)!

ബിബ്ളിക്കൽ ഗ്രീക്കിനു് ഒരു സെമററിക്ക് ച്ഛവയുണ്ടു്; മറെറാരുവിധത്തിൽ പറഞ്ഞാൽ, സെമിററിക് ഭാഷകളിലെ പല ശൈലികളും പ്രയോഗങ്ങളുംബിബ്ളിക്കൽ ഗ്രീക്കിൽകാണാം. ഈ പ്രത്യേകതയുടെ കാരണം മനസ്സിലാക്കാൻ വിഷമമില്ല: ബൈബിൾ രചയിതാക്കളിൽ ഒട്ടുമിക്കവരും ഹീബ്രുവും അറമായിക്കും സംസാരിച്ചിരുന്ന യഹൂദന്മാരായിരുന്നു! ഗ്രന്ഥകാരന്മാരുടെ ഭാഷാപരമായ പാശ്ചാത്തലം കൃതികളിൽ പ്രതിഫലിക്കുമല്ലോ. ബിബ്ളിക്കൽ ഗ്രീക്ക് ഈ വസ്തുത വിളിച്ചു പറയുന്നു.

വേദപുസ്തകത്തിൻെറ മൂലഭാഷകളെപ്പററിയുള്ള ലേഖനം, ഇതാ,അവസാനിച്ചിരിക്കുന്നു. ഇനി ഭാവിയിലൊരുലേഖനത്തിൽ ബൈബിളിൻെറ മൂലങ്ങളും, പ്രധാനപ്പെട്ട പുരാതനവിവർത്തനങ്ങളും പ്രതിപാദനവിഷയമാകും.

---

(5) Cf. A. DEISSMANN: Licht vom Osten, pp. 1–47.

—:o:—

പ്പോൾ നാം പ്രദിപാദിക്കുവാൻ പോകുന്ന വിഷയം ഈ പ്രശ്ന ങ്ങൾക്കെല്ലാം മറുപടി നൽകുന്നതാണു്.

സംജ്ഞ

കാനോൻ എന്നതു ഗ്രീക്കപദമാണു്. കനൂൺ (Kanoon) എന്ന പദമാണു് മൂലം. ധാത്വർത്ഥം വടി അഥവാ അളവുകോൽ. കാനോൻ എന്ന പദത്തിൻെറ സാധാരണ അത്ഥം നിയമം (rule) എന്നാകുന്നു. കാനോനിക്കൽ=നിയമാനുസൃതം.

ഈ പദം ഇപ്പോൾ പല അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ടു്. ഉദാ: കാനോൻ നിയമം (Canon law), കുർബ്ബാനയുടെ കാനൊൻ (Canon of the Mass) വേദപുസ്തകത്തിൻെറ കാനൊൻ (Canon of Holy Scripture) ആദിയായവ. വിശ്വാസസത്യങ്ങൾ, ശിക്ഷണം, ആരാധന എന്നിവയുടെ മാനദണ്ഡമായി തിരുസ്സഭ നടപ്പിൽ വരുത്തുന്ന നിയമങ്ങൾ, തീരുമാനങ്ങൾ, പ്രഖ്യാപനങ്ങൾ എന്നിവ കാനൊൻ എന്നു പറപ്പെട്ടിരുന്നു. ഇപ്രകാരം വേദപുസ്തകങ്ങളുടെ ലിസ്റ്റിനു കാനൊൻ എന്ന പേരു നല്കുവാൻ തുടങ്ങി. എന്തുകൊണ്ടെന്നാൽ വേദപുസ്തകം വിശ്വാസത്തിൻേറയും സന്മാർഗ്ഗത്തിൻേറയും നിയമങ്ങൾ ഉൾക്കൊള്ളുന്നു. അഥവാ അവ 'സഭ'യുടെ നിയമം വഴി അംഗീകരിക്കപ്പെട്ടു.

ദൈവനിവേശിതങ്ങളെന്നു തിരുസ്സഭ അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങളുടെ ഗണം അഥവാ ലിസ്റ്റു് ആകുന്നു കാനൊൻ. ഈ ലിസ്റ്റു് വേദപുസ്തകത്തെ ഇതര ഗ്രന്ഥങ്ങളിൽ നിന്നു വേർതിരിച്ചു കാണിക്കുന്നതിനു സഹായിക്കുന്നു. പുസ്തകങ്ങൾ കാനൊൻെറ ഒരു ഭാഗമായിരിക്കുമ്പോൾ അവയെ Canonical or canonized എന്നും വിളിക്കുന്നുണ്ടു്.

"Canonica l scriptures", "Canonized books" എന്നു ഒരിജൻ പ്രസ്താവിച്ചിട്ടുണ്ടു്. നാലാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിലാണു് കാനോൻ എന്ന പദം ആദ്യമായി ഉപയോഗിക്കപ്പെട്ടിരിക്കുന്നതെന്നു ക്രെഡ്നർ (Cradenar) സാക്ഷിച്ചിരിക്കുന്നു.

മുൻകൂട്ടി ഗ്രഹിക്കേണ്ടതായ ചില വസ്തുതകൾ.

1. ദൈവനിവേശിത ഗ്രന്ഥങ്ങൾ ഏവയെന്നു വേദപുസ്ത

കത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്തുവിൽ നിന്നോ, അപ്പ സ്തോലന്മാരിൽ നിന്നോ നിവേശിത ഗ്രന്ഥങ്ങളുടെ ഒരു ലിസ്റ്റ് നമുക്കു ലഭിച്ചിട്ടില്ല. പാരായണത്തിൽ നിന്നു അനുവാചകരിൽ ഉളവാകുന്ന അനുഭവവിശേഷങ്ങളൊ വേദപുസ്തകത്തിൻെറ ത ന്നെ പ്രാമാണികതയൊ (the authority of Scripture) ദൈ വനിവേശിതഗ്രന്ഥങ്ങൾ ഏവയെന്നു നിർണ്ണയിക്കുവാൻ പര്യാ പ്തങ്ങളല്ല. വേദപുസ്തകത്തിൻെറ കാനൊൻ നിർണ്ണയിക്കുവാൻ അധികാരമുള്ള ഏകസ്ഥാപനം അപ്രമാദിത്വമുള്ള കത്തോലിക്കാ സഭ മാത്രമാണു്.

2. തോബിയാസ്, യൂദിത്തു്, ഇവയും ദാനിയേൽ, എ സ്തേർ, എസ്ദ്രാസ് എന്നീ പുസ്തകങ്ങളുടെ ചില ഭാഗങ്ങളും ആ ദ്യമായി എഴുതപ്പെട്ടതു് അറാമായ ഭാഷയിലാണു്. ബോധ ജ്ഞാനം, മക്കബായക്കാർ രണ്ടാം പുസ്തകം ഏവ എഴുതപ്പെട്ടതു ഗ്രീക്കിലാണു്. പഴയനിയമത്തിലെ മററു പുസ്തകങ്ങളുടെയെല്ലാം മൂലഭാഷ ഹീബ്രു ആയിരിക്കുന്നു. പലസ്തീനായെ കേന്ദ്രമാക്കി വസിച്ചിരുന്ന യഹൂദന്മാർ ഹീബ്രു ബൈബിളിനെ തങ്ങളുടെ പിതൃസ്വത്തായി പരിഗണിക്കുകയും അധികാരപൂർവ്വം സംര ക്ഷിക്കുകയും ചെയ്തുപോന്നിരുന്നു. വി. മത്തായിയുടെ സുവിശേ ഷം നീക്കി മററു പുതിയ നിയമ ഗ്രന്ഥങ്ങളുടെയെല്ലാം മൂലഭാഷ ഗ്രീക്കാണു്. വി. മത്തായിയുടെ സുവിശേഷത്തിൻേറതു അറാമാ യാ ആകുന്നു.

ക്രിസ്തുവിനു മുൻപു് മൂന്നാംനൂററാണ്ടിൽ അലക്സാണ്ടറി യായിൽ ഗ്രീക്കുഭാഷ ഉപയോഗിച്ചു വന്നിരുന്ന യഹൂദന്മാരുടെ ഉപയോഗത്തിനായി ഹീബ്രു ബൈബിൾ ഗ്രീക്കിലേയ്ക്കു് വിവർ ത്തനം ചെയ്യപ്പെട്ടു. സുപ്രസിദ്ധമായ ഈ ഗ്രീക്കു വിവർത്തന ത്തിൻെറ പേരു് സെപ്ത്വജിൻറാ എന്നാണു്. പിൻക്കാലത്തു് വ ളരെ അധികം വിവാദങ്ങൾക്കു വിഷയീഭൂതവും എന്നാൽ പഴയ നിയമത്തിൻെറ കാനൊൻ നിർണ്ണയിക്കുന്നതിനു വളരെ പ്രയോ ജകീഭവിച്ചിട്ടുള്ളതുമായ ഒരു സംഭവം നാം ഇവിടെ ദർശിക്കു ന്നു. അതായതു് ഗ്രീക്കുവിവർത്തനത്തിൽ ഹീബ്രുബൈബിളിൽ ഇല്ലാത്തതായ ചില ഗ്രന്ഥങ്ങളും ഉൾപ്പെടുത്തപ്പെട്ടു. ഹീബ്രു ബൈബിളിൻെറ കാനൊനെക്കാൾ ദീർഘമായ വേദപുസ്തക കാനൊൻ അലക്സാണ്ട്റിയായിൽ താമസിച്ചിരുന്ന ഗ്രീക്കുകാ

രുടെ ഇടയിൽ ഉണ്ടായി. ഇങ്ങനെ പഴയനിയമത്തെ സംബന്ധിച്ച വ്യത്യസ്തങ്ങളായ രണ്ടു ലിസ്റ്റുകളുടെ ആസ്തിത്വം നാം ദർശിക്കുന്നു.

വേദപുസ്തകത്തിൽ രണ്ടുഗണം ഗ്രന്ഥങ്ങളുണ്ട്. ആദ്യത്തെ ഗണത്തിലെ പുസ്തകങ്ങളുടെ ദൈവനിവേശനവും പ്രാമാണികതയും എന്നും എവിടെയും എല്ലാവരാലും അംഗീകരിക്കപ്പെട്ടിരുന്നു. ഇവ പ്രഥമ കാനൊനിക ഗ്രന്ഥങ്ങൾ (Proto Canonical books) എന്ന പേരിൽ അറിയപ്പെടുന്നു. രണ്ടാമത്തെ ഗണത്തിലെ ഗ്രന്ഥങ്ങളാകട്ടെ ദൈവനിവേശിത ഗ്രന്ഥങ്ങളായി തിരുസഭയാൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവയാണ്. എന്നാൽ പ്രഖ്യാപനത്തിനു മുൻപ് അവയുടെ ദൈവനിവേശനവും പ്രാമാണികതയും ചില സ്ഥലങ്ങളിൽ സംശയിക്കപ്പെട്ടിരുന്നു. ഇവ ദ്വിതീയ കാനൊനിക ഗ്രന്ഥങ്ങൾ (deutero-Canonical books) എന്ന പേരിൽ അറിയപ്പെടുന്നു. ഈ രണ്ടു പദങ്ങളും ആധുനികങ്ങളാണ്. 16-ാം നൂററാണ്ടിലാണ് ആദ്യമായി ഇവ ഉപയോഗിക്കുന്നത്. സഭയുടെ മുമ്പിൽ ഈ രണ്ടു ഗണത്തിനും തുല്യവിലയും പ്രാമാണികതയുമാണുള്ളത്.

പഴയനിയമം സംബന്ധിച്ചു പറയുമ്പോൾ ഹീബ്രു ബൈബിളിൽ മാത്രം കാണപ്പെടുന്നവയെ പ്രഥമ കാനൊനിക ഗ്രന്ഥങ്ങൾ എന്നും ഗ്രീക്കു വിവർത്തനത്തിൽ മാത്രം കാണപ്പെടുന്നവയെ ദ്വിതീയ കാനൊനിക ഗ്രന്ഥങ്ങൾ എന്നും വിളിച്ചു വരുന്നു.

പഴയനിയമത്തിലെ ദ്വിതീയ കാനൊനിക ഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്.

തോബിയാസ്, യൂദിത്ത്, ബോധജ്ഞാനം, എക്ലേസിയാസ്റ്റിക്കസ്, ബാറൂക്ക്, മക്കബായ ഒന്നും രണ്ടും പുസ്തകങ്ങൾ, ഡാനിയേൽ, എസ്തേർ എന്നിവയുടെ ചില ഭാഗങ്ങൾ. (എസ്തേ. 10:4. 16:24. ദാനി. 3:24.-9ാ അ 13, 14)

പുതിയനിയമത്തിലെ ദ്വിതീയ കാനൊനിക ഗ്രന്ഥങ്ങൾ

എബ്രായക്കാർക്കുള്ള ലേഖനം, യാക്കോബിൻെറ ലേഖനം, യൂദായുടെ ലേഖനം, പത്രോസിൻെറ രണ്ടാം ലേഖനം, യോഹന്നാൻെറ രണ്ടും മൂന്നും ലേഖനങ്ങൾ, യോഹന്നാൻെറ വെളിപാട് ഇവയാകുന്നു.

Apo crypha അപ്രമാണിക ഗ്രന്ഥങ്ങൾ. വേദപുസ്തകത്തിന്റെ കാനോനെപ്പററിയുള്ള പ്രതിപാദനത്തിൽ അപ്രമാണിക ഗ്രന്ഥങ്ങൾ എന്ന പദം കൂടെക്കൂടെ ഉപയോഗിക്കേണ്ടതായിവരും. ആകയാൽ ആ പദം കൊണ്ട് കത്തോലിക്കർ വിവക്ഷിക്കുന്ന അർത്ഥം എന്തെന്ന് ശരിയായി ഗ്രഹിക്കേണ്ടതാണ്. കത്തോലിക്കരുടെ വിവക്ഷയനുസരിച്ച് "അപ്രമാണികം' എന്നപദം രണ്ടു കാര്യങ്ങളെ സൂചിപ്പിക്കുന്നു. (1) അതു ദൈവനിവേശിതമല്ല. (2) അകൃത്രിമമല്ല അതായതു് ഒരു പുസ്തകം ആരുടേതെന്നും ഏതുകാലത്തേതെന്നും കരുതപ്പെടുന്നുവൊ ആ ആളിന്റേതും ആ കാലത്തേതും അല്ല. പ്രോട്ടസ്റ്റൻറുകാർ മുകളിൽ വിവരിച്ച അർത്ഥത്തെ സ്വീകരിക്കുന്നതിനും പുറമെ പ്രസ്തുത പദം ദ്വിതീയ കാനോനികഗ്രന്ഥങ്ങളെ കുറിക്കുന്നതിനും ഉപയോഗിച്ചുവരുന്നു.

ക്രിസ്തുവിന്റെ ജനനത്തിനു രണ്ടു നൂററാണ്ടു മുമ്പു മുതൽ ആദ്യത്തെ ഏതാനും ക്രൈസ്തവശതകങ്ങൾവരെ ദൈവനിവേശിതങ്ങളെന്നു അവകാശപ്പെട്ടിരുന്ന ചില ഗ്രന്ഥങ്ങൾ വിരചിതമായിട്ടുണ്ട്. അവയുടെ സംഖ്യ തുലോം വലുതായിരിക്കുന്നു, അവയിൽ മിക്കവയും ഗ്രന്ഥകർത്താവിന്റെ പേരില്ലാത്തവയൊ അഥവാ കൃത്രിമമായവയോ ആയിരുന്നു. ചിലവ-അവ ക്രൈസ്തവ ജീവിതത്തിനു സഹായകമാണ് എന്നിരുന്നാൽ തന്നെയും വിവേചനയും വിവേകവും കൂടാതെ എഴുതപ്പെട്ടവയാണ്. ചിലവ ശിശ്മസഭകളുടെ അബദ്ധസിദ്ധാന്തങ്ങളുടെ പ്രചരണാർത്ഥം നിർമ്മിക്കപ്പെട്ടവയും മററു ചിലവ ഇതിഹാസപരമായ ചരിത്രകഥകൾ കൊണ്ടു നിറഞ്ഞിരിക്കുന്നവയുമായിരിക്കുന്നു.

പഴയനിയമത്തോടും പുതിയനിയമത്തോടും ബന്ധപ്പെട്ടിരിക്കുന്ന അപ്രാമാണികഗ്രന്ഥങ്ങൾ പ്രചാരത്തിൽ വന്നിട്ടുണ്ട്. എസ്ദ്രാസ് മൂന്നും നാലും പുസ്തകങ്ങൾ—ലത്തീൻ വൾഗെററിൽ അനുബന്ധമായികൊടുത്തിരിക്കുന്ന മനാസെസ്സിന്റെ പ്രാർത്ഥന (The prayer of Manasses) ഗ്രീക്കു വിവർത്തനത്തിൽ ചേർക്കപ്പെട്ടിരിക്കുന്ന ദാവീദിന്റെ 51—ാം സങ്കീർത്തനം, സോളമന്റെ 18—ാം സങ്കീർത്തനം, മക്കബായ മൂന്നും നാലും പുസ്തകങ്ങൾ ഇവ പഴയനിയമത്തിലെ പ്രസിദ്ധങ്ങളായ അപ്രാമാണിക ഗ്രന്ഥങ്ങ

ളാണു്. യഥാർത്ഥങ്ങളായ സുവിശേഷങ്ങൾ, അപ്പസ്തോലന്മാരുടെ നടപടി, ലേഖനങ്ങൾ, വെളിപാടു് എന്നിവയുടെ അനുകരണങ്ങളാകുന്ന പുതിയനിയമത്തിലെ അപ്രാമാണിക കൃതികൾ. ഏതാണ്ടു് അൻപതു അനുകരണ സുവിശേഷങ്ങളും, പതിനെട്ടു് അനുകരണ നടപടികളും ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവു് അബഗാർ (Abgar) രാജാവിനു എഴുതിയ കത്തു്, പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രബോധനം, ലവുദുക്കിയാക്കാർക്കു വി. പൗലോസു് എഴുതിയലേഖനം, ബർണബായുടെ ലേഖനം, ക്ലെമൻറിൻെറ ലേഖനം, ഹെർമാസിൻെറ ഇടയൻ, The shepherd of Hermas ഇവ ഏററവും പ്രശസ്തങ്ങളായിരിക്കുന്നു.

വേദപുസ്തകം പഠിക്കുന്ന വിദ്യാർത്ഥികൾക്കു് ഈ പുസ്തകങ്ങളുടെ പാരായണം പലപ്രകാരത്തിൽ പ്രയോജനം ചെയ്യും.

ദൈവനിവേശിതങ്ങളായ ഗ്രന്ഥങ്ങൾ ഏവയെന്ന പ്രശ്നത്തെപ്പററിയുള്ള ഗുരുതരങ്ങളായ അഭിപ്രായവ്യത്യാസങ്ങൾ ഒരു വശത്തു്, അപ്രാമാണികഗ്രന്ഥങ്ങളുടെ പ്രചരണം മറെറാരു വശത്തു്. ഈദൃശമായ ദശാസന്ധിയിൽ ദൈവനിവേശിതഗ്രന്ഥങ്ങൾ ഏവയെന്നു ഖണ്ഡിതമായി പ്രഖ്യാപനം ചെയ്യേണ്ടതു് സഭയുടെ അനുപേക്ഷണീയമായ ധർമ്മമായിരുന്നു. അവൾ ഈ കൃത്യം യഥാർത്ഥം നിർവ്വഹിച്ചു എന്നു് നാം വഴിയെ കാണുന്നതാണു്.

## പഴയനിയമത്തിൻെറ കാനൊൻ

പഴയനിയമത്തിൻെറ കാനൊൻ രൂപം പ്രാപിച്ചതു സംബന്ധിച്ചുള്ള ഒരു വിവരണം വേദപുസ്തകത്തിൻെറ ഒരു ഭാഗത്തും നാം കണ്ടുമുട്ടുന്നില്ല. ഈ വിഷയം സംബന്ധിച്ചു ചില നിഗമനങ്ങൾ മാത്രമാണു വി. ഗ്രന്ഥത്തിൽ നിന്നു ലഭിക്കുന്നതു്. ഒരു ഗ്രന്ഥം ദൈവനിവേശിതമാണോ എന്ന പ്രശ്നം ആ പുസ്തകം വിർചിതമായ കാലഘട്ടം, അതിൻെറ കർത്താവു് എന്നീ ഘടകങ്ങളെ പ്രധാനമായി ആശ്രയിച്ചു നില്ക്കുന്നു.

പഴയനിയമത്തിൻെറ കാനൊൻ തയ്യാറാക്കിയതു് എസ്ദ്രാസു് ആണെന്നുള്ള അഭിപ്രായം യഹൂദന്മാരുടെ ഇടയിൽ വള

രെക്കാലത്തെങ്കിലുണ്ടായിരുന്നു. കാനൊനു് അവസാനരൂപംകൊടുത്തതു് എസ്ദ്രാസ്സ് ആണെന്നും അദ്ദേഹത്തിൻെറ മരണശേഷം എഴുതപ്പെട്ട യാതൊരു ഗ്രന്ഥവും ദൈവനിവേശിതമല്ലെന്നും ഊഹിക്കപ്പെട്ടുപോന്നിരുന്നു. ഈ അഭിപ്രായത്തിനു് ആധാരമായി നിലകൊള്ളുന്നതു് IV എസ്ദ്രാസ്സ് 14:42 എന്ന ഭാഗമാണു്. ഇവിടെ എസ്ദ്രാസ്സ് 94 പുസ്തകങ്ങളുടെ പേരു പറഞ്ഞു കൊടുത്തു് എഴുതിച്ചിട്ടുള്ളതായി കാണുന്നു. പുസ്തകങ്ങളുടെ സംഖ്യതന്നെ പലപ്രകാരത്തിൽ കാണുന്നുണ്ടു്. അവയിൽ എഴുപതെണ്ണം ഉത്തമന്മാർക്കു മാത്രം വായിക്കുവാൻ കൊള്ളാവുന്നവ. മേൽ വിവരിച്ച കൃതി ദൈവനിവേശിതമല്ല. അകൃത്രിമത്വം അവകാശപ്പെടുന്നതുമില്ല. ആകയാൽ എസ്ദ്രാസ്സ് ആണു് പഴയനിയമത്തിൻെറ കാനൊൻ തയ്യാറാക്കിയതെന്നുള്ള വാദം സ്വീകാര്യയോഗ്യമല്ലാതെ വരുന്നു. നിയമാനുഷ്ഠാനം പുനഃസ്ഥാപിക്കുന്നതിനു അദ്ദേഹം ഒരു നല്ല പങ്കുവഹിച്ചിട്ടുണ്ടു് എന്നുള്ളതു ശരിയാണു്.

എസ്ദ്രാസ്സ് ഒരുകാലത്തു അദ്ധ്യക്ഷത വഹിച്ചിരുന്ന ഒരു ന്നതസമിതിയാണു് (The great synagogue) വേദപുസ്തകത്തിൻെറ ഔദ്യോഗികലിസ്റ്റു് പൂർത്തിയാക്കിയതെന്നുള്ള മറെറാരു വാദം [illegible] ാറാം നൂററാണ്ടിൽ ഏലിയാസ്സ് ലവീത്താ (Elias levita) എന്നൊരു വൈദികൻ ഉന്നയിച്ചു. ഈ വാദമുഖത്തെ തെളിയിക്കുന്നതിനുള്ള സാക്ഷ്യം യഹൂദപാരമ്പര്യത്തിലില്ല. അധികാര സംയുക്തമായ ഒരു സമിതിയുടെ അസ്തിത്വം പോലും ഇന്നു ചോദ്യം ചെയ്യപ്പെടുന്നു. എസ്ദ്രാസ്സ് രണ്ടാം പുസ്തകം എട്ടാം അദ്ധ്യായം പത്താംവാക്യം ജറുസ്സേമിൽ നടത്തിയ ഒരു സമ്മേളനത്തെ പരാമർശിക്കുന്നുണ്ടു്. പക്ഷെ ഈ സമ്മേളനം ഔദ്യോഗികമായിരുന്നു എന്നു തെളിവുകളില്ല.

## കാനോൻെറ ആരംഭം

പഴയനിയമത്തിൻെറ കാനോൻ രൂപം പ്രാപിച്ചതു് ക്രമാനുഗതമായിട്ടാണു്. മൂശനിവ്യാ മുതൽ ക്രിസ്തുവരെയുള്ളകാലം രൂപവൽക്കരണത്തിൻെറ കാലഘട്ടമായിക്കരുതാം. അത്യന്തം വിലമതിക്കപ്പെട്ടിരുന്ന ഒരു ഗ്രന്ഥസമുച്ചയത്തിൻെറ ആരംഭത്തേയും ക്രമാനുഗതമായ വളർച്ചയേയും ദ്യോതിപ്പിക്കുന്ന ചില വാചകങ്ങൾ പഴയനിയമത്തിൻെറ ആദ്യഗ്രന്ഥങ്ങളിൽ കാണുന്നു.

ദൈവത്തിൻെറ കല്പന അനുസരിച്ച് മൂശനിവ്യാ എഴുതുവാൻ ആരംഭിച്ചു. തൻെറ ഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു ശാശ്വതരേഖകളും മാർഗ്ഗദർശകവുമായിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

"പിന്നെ മൂശ ഈ നിയമം എഴുതി കർത്താവിൻെറ ഉടമ്പടിയുടെ പെട്ടകം ചുമക്കുന്ന ലെവിയുടെ പുത്രന്മാരായ പുരോഹിതന്മാർക്കും, ഇസ്രായേൽ മക്കളിലെ മൂപ്പന്മാർക്കും അതുകൊടുത്തു. മൂശ അവരോട് കല്പിച്ച്, അവരോട് ഇങ്ങനെ പറഞ്ഞു. ഏഴു സംവത്സരങ്ങളുടെ ശേഷം വിമോചനാവസരത്തിൻെറ കാലത്ത് കൂടാരത്തിരുനാളിൽ നിൻെറ ദൈവമായ കർത്താവു തിരഞ്ഞെടുക്കുന്ന സ്ഥലത്ത് അവൻെറ സന്നിധിയിൽ ഇസ്രായേൽ മുഴുവനും കാണപ്പെട്ടവാൻ വരുമ്പോൾ, ഇസ്രായേൽ മുഴുവൻെറയും മുമ്പാകെ, അവർ കേൾക്കെ ഈ നിയമം നീ വായിക്കണം. പുരുഷന്മാരും, സ്ത്രീകളും കുട്ടികളും, നിൻെറ പട്ടണത്തിലെ പരദേശികളുമായി ജനം മുഴുവനേയും അവർ കേട്ടുപഠിക്കേണ്ടതിന്നും, നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടേണ്ടതിന്നും, ഈ നിയമത്തിലെ വാക്യങ്ങളെല്ലാം കാക്കേണ്ടതിന്നുമായി നീ വിളിച്ചുകൂട്ടണം. അറിഞ്ഞിട്ടില്ലാത്ത അവരുടെ മക്കളും, അവ കേൾക്കട്ടെ. നിങ്ങൾ യോർദ്ദനാൻ കടന്ന് അവകാശപ്പെടുത്തുവാൻ ചെല്ലുന്ന നാട്ടിൽ നിങ്ങൾ ജീവിച്ചിരിക്കുന്ന നാളുകളെല്ലാം നിങ്ങളുടെ ദൈവമായകർത്താവിനെ ഭയപ്പെട്ടവാൻ അവർ പഠിക്കുകയും ചെയ്യട്ടെ." ആവ: 31. 9, 13

ഈ പുസ്തകത്തിൻെറ പ്രത്യേക സ്വഭാവത്തെ അനുസ്മരിപ്പിച്ചുകൊണ്ട് മൂശ ഇസ്രായേൽ മക്കളോടു പറയുന്നു. "നിങ്ങൾ ഈ നിയമപുസ്തകം എടുത്തു നിങ്ങളുടെ ദൈവമായ കർത്താവിൻെറ ഉടമ്പടിപ്പെട്ടകത്തിൻെറ വശത്തു അതു വയ്ക്കുവിൻ. അതു നിങ്ങൾക്കു സാക്ഷിയായി അവിടെ ഇരിക്കട്ടെ."

ആവ:31· 26

മൂശനിവ്യായുടെ കാലത്തോടുകൂടി ദൈവനിവേശനം അവസാനിച്ചില്ല. അതു് അദ്ദേഹത്തിൻെറ കൃതിക്കായി മാത്രം പരിമിതമാക്കപ്പെട്ടുമില്ല; പ്രത്യുത അനന്തരതലമുറവഴി തുടരേണ്ടതായിരുന്നു, "ദൈവം പണ്ടു് നമ്മുടെ പിതാക്കന്മാരോട് എല്ലാ പ്ര

കാരത്തിലും എല്ലാ വിധത്തിലും പ്രവാചകന്മാർ മുഖേന സംസാരിച്ചു." എബ്രാ 1, 1.

മൂശനിവ്യായെ തുടർന്നു് അദ്ദേഹത്തിൻെറ അനന്തരഗാമികൾ വന്നു. തങ്ങൾ ദൈവത്തിൻെറ വക്താക്കൾ എന്നു പ്രസ്താവിക്കുകയും ജീവിതംകൊണ്ടു് ആ വസ്തുത തെളിയിക്കുകയും ചെയ്ത പ്രവാചകന്മാർ പലതലമുറകളിലായി പ്രത്യക്ഷപ്പെട്ടു. അവരിൽ ഏതാനും പേർ തങ്ങൾക്കു ലഭിച്ച വെളിപാടുകളിൽ ചിലവ രേഖപ്പെടുത്തി. ഇങ്ങനെ വിരചിതമായ ഗ്രന്ഥങ്ങൾ വിശുദ്ധങ്ങളായി പരിഗണിക്കപ്പെടുകയും മൂശ രചിച്ച ഗ്രന്ഥസഞ്ചയത്തോടു് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. ഈ വിധം ക്രമാനുഗതമായി പഴയ നിയമകാനോൻ രൂപവൽക്കരിക്കപ്പെട്ടു.

## പഴയനിയമത്തിൻെറ മൂന്നായിട്ടുള്ള വിഭജനം

നിയമം, പ്രവാചകന്മാർ, ലഖിതങ്ങൾ, (writings) എന്നിങ്ങനെ മൂന്നായിട്ടാണു യഹൂദന്മാർ വേദഗ്രന്ഥത്തെ വിഭജിച്ചിരിക്കുന്നതു്. യഹൂദന്മാരുടെ ബൈബിൾ മുഴുവനും ഈ വിഭജനത്തിൽ ഉൾപ്പെട്ടുന്നുണ്ടു്. ഒരു വസ്തുവിൻെറ വിഭജനം അതിൻെറ ഘടകനിർണ്ണയം ആവശ്യപ്പെടുന്നുണ്ടു്. അപ്രകാരം തന്നെ വേദപുസ്തകം മുഴുവൻേറയും ഒന്നായിട്ടുള്ള വിഭജനം ദൈവനിവേശിതഗ്രന്ഥങ്ങൾ ഏവയെന്നുള്ള നിർണ്ണയത്തെയും ഉൾക്കൊള്ളുന്നു. പഴയനിയമത്തിൻെറ മൂന്നായിട്ടുള്ള വിഭജനം പുരാതനമാണു്. ഇതു മിഷ്നായിൽ (Mishanh) വളരെ നേരത്തെ തന്നെ അംഗീകരിക്കപ്പെട്ടിരുന്നുവെന്നു് അനുമാനിക്കപ്പെടുന്നു. യഹൂദന്മാരുടെ എഴുതപ്പെടാത്ത നിയമസംഹിതയാണു് മിഷ്നാ. എ. ഡി 200- ൽ അതു ലേഖനം ചെയ്യപ്പെട്ടു. ബെൻ അസിറായുടെ ആമുഖത്തിൽ (ഏകദേശം ബി. സി. 132) ഈ വിഭജനക്രമം എടുത്തു കാണിച്ചിരിക്കുന്നു. ക്രിസ്തുനാഥൻ തന്നെ പഴയനിയമഗ്രന്ഥങ്ങളെ യഹൂദന്മാർ സ്വീകരിച്ച വിഭജനരീതിയുടെ അടിസ്ഥാനത്തിൽ പരാമർശിച്ചു സംസാരിക്കുന്നു. "മൂശയുടെ നിയമത്തിലും പ്രവാചകരിലും സങ്കീർത്തനങ്ങളിലും എന്നെപ്പററി എഴുതപ്പെട്ടവയെല്ലാം നിവർത്തിയാകേണ്ടിയിരിക്കുന്നു." ലൂക്കാ 24. 44. നിയമത്തിൽ മൂശയുടെ അഞ്ചുപുസ്തകങ്ങൾ ഉൾപ്പെടുന്നു. The prophets were subdivided by Jews into the Former prophets (ie. the prophetics historical books; Josua)

Judges, Samuel(I & II kings) and Kings (III& IV Kings) and the later prophets (Isaias, Jeremias, Ezechiel and the twelve minor prophets counted by the Hebrews as one book) The writings embraces all the meaning books of the Hebrew Bible named in the order in which they stand in the current Hebrew text these are Psalms, Proverbs, Job, Canticle of Canticles, Ruth, Lamentations, Ecclesiastes, Esther, Daniel, Esdras, Nehemias or II Esdras, Paralipomenon.

മൂന്നു വിഭാഗങ്ങൾ വേദപുസ്തകത്തിന്റെ വളർച്ചയേയും വളർച്ചയുടെ കാലഘട്ടങ്ങളേയും സൂചിപ്പിക്കുന്നു. വിഭജനത്തിന്റെ അടിസ്ഥാനം പുസ്തകങ്ങളുടെ ഉള്ളടക്കമല്ല, കാലപരിഗണനയാണെന്നു പറയാം. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിലുള്ള ഏകഭാഗം—നിയമം—അഥവാ പഞ്ചഗ്രന്ഥിയാണ്. അതു പഴയനിയമ കാനോന്റെ അടിസ്ഥാന ഘടകമായി നിലകൊള്ളുന്നു. പഞ്ചഗ്രന്ഥി മുഴുവനും ദൈവത്തിൽ നിന്നുള്ളതാണെന്നു യഹൂദന്മാർ വിശ്വസിച്ചിരുന്നു. അതിവിശുദ്ധ സ്ഥലത്തു (in the Holy of Holies, അതിനു സ്ഥാനം കൊടുത്തു. പഴയനിയമത്തിലെ മററു ഗ്രന്ഥങ്ങൾ പഞ്ചഗ്രന്ഥിയുടെ തുടർച്ചയായും വ്യാഖ്യാനങ്ങളായും പരിഗണിക്കപ്പെട്ടു.

## ആരാധനായോഗവും പഴയനിയമത്തിന്റെ കാനോനും

യഹൂദന്മാരുടെ ആരാധനായോഗം കാനോന്റെ രൂപവൽക്കരണത്തിൽ ഒരു നല്ല ഭാഗം വഹിച്ചിട്ടുണ്ട് എന്നു ചില എഴുത്തുകാർ അഭിപ്രായപ്പെടുന്നു. ആരാധനായോഗത്തിൽ പഞ്ചഗ്രന്ഥിയുടെ ഒരു ഭാഗം പരസ്യമായി വായിക്കുക ആദ്യത്തെ ഒരു പതിവായിരുന്നു. അനന്തരകാലത്ത് പഞ്ചഗ്രന്ഥിയെ വിശദീകരിക്കുവാൻ ഇതര വിശുദ്ധ ഗ്രന്ഥങ്ങളും ഉപയോഗിച്ചു തുടങ്ങി ഈ പതിവ് ദൈവനിവേശിത ഗ്രന്ഥങ്ങളെ ഒരു ശേഖരമാക്കിത്തീർക്കുന്നതിനു സഹായിച്ചിട്ടുണ്ടെന്നു യുക്തിപൂർവം അനുമാനിക്കാവുന്നതാണ്.

### സംക്ഷേപം

പഴയനിയമത്തിൻെറ കാനോൻ രൂപം പ്രാപിച്ചതു് ഏതാണ്ടു് താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണു്. വി. ലിഖിതങ്ങളുടെ അടിസ്ഥാനമായ നിയമം (The Law) മതാദ്ധ്യക്ഷന്മാരാലും പ്രവാചകന്മാരാലും വിശുദ്ധമെന്നു സ്വഭാവികമായി ത്തന്നെ അംഗീകരിക്കപ്പെട്ടുകയും പ്രഖ്യാപനം ചെയ്യപ്പെട്ടുകയും ചെയ്തു. ഈ പ്രഖ്യാപനം ഒരു ഔദ്യോഗിക നടപടിമൂലം ഉണ്ടായി എന്നു ധരിക്കേണ്ടതുമില്ല. അചിരേണ മററു ഗ്രന്ഥങ്ങളും അവയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവ നിയമാനുഷ്ഠാനത്തിനു ഉറപ്പു നൽകി. അല്ലെങ്കിൽ അതു നിയമത്തിൻെറ തുടർച്ചയായിരുന്നു. അതുമല്ലെങ്കിൽ അതു ദൈവത്തിൻെറ അരൂപികൊണ്ടു നിറഞ്ഞവരാൽ എഴുതപ്പെട്ടവയായിരുന്നു. ഈ പാരമ്പര്യം പിന്നീടു് പ്രാർത്ഥനായോഗത്തിൻെറ പശ്ചാത്തലത്തിൽ ക്ലിപ്തമായ രൂപം കൈക്കൊണ്ടു. ക്രിസ്തുവർഷത്തിനു മുൻപായി മാററപ്പെട്ടുത്തുവാൻ പാടില്ലാത്ത വിധം വി. ലിഖിതങ്ങളുടെ സഞ്ചയം പൂർണ്ണമായിത്തീർന്നു.

## പലസ്തീനായിലെയും അലക്സാണ്ഡ്റിയായിലേയും പഴയനിയമ കാനോനകൾ

പഴയനിയമത്തിൻെറ രണ്ടു വ്യത്യസ്തങ്ങളായ കാനോനകൾ നമുക്കു ലഭിക്കുന്നുണ്ടു്. രണ്ടും യഹൂദന്മാരിൽ നിന്നുതന്നെ. ഒന്നു പലസ്തീനായിലെ യഹൂദന്മാരിൽ നിന്നു്. മററതു് അലക്സാണ്ഡ്റിയായിലെ ഗ്രീക്കുഭാഷ സംസാരിക്കുന്ന യഹൂദന്മാരിൽ നിന്നു്. പലസ്തീനായിലെ യഹൂദന്മാരുടെ പഴയനിയമകാനോൻ ഹീബ്രു ബൈബിളിൻെറ അടിസ്ഥാനത്തിലുള്ളതും അലക്സാണ്ഡ്റിയായിലെ യഹൂദന്മാരുടെ കാനൊൻ ഗ്രീക്കുവിവർത്തനത്തിൻെറ അടിസ്ഥാനത്തിലുള്ളതും ആകുന്നു. ഹീബ്രു ബൈബിളിൽ മാത്രമുള്ള പുസ്തകങ്ങൾ പ്രഥമ കാനോനിക ഗ്രന്ഥങ്ങൾ എന്നും ഗ്രീക്കുവിവർത്തനത്തിൽ മാത്രം കാണപ്പെടുന്ന പുസ്തകങ്ങൾ ദ്വിതീയ കാനോനിക ഗ്രന്ഥങ്ങളെന്നും അറിയപ്പെട്ടുന്നുണ്ടെന്നു ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

വ്യത്യസ്തങ്ങളായ രണ്ടു കാനോനാകളുടെ അസ്തിത്വത്തിനു

വഴിതെളിച്ച കാരണങ്ങൾ ഏവയെന്നും ഖണ്ഡിതമായി പറയു ക സാദ്ധ്യമല്ല. ഒന്നാമതായി അലക്സാണ്ഡ്റിയായിലെ യഹൂ ദന്മാർ പലസ്തീനായിലെ യഹൂദപണ്ഡിതന്മാരുടെ പ്രാമാണിക തയെ വിഗണിച്ചുകൊണ്ട് വ്യത്യസ്തമായ ഒരു കാനൊൻ സ്വീ കരിക്കുന്നതിനു ധൈര്യപ്പെട്ടുമെന്നു കരുതുവാൻ ന്യായമില്ല. ര ണ്ടാമതായി ഈ വിഷയം സംബന്ധിച്ച് അഭിപ്രായ വ്യത്യാസ മുണ്ടായിരുന്നുവെന്നതിനു യാതൊരു തെളിവുമില്ല. ഗ്രീക്കു യഹൂ ദന്മാർ ദൈവനിവേശനത്തെ കൂടുതൽ വ്യാപകമായ അർത്ഥ ത്തിൽ സ്വീകരിച്ചു, ഹീബ്രു ഭാഷയോടും എസ്ദ്രാസിനു മുമ്പു ള്ള ഗ്രന്ഥങ്ങളോടും മാത്രം ബന്ധിച്ച് അതിനെ പരിമിതപ്പെടു ത്തിയില്ല. ഔദ്യോഗികമായ അംഗീകരണം ലഭിച്ചോ, ഇല്ല യൊ എന്നു ചിന്തിക്കാതെ പല പുസ്തകങ്ങളും ഉപയോഗിച്ചു— എന്നിങ്ങനെയുള്ള കാരണങ്ങളായിരിക്കാം വ്യത്യാസത്തിനു വഴി തെളിച്ചതെന്നു അനുമാനിക്കാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ജറുസ്സേമിലെ പണ്ഡിതന്മാർക്കു സ്വീകാര്യമല്ലാത്ത പല പുസ്തക ങ്ങളും ദൈവനിവേശിതങ്ങളായി ഗ്രീക്കുയഹൂദന്മാർ അംഗീകരി ച്ചു. എന്നാൽ ക്രിസ്തുവിനു മുൻപും പിൻപും ദ്വിതീയ കനൊനി ക ഗ്രന്ഥങ്ങളിൽപ്പെട്ട ചിലവ പലസ്തീനായിലും സ്വീകരിക്കപ്പെ ട്ടിരുന്നു. ഉദാഹരണം. ബാറുക്ക്, ബർഅസീറാ മുതലായവ. സംശ യങ്ങളും വ്യത്യാസങ്ങളും കൂടുതൽ ശക്തിപ്രാപിച്ചതു് എ. ഡി. ഒന്നാം നൂററാണ്ടിൻെറ അവസാനഘട്ടത്തിലാണ്. അപ്പോൾ വിശുദ്ധഗ്രന്ഥങ്ങൾക്കു ചില പ്രത്യേക ലക്ഷണങ്ങൾ ഉണ്ടായി രിക്കണമെന്ന് പലസ്തീനായിലെ യഹൂദന്മാർ തീരുമാനിച്ചു. അവ താഴെപ്പറയുന്നു.

1. മൂശയുടെ നിയമവുമായി ആനുരൂപ്യമുണ്ടായിരിക്കണം (Conformity to the law)

2. എസ്ദ്രാസിൻെറ കാലത്തിനു മുൻപ് എഴുതപ്പെട്ടവയാ യിരിക്കണം.

3. ഹീബ്രു ഭാഷയിലായിരിക്കണം (4) ആരംഭം പലസ്തീ നായിൽ ആയിരിക്കണം. ദ്വിതീയ കാനോനിക ഗ്രന്ഥങ്ങൾ ഈ ലക്ഷണങ്ങളെ ഉൾക്കൊള്ളുന്നില്ല. ബോധജ്ഞാനവും മക്ക ബായ രണ്ടാം പുസ്തകവും ഗ്രീക്കിൽ എഴുതപ്പെട്ടവയാണ്. എ

ക്ളേസിയാസ്റ്റിക്കസും മക്കബായ ഒന്നാം പുസ്തകവും എസ്ദ്രാസിൻെറ കാലശേഷം വിരചിതങ്ങളായ പയാകുന്നു. ബാറുക്ക് പലസ്തീനായ്ക്കു വെളിയിൽ എഴുതപ്പെട്ടതാണു്. മററുള്ള വമിക്കവാറും അരാമായഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു.

## പലസ്തീനായിലെ കാനോൻെറ പൂർത്തീകരണം

എബ്രായബൈബിളിൻെറ എണ്ണം രേഖപ്പെടുത്തിയിരിക്കുന്ന ആദ്യചരിത്രകാരൻ ജോസേഫസ് ആണു്. ഇന്നത്തെ ക്രമീകരണമനുസരിച്ച് ഹീബ്രുബൈബിളിൽ 40 പുസ്തകങ്ങളുണ്ടു്. ജോസേഫൂസ് 22 പുസ്തകങ്ങൾ എന്നാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. ഹീബ്രുഭാഷയിലെ അക്ഷരമാലയുമായി യോജിക്കത്തക്കവണ്ണം പുസ്തങ്ങൾ കൂട്ടിയോജിപ്പിച്ചാണു് 22 പുസ്തകങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു്.

എ. ഡി. 90—100 ൽ ജാമനിയായിൽ (Jam) വച്ചു നടത്തിയ സിനഡിൽ പലസ്തീനായിലെ യഹൂദന്മാരുടെ അഭിപ്രായങ്ങളെ കൂടുതൽ സ്ഥിരീകരിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ സ്വീകരിക്കപ്പെടുകയുണ്ടായി. എന്നാൽ ആ സിനഡിനുശേഷവും വിവാദങ്ങൾ തുടർന്നുപോന്നിരുന്നു. ഇന്നു ലഭിച്ചിട്ടുള്ള തെളിവുകൾ പരിശോധിക്കുമ്പോൾ എ. ഡി. രണ്ടാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി പലസ്തീനായിലെ യഹൂദന്മാരുടെ കാനോൻ അവസാനമായി അംഗീകരിക്കപ്പെട്ടുവെന്നു കാണാം.

## പഴയനിയമകാനോൻ സഭയുടെ മുൻപിൽ

ക്രൈസ്തവസഭയുടെ ആരംഭകാലത്തു് യഹൂദന്മാരുടെ ഇടയിൽത്തന്നെ പഴയനിയമത്തിൻെറ കനോൻ ഖണ്ഡിതമായി തീരുമാനിക്കപ്പെട്ടിരുന്നില്ല എന്നു നാം കണ്ടുകഴിഞ്ഞു. പഴയനിയമത്തിലെ അംഗീകൃതഗ്രന്ഥങ്ങളുടെ ഒരു ലിസ്റ്റു് ക്രിസ്തുവിൽ നിന്നോ അപ്പസ്തോലന്മാരിൽ നിന്നോ നമുക്കു ലഭിച്ചിട്ടുമില്ല. എന്നാൽ അപ്പസ്തോലന്മാർ ദ്വിതീയകാനോനികകൃതികൾ ഉൾപ്പെടുന്ന എല്ലാ പഴയനിയമഗ്രന്ഥങ്ങളേയും അംഗീകരിച്ചുവെന്നു പാരമ്പര്യം സാക്ഷിക്കുന്നു. ഗ്രീക്കുവിവർത്തനമാണു് അവർ ഉപയോഗിച്ചിരുന്നതു്. ദ്വിതീയ കാനോനിക ഗ്രന്ഥത്തിൽ നിന്നുള്ള പ്രത്യക്ഷങ്ങളല്ലെങ്കിലും പരോക്ഷങ്ങളായ പല ഉദ്ധരണികളും പഴയനിയമത്തിൽ കാണാം.

എവ്ര 1: 3—ബേ ധജ്ഞാനം 7.26
മത്താ: 6. 14 ബർഅ:സിറാ 28. 2., മത്താ 27.39 ബോധ:2.13
റോമ. 1. 20—ബോധജ്ഞ: 13:14
ഹീബ്രു 11:35=മക്കബെ 6:18
1 പത്രോ 1:6=ബോധ 3: 3.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ എഴുത്തുകാരും ഈ വിഷയം സംബന്ധിച്ചു ഏകാഭിപ്രായക്കാരായിരുന്നുവെന്നു് പറയേണ്ടിയിരിക്കുന്നു. റോമിലെ ക്ലെമൻറു, പൊലിക്കാർപ്പ്, ഇർനെവൂസ്സ്, ടെർററുല്യൻ, അലക്സാണ്ഡ്റിയായിലെ ക്ലമൻറു് ആദിയായവർ അവയെ ഉദ്ധരിക്കുന്നുണ്ടു്. നാലാം നൂറാണ്ടിൽ ദ്വിതീയ കാനോനിക ഗ്രന്ഥങ്ങൾ സ്വീകരിക്കുന്നതു സംബന്ധിച്ചു ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നുവെന്നതും ശരിയാണ്. എന്നാൽ തത്വത്തിൽ അവയെ തിരസ്ക്കരിച്ചവർ, തങ്ങളുടെ കൃതികളിൽ അവയിൽ നിന്നുള്ള ഉദ്ധരണികൾ വേദപുസ്തകവാക്യങ്ങൾപോലെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്.

## പുതിയനിയമത്തിൻെറ കാനോൻ

പുതിയനിയമത്തിൻെറ കനോൻ പഴയനിയമത്തിൻേറതു എന്നപോലെ ക്രമാനുഗതമായിട്ടാണു് രൂപം പ്രാപിച്ചതു്. പുതിയനിയമഗ്രന്ഥങ്ങൾ പ്രത്യേകം പ്രത്യേകം,വിവിധകാലഘട്ടങ്ങളിൽ, വിവിധങ്ങളായ സാഹചര്യങ്ങളിൽ പ്രത്യേക ആവശ്യതകൾ നിറവേററുന്നതിനുവേണ്ടി എഴുതപ്പെട്ടിട്ടുള്ളവയാണു്. പരസ്പര സഹകരണത്തിൽ ഒരു ഗ്രന്ഥസമുച്ചയം ഭാവിതലമുറക്കു നല്കണമെന്നുള്ള ലക്ഷ്യം അപ്പസ്തോലക്കും അവരുടെ ശിഷ്യക്കും ഇല്ലായിരുന്നു. നമ്മുടെ കത്താവും ശിഷ്യന്മാരും എഴുത്തുകാർ എന്നതിനേക്കാൾ ഗുരുക്കന്മാരായിരുന്നു. അവർ ദൈവവചനം പഠിപ്പിച്ചു. പ്രസംഗിച്ചു. വിശ്വാസം ശ്രവണത്തിൽ നിന്നു് എന്നാണു് വി. പൗലോസിൻെറ പ്രബോധനം. റോമ. 10: 17. സുവിശേഷപ്രചരണത്തിനു എഴുതപ്പെട്ടവചനം ഒരു സഹായകമാർഗ്ഗംമാത്രമായിരുന്നു, പുതിയനിയമത്തിലെ ഓരോഗ്രന്ഥവും പ്രത്യേകം പ്രത്യേകം വിരചിക്കപ്പെട്ടിട്ടുള്ളതാണു്. ഓരോന്നിനും അതിൻേറതായ ചരിത്രമുണ്ടു്. ഉദാ: വി. പൗലോസ്സ് ശ്ലീഹാ വിവിധ സഭകൾക്കായി എഴുതിയതു പ്രത്യേകം ഉള്ള ആവശ്യകത

യെ പുരസ്കരിച്ചാണ്. ഒരു സമൂഹത്തിനു എഴുതിയതു് മറെറാരു സമൂഹത്തിനു കൈമാററം ചെയ്തിരുന്നു. പുസ്തകങ്ങളുടെ സംഖ്യ വർദ്ധിച്ചു വന്നു. ഓരോ സമൂഹത്തിൻെറ ഗ്രന്ഥസഞ്ചയവും വർദ്ധിച്ചു. ഇങ്ങനെയാണ് പുതിയനിയമത്തിൻെറ കാനോൻ രൂപം പ്രാപിക്കാൻ തുടങ്ങിയതു്. ഈ ചെറുഗണം പുസ്തകങ്ങളോടു് അപ്പസ്തോലന്മാരുടേതെന്നു പരിഗണിക്കപ്പെട്ടുന്ന പുതിയ പുതിയ ഗ്രന്ഥങ്ങൾ ചേർക്കപ്പെട്ടു. ഈദൃശമുള്ള ഒരു ഗ്രന്ഥസമുച്ചയത്തിൻെറ വളർച്ചയ്ക്കു പുതിയ നിയമത്തിൽ തന്നെ സാക്ഷ്യങ്ങളുണ്ടു്. “നമ്മുടെ പ്രിയ സഹോദരനായ പൗലോസു് തന്നെയും തനിക്കു നല്കപ്പെട്ടിരുന്ന ജ്ഞാനത്തിനൊത്തവണ്ണം.” ഈ കാര്യത്തെക്കുറിച്ചു സംസാരിച്ചിട്ടുള്ള തൻെറ സകല ലേഖനങ്ങളിലേയും പോലെ “നിങ്ങൾക്കു എഴുതിയിരിക്കുന്ന പ്രകാരം നമ്മുടെ കത്താവിൻെറ ദീർഘശാന്തതയെ നിങ്ങൾ രക്ഷയായി കരുതുവിൻ” 2 പത്രോ; 3:15.

ജീവിച്ചിരിക്കുന്ന ദൃക്സാക്ഷികളുടെ സംഖ്യ കുറയുകയും സഭകളുടെ സംഖ്യ വർദ്ധിച്ചു തുടങ്ങുകയും ചെയ്തിരുന്ന ഒരുകാലത്തു നമ്മുടെ കത്താവിൻെറ ജീവിതത്തേയും മരണത്തേയും ഉത്ഥാനത്തേയും സംബന്ധിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കുന്നതു് എത്രയോ പ്രയോജനകരമായിരിക്കുമെന്നു് തെളിയുന്നുണ്ടു്. ഈ ഗ്രന്ഥങ്ങൾ അഥവാ സുവിശേഷങ്ങൾ, ലേഖനങ്ങൾ എന്നപോലെ ഒരു സഭയിൽ നിന്നു മറെറാരു സഭയിലേയ്ക്കു കൈമാററം ചെയ്യപ്പെട്ടുന്നു. ഇങ്ങനെ ഒരു സഭയ്ക്കു് നേരത്തെ ഉണ്ടായിരുന്ന ഗ്രന്ഥശേഖരണത്തോടു് ഒരു പുസ്തകം കൂടി ചേർക്കുവാൻ കഴിയുന്നു. കയ്യെഴുത്തുപ്രതികൾ ഉണ്ടാകുന്നതിനുള്ള പ്രയാസംമൂലവും ഗതാഗതത്തിൻെറ അസൗകര്യം മൂലവും ഗ്രന്ഥശേഖരണം അത്ര എളുപ്പമായിരുന്നില്ല. പ്രചാരത്തിലിരുന്ന ഗ്രന്ഥങ്ങളുടെ കോപ്പികൾ മുഴുവൻ ലഭിക്കുന്നതിനും പലസ്ഥലങ്ങളിലായി സ്ഥിതിചെയ്തിരുന്ന സഭകൾക്കു് ദീർഘമായ ഒരു കാലഘട്ടം തന്നെ വേണ്ടിവന്നിരിക്കാം,

ശ്ലൈഹികപ്രാമാണികത അവകാശപ്പെട്ടുന്ന ചില അപ്രാമാണിക ഗ്രന്ഥങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. തന്മൂലം യഥാർത്ഥത്തിൽ നിവേശിതങ്ങളായിരിക്കുന്ന ചില ഗ്രന്ഥങ്ങളുടെ തന്നെ

ദൈവനിവേശനത്തെപ്പററി വിശ്വാസികളുടെ ഇടയിൽ സംശയം ജനിച്ചു. ഈ ഗ്രന്ഥങ്ങൾ പുതിയനിയമത്തിലെ ദ്വിതീയ കാനോനികഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്നു. ഈ ഗ്രന്ഥങ്ങൾ ഏവയെല്ലാമെന്നു് പ്രാരംഭത്തിൽ കൊടുത്തിട്ടുണ്ടു്. അപ്രകാരം അപ്രാമാണികഗ്രന്ഥങ്ങളെപ്പററിയും മുകളിൽ പ്രതിപാദിച്ചിട്ടുണ്ടു്.

## പുതിയ കാനോൻെറ ചരിത്രം

റോമാ, അലക്സാണ്ഡ്റിയാ, കൊറിന്ത്യാ, അന്ത്യോക്യാ, മുതലായ പ്രധാനപള്ളികളിൽ പ്രാമാണികങ്ങൾ എന്നു കരുതപ്പെട്ടുപോന്നിരുന്ന ലൈഖികഗ്രന്ഥങ്ങളുടെ കോപ്പികൾ ഉണ്ടായിരുന്നുവെന്നു് അനുമാനിക്കാവുന്നതാണു്. ഒരുപക്ഷേ അവയുടെ ലിസ്റ്റു് വ്യത്യാസപ്പെട്ടിരിക്കാം. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളായി സ്വീകരിക്കപ്പെട്ടു എന്നതിനു പുതിയനിയമത്തിലുള്ള ഒരു തെളിവു നാം കണ്ടു കഴിഞ്ഞു. സഭാപിതാക്കന്മാർ പുതിയനിയമഗ്രന്ഥങ്ങൾക്കു സിദ്ധിച്ച അത്യുന്നത സ്ഥാനത്തെ സാക്ഷിപ്പെടുത്തിയിട്ടുണ്ടു്. റോമിലെ ക്ലെമൻറു കൊറിന്ത്യാക്കാർക്കു എഴുതിയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. 'വാഴ്ത്തപ്പെട്ട പൗലോസു് ശ്ലീഹാ എഴുതിയ ഗ്രന്ഥങ്ങൾ നിങ്ങളുടെ കൈകളിലെടുക്കുക. സുവിശേഷം ആദ്യം പ്രസംഗിക്കപ്പെട്ടപ്പോൾ അദ്ദേഹം നിങ്ങൾക്കു് എന്താണു് എഴുതിയതു്? തീച്ചയായും പരിശുദ്ധാത്മാവിനാൽ പ്രേരിതനായിട്ടാണു് അദ്ദേഹം തന്നെപ്പററിയും കേപ്പായെപ്പററിയും അപ്പോളോയെപ്പററിയും നിങ്ങൾക്കു് എഴുതിയതു്." എ. ഡി. 96.

രണ്ടാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി പുതിയനിയമഗ്രന്ഥങ്ങൾ പൊതുവായി അറിയപ്പെടുകയും അവയിൽ മിക്കവയുടേയും ദൈവനിവേശനം സാർവ്വത്രികമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

പുതിയനിയമഗ്രന്ഥങ്ങളുടെ ലിസ്റ്റു് സംബന്ധിച്ചു് നമുക്കു ലഭിച്ചിരിക്കുന്ന ഏററം പ്രാചീനമായ രേഖ "മുരാത്തോരിയൻ ഫ്രാഗ്മെൻറ്" ആണു് (Muratorian Fragment 200 A. D) 1740-ൽ മിലാനിലുള്ള അംബ്രോസിയൻ ലൈബ്രറിയിൽ നിന്നു് മുരാത്തോറി എന്ന ദേഹം ഈ രേഖ കണ്ടുപിടിച്ചു. രണ്ടാം നൂ

ററാണ്ടിൻെറ അവസാനത്തിൽ പ്രാമാണികങ്ങളായി റോമിൽ സ്വീകരിക്കപ്പെട്ടിരിക്കുന്ന പുസ്തകങ്ങളുടെ പേരുകൾ ഈ ലിസ്റ്റിൽ കൊടുത്തിരിക്കുന്നു. നാലു സുവിശേഷങ്ങൾ, എബ്രായക്കാർക്കുള്ള ലേഖനമൊഴിച്ച് പൗലോസ് ശ്ലീഹായുടെ മററുള്ള ലേഖനങ്ങൾ, യൂദായുടെ ലേഖനങ്ങൾ, യോഹന്നാൻെറ രണ്ടു ലേഖനങ്ങൾ, വെളിപാട് ഇവയാകുന്നു പുസ്തകങ്ങളുടെ പേരുകൾ.

മൂന്നാം നൂററാണ്ടിൻെറ ആരംഭത്തിൽ പുതിയനിയമത്തിൻെറ കാനോൻ ഇന്നു സ്വീകരിക്കപ്പെട്ടിരിക്കുന്ന എല്ലാ പുസ്തകങ്ങളും ഉൾക്കൊണ്ടിരുന്നുവെന്ന് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദ്വിതീയ കാനോനികഗ്രന്ഥങ്ങളെപ്പററിയുള്ള വിവാദങ്ങൾ ഇക്കാലത്ത് അവസാനിച്ചുവെന്ന് ഇവിടെ വിവക്ഷിക്കുന്നില്ല.

## സഭ വേദപുസ്തകത്തിൻെറ ഔദ്യോഗിക ലിസ്ററു തയ്യാറാക്കുന്നു.

ചില പുസ്തകങ്ങളുടെ ദൈവനിവേശനത്തെപ്പററിയുള്ള സംശയങ്ങളും വിവാദങ്ങളും നിരവധി അപ്രാമാണികഗ്രന്ഥങ്ങളുടെ പ്രചരണവും സഭയുടെ ഔദ്യോഗിക പ്രഖ്യാപനത്തിനു വഴി തെളിച്ചു. 393-ൽ ഹിപ്പോ നഗരത്തിൽകൂടിയ സമ്മേളനത്തിൽ ദ്വിതീയ കാനോനിക ഗ്രന്ഥങ്ങളേയും ഉൾപ്പെടുത്തിയുള്ള വേദപുസ്തക കാനോൻ അംഗീകരിക്കപ്പെട്ടു. ഈ അംഗീകരണം കാർത്തേജിൽ 397-ലും 418 ലും കൂടിയ കൗൺസിലുകളിൽ സ്ഥിരീകരിക്കപ്പെട്ടു. പൊതുതീരുമാനങ്ങളുണ്ടായിട്ടും ദ്വിതീയ കാനോനിക ഗ്രന്ഥങ്ങളെപ്പററിയുള്ള വിവാദങ്ങൾ പിന്നെയും തുടർന്നുപോന്നു. അവസാനം "ത്രേന്തോസു് സൂനഹദോസു്" അനാത്തമയുടെ കീഴിൽ (ശാപത്തിൻകീഴ്) പ്രഥമകാനോനികങ്ങളും ദ്വിതീയ കനോനികങ്ങളുമായ എല്ലാ ഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളും തുല്യപ്രാമാണികങ്ങളുമാണെന്ന് പ്രഖ്യാപനം ചെയ്തു. ഈ ലിസ്റ്റ് അനുസരിച്ച് വേദപുസ്തകത്തിൽ 72 പുസ്തകങ്ങളുണ്ട്.

## കത്തോലിക്കാബൈബിളും പ്രോട്ടസ്ററൻറു ബൈബിളും

പതിനാറാം നൂററാണ്ടിലെ മതവിപ്ളവകാലത്തു പ്രോട്ട

സ്റ്റൻറുകാർ ദ്വിതീയ കാനോനികഗ്രന്ഥങ്ങളെ തിരസ്കരിക്കുകയാണുണ്ടായതു്. ലൂതർ ക്രൈസ്തവബോധനത്തിൽ വരുത്തിക്കൂട്ടിയ ചില അബദ്ധതത്വങ്ങളുടെ ഖണ്ഡനം അവയിൽ തെളിഞ്ഞു കണ്ടു എന്നുള്ളതാണു് പ്രസ്തുത തിരസ്ക്കരണത്തിൻെറ ഹേതു. ഉദാഹരണമായി മക്കബായാക്കാരുടെ രണ്ടാം പുസ്തകം 12-ാം അദ്ധ്യായം 46—ാം വാക്യത്തിൽ "മരിച്ചവക്കുവേണ്ടി പ്രാർത്ഥിക്കുന്നതു പരിശുദ്ധവും സ്തുത്യർഹവുമായ ഒരു ചിന്തയാണെന്നു"ള്ള ഭാഗം പ്രോട്ടസ്റ്റൻറുകാരുടെ നവീകരണതത്വങ്ങൾക്കു കടകവിരുദ്ധമാണു്. വി: പൗലോസു് എബ്രായക്കാക്കു എഴുതിയ ലേഖനവും യാക്കോബിൻേറയും യൂദായുടേയും ലേഖനങ്ങളും യോഹന്നാൻെറ വെളിപാടും ലൂതറിൻെറ അഭിപ്രായപ്രകാരം ത്യാജ്യങ്ങളായിരുന്നു. വി: യാക്കോബിൻെറ ലേഖനം കേവലം വൈക്കോൽ പ്രായമായ ഒരു ലേഖനമാണെന്നായിരുന്നു ലൂതറിൻെറ അഭിമതം "നീതീകരണത്തിനു വിശ്വാസം മാത്രം മതി" എന്നുള്ള ലൂതറിൻെറ ഉദ്ബോധനത്തെ ശക്തിയായഭാഷയിൽ യാക്കോബിൻെറ ലേഖനത്തിൽ ഖണ്ഡിച്ചിരുന്നു എന്നുള്ളതാണു് ഈ അധിക്ഷേപത്തിനുള്ള കാരണം.

ഇപ്പോൾ പ്രോട്ടസ്റ്റൻറുകാർ, പഴയനിയമത്തിലെ ദ്വിതീയ കാനോനിക്കൽ ഗ്രന്ഥങ്ങളെ അപ്രാമാണികഗ്രന്ഥങ്ങളായി ബൈബിളിൻെറ അനുബന്ധമെന്നവണ്ണം ചേർത്തിരിക്കുന്നു.

## ഉപസംഹാരം

ഒരു പുസ്തകം ദൈവനിവേശിതമെന്നോ, കാനോനികമെന്നോ തെളിയിക്കുന്നതിനുള്ള ദൈവികസാക്ഷ്യം ക്രിസ്തുവിൽ നിന്നും അപ്പസ്തോലന്മാരിൽ നിന്നും സ്വീകരിക്കപ്പെട്ടിരിക്കുന്നതും സഭയാൽ ശ്രദ്ധാപൂർവം സംരക്ഷിക്കപ്പെട്ടുന്നതും അവരുടെ ഔദ്യോഗിക പ്രഖ്യാപനങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നതുമായ പാരമ്പര്യത്തിൽ പ്രധാനമായും സ്ഥിതിചെയ്യുന്നു. ദൈവം മനുഷ്യരെ പുസ്തകങ്ങൾ എഴുതുന്നതിനു പ്രേരിപ്പിച്ചുവെങ്കിൽ ആ പുസ്തകങ്ങളുടെ നിർമ്മാണസമയം മുതൽ തന്നെ അവ ദൈവപ്രേരണയാൽ എഴുതപ്പെട്ടെന്നുള്ള വസ്തുത—ദൈവം തന്നെയാണു് അവയുടെ കർത്താവു് എന്നുള്ള വസ്തുത—മാനവവംശത്തിനു അവിടുന്നു വെളിപ്പെടുത്തിക്കൊടുക്കുമെന്നുള്ളതു തീർച്ചയാണു്.

# രണ്ടാംവത്തിക്കാൻ കൗൺസിലും ക്രൈസ്തവൈക്യവും

(സി. ററി. വയലിൽ)

(തുടർച്ച)

## ചില പ്രധാന ക്രൈസ്തവൈക്യ തടസ്സങ്ങൾ

രണ്ടാംവത്തിക്കാൻ കൗൺസിൽ നിശ്ചിതാർത്ഥത്തിൽ ഒരു പുനരൈക്യസൂനഹദോസായിരിക്കുക ദുഷ്ക്കരമാണെന്നു് വിവിധക്രൈസ്തവസഭകളിലേ ആഴമേറിയ സൈദ്ധാന്തികാകൽച്ചകളും വിശ്വാസാത്മക വൈരുദ്ധ്യങ്ങളും തെളിയിക്കും. അവയെപ്പററി വിപുലമായ വിശദീകരണം നല്കേണ്ടതാവശ്യമെങ്കിലും, വിസ്തരഭയത്താൽ അതിനു ഞാൻ ഒരുമ്പെടുന്നില്ല. ഈലേഖനത്തിൽ ഈ വിഷയത്തേപ്പററി ആധികാരികമായി പറയാൻ കഴിവുള്ള കാർഡിനൽ ബെയാ തിരുമേനി "ക്രൈസ്തവൈക്യതടസ്സങ്ങൾ" എ

---

വെളിപ്പെടുത്തപ്പെടുന്ന കാര്യങ്ങൾ ഉടനടി യഥാതഥം മനുഷ്യൻ ഗ്രഹിക്കണമെന്നതല്ല, അവ കാലക്രമംകൊണ്ടു് നിരന്തരപരിശ്രമത്താൽ ഗ്രഹിണമെന്നതാണു് ദൈവത്തിൻെറ ക്രമം. വേദപുസ്തകകാനോൻ ഒരു വിശ്വാസസത്യമാണു്. വെളിപ്പെടുത്തപ്പെട്ട ഒരു സത്യമാണു്, അതിനു് അതിൻെറതായ ചരിത്രമുണ്ടു്. വികസനമുണ്ടു്. വികസനമെന്നുപറഞ്ഞാൽ കൂടുതൽ പൂർണ്ണമായതും വ്യക്തമായതും ആയ അറിവിൻെറ വർദ്ധനവു് എന്നർത്ഥം. വെളിപ്പെടുത്തപ്പെട്ട സത്യം ക്രമാനുഗതമായിട്ടു് എല്ലാവശങ്ങളോടുംകൂടി ഉടനടി ഗ്രഹിക്കപ്പെടുന്നില്ല. ക്രിസ്തുവിൽ നിന്നും അപ്പസ്തോലന്മാരിൽ നിന്നും സഭ സ്വീകരിച്ച തത്വങ്ങൾ ഒന്നും രണ്ടും നൂററാണ്ടുകളിൽ ഏതാണ്ടു സാമാന്യമായും പൊതുവായും അറിയപ്പെട്ടിരുന്നു. അഭിപ്രായപ്രകടനങ്ങൾകൊണ്ടും വിവാദങ്ങൾകൊണ്ടും അവ മൂന്നും, നാലും നൂററാണ്ടുകളിൽ കൂടുതൽ സുവിദിതങ്ങളായി, ആവശ്യം നേരിട്ടപ്പോൾ ഔദ്യോഗിക നിർവചനംവഴി അവ എത്രയും വ്യക്തമാക്കപ്പെട്ടു. വ്യത്യസ്തമായ പ്രബോധനമില്ല. പുതിയ വെളിപാടുമില്ല. തുടരും.

ന്ന തലക്കെട്ടിൽ എഴുതിയ ഒരു ലേഖനത്തിൽ നിന്നും ചില പ്രധാന ഭാഗങ്ങൾ ഉദ്ധരിച്ചു തൃപ്തിയടയാനേ ആവൂ (83). "ക്രൈസ്തവൈക്യപ്രതിബന്ധങ്ങളേപ്പററിയുള്ള നമ്മുടെ സംസാരങ്ങൾ അതിശയോക്തിപരമോ സാങ്കല്പികമോ ആയിരിക്കരുതു്. യാഥാർത്ഥ്യം അത്രയ്ക്കു ഗുരുതരമാണു്, അകത്തോലിക്കരിലുള്ള നന്മകൾ നാം നിഷേധിക്കുകയോ മറച്ചുവയ്ക്കുയോ അരുതു്...പ്രതിബന്ധങ്ങൾ എല്ലാ സഭകളിലും തുല്യങ്ങളല്ല. ചരിത്രപരമായ അവയുടെ ഉത്ഭവത്തേയും വളർച്ചയേയും ആശ്രയിച്ചു് അവ വ്യത്യസ്തങ്ങളാണു്, വിവിധസഭകളിൽ''.

ഓത്തഡോക്സുസഭകൾക്കും പ്രോട്ടസ്റ്റൻറു സഭകൾക്കും ആംഗ്ലിക്കൻ സഭകൾക്കും പ്രത്യേകങ്ങളായി പ്രതിബന്ധങ്ങൾ വിവരിക്കുകയാണു്, ബയാ തിരുമേനി. ശ്ളൈഹിക പാരമ്പര്യത്തിലും കൂദാശകളിലും മരിയഭക്തിയിലുമൊക്കെ ഓത്തഡോക്സു സഭകൾക്കു് കത്തോലിക്കാസഭയിൽ നിന്നും വലിയ മാററമില്ലെന്നു് ചൂണ്ടിക്കാട്ടിയ ശേഷം നിലവിലിരിക്കുന്ന വ്യത്യാസങ്ങൾ തിരുമേനി വിവരിക്കയാണു്. സഭൈക്യവീക്ഷണത്തിൽ വന്ന മാരകമായ മാററം, സഭയിലെ അധികാരത്തേപ്പററിയുള്ള പുതിയ വീക്ഷണത്തിൽ വന്ന മാരകമായ മാററം, സഭയിലെ അധികാരത്തേപ്പററിയുള്ള പുതിയ പുതിയ ചിന്താഗതി, പരിശുദ്ധാത്മാവിയുടെ പുറപ്പാട്ട സംബന്ധിച്ച വിവാദം (filioque) സഭയുടെ ഭാരണാധികാരത്തിൽ അത്മായരുടെ അവ്യക്തമായ അവകാശവാദങ്ങളും കൈകടത്തലും, ഹോളിസിനഡിൻെറ പരമാധികാരം, മാർപ്പാപ്പായുടെ പരമാധികാര നിഷേധം (They deny the Primacy of Jurisdiction and not the primacy of honour)തുടങ്ങിയവയാണു് കത്തോലിക്കസഭയിൽ നിന്നും ഓത്തഡോക്സു സഭകളെ അകററിനിറുത്തുന്ന ചില പ്രധാനപ്പെട്ട സൈദ്ധാന്തിക പ്രതിബന്ധങ്ങൾ. ചാർത്സ് ബുയ്യേ, "ക്രൈസ്തവൈക്യവും എക്കുമേനിക്കൽ പ്രസ്ഥാനവും''എന്ന തൻെറ പുതിയ പുസ്തകത്തിൽ മറെറാരു തടസ്സം എടുത്തുകാട്ടുന്നുണ്ട്-വിവാഹമോചനം(84).വി. മത്തായിയുടെ(85)സുവിശേഷഭാഗങ്ങൾ ഉദ്ധരിച്ചു കൊണ്ടാണു് ഓത്തഡോക്സുകാർ വിവാഹമോചനം നിഷ്പ്രയാസം അനുവദിക്കുക. "ആരെങ്കിലും അവിശ്വസ്തത നിമിത്തമല്ലാ

തെ ഭാര്യയെ ഉപേക്ഷിക്കുകയും മറ്റൊരുവളെ വിവാഹം കഴിക്കുകയും ചെയ്യുന്നവെങ്കിൽ അവൻ വ്യഭിചാരം ചെയ്യുന്നു. തെറ്റിദ്ധരിക്കപ്പെട്ടുന്ന ഈ വാചകം വി. മർക്കോസിൻേറയും (86) വി. പൗലോസിൻേറയും (87) വാക്യങ്ങൾ ഉദ്ധരിച്ച്, വിവാഹമോചനം അനുവദനീയമല്ലെന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഓർത്തഡോക്സുകാർ പ്രയോഗത്തിൽ അവിശ്വസ്തത മാത്രമല്ല അപവാദമായെടുക്കുന്നതു്, മറ്റുപല കാര്യങ്ങളും കൂടിയാണെന്നു് എം. ജൂഷി സമർത്ഥമായി കാട്ടിയിട്ടുണ്ടു് (188).

പ്രോട്ടസ്റ്റൻറു സഭകളാണു് വിശ്വാസാത്മകമായി സഭയിൽ നിന്നും വളരെ അകന്നുനില്ക്കുന്നതു്. അതുകൊണ്ടു് അവരുമായുള്ള പുനരൈക്യപ്രതിബന്ധങ്ങൾ അഗാധങ്ങളാണു്. ഏഴു കൂദാശകളുടെ തിരസ്കരണം, അധികാരനിഷേധം, നീതീകരണവാദം, വേദപുസ്തകമാത്രവാദം (sola Scriptura) പാരമ്പര്യാവഗണന, മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും നിഷേധിക്കൽ, മരിയശാസ്ത്രനിഷേധം, മരിയഭക്തിവിദ്വേഷം, വിശ്വാസസത്യവികാസനിഷേധം (dogmatic Progress)തുടങ്ങിയവയാണു് ആഴമേറിയ അത്തരം ക്രൈസ്തവൈക്യതടസ്സങ്ങൾ. ഇവ ഓരോന്നും പ്രത്യേകം വർച്ചചെയ്യപ്പെടുക നല്കുന്നുണ്ടെങ്കിലും, ഈ ലേഖനത്തിൽ എല്ലാം പറയുക സാദ്ധ്യമല്ലല്ലോ. ക്രൈസ്തവൈക്യതടസ്സങ്ങൾ നിസ്സാരങ്ങളല്ല എന്നു സൂചിപ്പിക്കുകമാത്രം.

ഓരോ സഭയുടെയും പ്രത്യേക പ്രതിബന്ധങ്ങൾക്കുപുറമേ, എല്ലാററിനും പൊതുവായ ചില തടസ്സങ്ങളുമുണ്ടെന്നു് കാർഡിനൽ ബയാ തൻെറ ലേഖനത്തിൽ കാണിച്ചിട്ടുണ്ടു്, എല്ലാററിനുമുപരിയായി, അനുകമ്പയുടെ അഭാവം, മുൻവിധികളുടെയും മിഥ്യാധാരണകളുടേയും പരക്കംപാച്ചിൽ, നിർഭാഗ്യകരമായ ചരിത്രാത്മകസ്മരണകളിൽ നിന്നും ഇരുഭാഗത്തും പൊന്തിവരുന്ന അവിശ്വാസവും പരസ്പരവിദ്വേഷവും വെറുപ്പും, കത്തോലിക്കാസഭയെപ്പററിയുള്ള ശരിയായ അറിവില്ലായ്മയും അജ്ഞതയും, നൂററാണ്ടുകളായി മുൻവിധികളിൽ പട്ടുത്തുയർത്ത അപകടകരമായ ധാരണകൾ...ഇവയെല്ലാം എല്ലാ സഭകളിലും ഇന്നു പൊതുവേ കാണുന്ന ക്രൈസ്തവൈക്യപ്രതിബന്ധങ്ങളാണു." ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ, രണ്ടാംവത്തിക്കാൻ കൗൺ

സിലിലൂടെ ക്രൈസ്തവൈക്യം പെട്ടെന്നു സാധിക്കുക സാധാരണ ഗതിയിൽ അത്ര എളുപ്പമല്ലെന്നു വ്യക്തമാണല്ലോ.

**രണ്ടാംവത്തിക്കാൻ കൗൺസിൽ ക്രൈസ്തവൈക്യത്തിനു എന്താണു ചെയ്യുക?**

രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു പുനരൈക്യസൂനഹദോസായിരിക്കുക ദുഷ്കരമെങ്കിൽ, ക്രൈസ്തവൈക്യത്തിനു് അതു എന്താണു ചെയ്യുക? ഈ ലേഖനപരമ്പരയുടെ മുഖവുരയിൽ ഉന്നയിക്കപ്പെട്ടതാണു് ഈ ചോദ്യം. ക്രൈസ്തവൈക്യപണ്ഡിതന്മാരായ കാർഡിനൽ ബയാ, കൊൻഗാർ, ലീമിംഗ്, റ്റവാർഡ്, ഷേഗർ, ഹാൻസ്ക്യുംഗ്, കാർഡിനൽ കഷിംഗ്, ബ്യുയ്യേ ആദിയായവർ ഈചോദ്യംതന്നെ ഉന്നയിക്കുകയും മറുപടികൾ നല്കുകയും ചെയ്തിട്ടുണ്ടു്. അവയിൽ ചിലതു മാത്രം ഞാൻ ഇവിടെ ഉദ്ധരിക്കാം. ക്രൈസ്തവൈക്യത്തിനു് കൗൺസിൽ ഇതിനകം എന്തുചെയ്തുവെന്നു കാണുന്നതിനുമുമ്പായി എല്ലാവരുടേയും മറുപടികളിൽ പൊതുവേ കാണുന്ന ആശയം ഇതാണു്. രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ ക്രൈസ്തവൈക്യം പൂർണ്ണമായും സംപ്രാപ്യമാവുക അസാദ്ധ്യം. താമസിയാതെ, മറെറാരു പുനരൈക്യസൂനഹദോസിന് അതു കളമൊരുക്കുമെന്നതു് മിക്കവാറും തീർച്ചതന്നെ. കാർഡിനൽ ബയായുടെ അഭിപ്രായത്തിൽ: "ഇന്നലെ പെയ്ത മഴയ്ക്കു കുരുത്തവയല്ല ക്രൈസ്തവൈക്യതടസ്സങ്ങൾ. അനേകം നൂററാണ്ടുകാലത്തെ പഴക്കമുള്ള വിഭജനങ്ങളും ഭിന്നതകളും പ്രശ്നം കൂടുതൽ ഗൗരവമാക്കുകയാണു ചെയ്യുന്നതു്. ഇതേപ്പററി അബോധവാന്മാരല്ല മാർപ്പാപ്പായും കൗൺസിൽ പിതാക്കന്മാരും. ക്രൈസ്തവൈക്യത്തിനുള്ള പാത സുരക്ഷിതവും സുഗമവുമാക്കുവാൻ അവർ ആത്മാർത്ഥമായും ശ്രമിക്കുമെന്നതു തീർച്ചതന്നെ." കൊങ്ഗാർ: "സാമ്പത്തികമേഖലകളിൽ പഞ്ചവത്സരപദ്ധതികളിലൂടെ സാധിക്കാവുന്നതുപോലെയുള്ള ഒന്നല്ല ക്രൈസ്തവൈക്യം. ഇരുഭാഗക്കാരും നന്നായൊരുങ്ങാനുണ്ടു്. രണ്ടാം വത്തിക്കാൻ കൗൺസിൽ അതിനു പ്രാരംഭമായി പലതും ചെയ്യും". (89) ഹാൻസ്ക്യുംഗ്: "ആയിരം കൊല്ലത്തേ പഴക്കമുള്ള വിവിധ ക്രൈസ്തവസഭകളെ പെട്ടെന്നു് കൂട്ടിച്ചേർക്കുക എളുപ്പമല്ല. പടിപടിയായിട്ടു വേണം അതു സാധിക്കാൻ... കൗൺ

സിൽ സാധകമായി ഇതിനെന്തെങ്കിലും ചെയ്യും". (90) കാർഡിനൽ കുഷിംഗ്: "നൂററാണ്ടുകളായി പഴകിയ അനൈക്യത്തിൻെറ വിടവ് ഏതാനും മാസങ്ങൾകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ നികത്തുമെന്ന് പറയുക ഒട്ടും ശരിയല്ല. ഒരത്ഭുതം കൊണ്ടു മാത്രമേ അതു സാധിക്കൂ. അതിരു കടന്ന ശുഭാപ്തി വിശ്വാസവും കണക്കററ പ്രതീക്ഷകളും ആശാഭംഗത്തിനേ വഴിതെളിക്കൂ. ഒരേ വിശ്വാസത്തിൽ എല്ലാ ക്രൈസ്തവരും ഐക്യപ്പെടണം. ദിവ്യനാഥൻെറ അഭിലാഷമാണത്. അതൊരിക്കൽ സംഭവിക്കുക തന്നെ ചെയ്യും. പക്ഷേ, അതിനു ക്ഷമാനിർഭരവും പ്രാർത്ഥനാത്മകവും വേദനാപൂർണ്ണങ്ങളുമായ വർഷങ്ങൾ പലതു കഴിയേണ്ടിയിരിക്കുന്നു. സാധകമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും കൊണ്ട് സുരക്ഷിതമായ ഐക്യമാർഗ്ഗ(91)ത്തിൽ നമ്മെ രണ്ടാം വത്തിക്കാൻ കൗൺസിൽ എത്തിക്കുമെന്നു പ്രതീക്ഷിക്കാം."

## സഭാനവീകരണവും ക്രൈസ്തവൈക്യവും

തിരുസഭയ്ക്ക് രണ്ടു വശങ്ങളുണ്ട്; ദൈവികവും മാനുഷികവും. മാനുഷികവശത്തിൻെറ ദുർബലതകൊണ്ട്, ചരിത്രത്തിലൂടെ സഭാജീവിതത്തിൽ കടന്നുപററിയിട്ടുള്ള ചില പോരായ്മകളും പ്രമാദങ്ങളും ക്രൈസ്തവനൈക്യത്തിനു വഴി തെളിച്ചിട്ടുണ്ടെങ്കിൽ, നിശ്ചയമായും അവയുടെ കാലികമായ തിരുത്തലുകളും നവീകരണവും ക്രൈസ്തവൈക്യത്തിന് ഏററം ആവശ്യകമാണല്ലോ. വിശ്വാസവും സന്മാർഗ്ഗവും (faith and morals) സംബന്ധിച്ച വിഷയങ്ങളിൽ മാത്രമേ സഭയ്ക്കു തെററാവരമുള്ളൂ. മററു മണ്ഡലങ്ങളിൽ അതിനു തെററു പിണഞ്ഞുകൂടെന്നില്ല. ഇന്നത്തെ ദാരുണമായ ക്രൈസ്തവനൈക്യത്തിന് അകത്തോലിക്കരെ മാത്രം കണ്ണുമടച്ചു പഴിച്ചതുകൊണ്ടായില്ല, കത്തോലിക്കരും ഏറെക്കുറെ അതിനുത്തരവാദികളാണ് എന്ന് മാർപ്പാപ്പാ തിരുമേനി ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട്, സഭയിലെ, പ്രമാദക്ഷമമല്ലാത്ത വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളൊഴിച്ചുള്ള മണ്ഡലങ്ങളിൽ ക്രൈസ്തവനൈക്യ പ്രേരകങ്ങളായിട്ടുള്ളവയെ തിരുത്തുകയും വേണ്ടത്ര നവീകരണം വരുത്തുകയുമെന്നതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ക്രൈസ്തവൈക്യ പ്രധാന

മായ പരിപാടി. പരിശുദ്ധപിതാവ്, സഭാനവീകരണമാണ് കൗൺസിലിൻെറ മൗലിക ലക്ഷ്യമെന്ന് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണല്ലോ. "വിശ്വാസികളുടെ ജീവിത നവീകരണം, ക്രിസ്തീയ വിശ്വാസ വികസനം, തിരുസഭാനിയമങ്ങളുടെ അനുരൂപീകരണം എന്നിവയാണ് സൂനഹദോസിൻെറ മുഖ്യലക്ഷ്യങ്ങൾ. "ആദ് പേത്രി കാത്തെദ്രാം" എന്ന വിശ്വലേഖനത്തിലെ വാക്കുകളാണിവ. മറെറാരവസരത്തിൽ പരിശുദ്ധ പിതാവ് കല്പിക്കയുണ്ടായി: "സഭയുടെ പുരോഗതിക്കുള്ള സകല പ്രതിബന്ധങ്ങളും നീങ്ങി പ്രകാശിതമാകുമ്പോൾ, സഭയെ അതിൻെറ പൂർണ്ണപ്രഭയിൽ മററുള്ളവർക്കു നമുക്കു കാണിച്ചു കൊടുക്കാം: 'പാപക്കറയില്ലാത്തവളേ' എന്നു വിളിച്ച്, സഭൈക്യത്തിൽ നിന്നും അകന്നു നിൽക്കുന്ന ഓർത്തഡോക്സ്, പ്രോട്ടസ്റ്റൻറു സഹോദരങ്ങൾക്കു് ഐക്യപ്രശോഭിതമായ സഭയെ ചൂണ്ടിക്കാട്ടി നമുക്കു പറയണം, സഹോദരരേ; നോക്കിയാലും. ഇതാണു ക്രിസ്തുവിൻെറ സത്യസഭ." 1962 ജൂലൈ ആറാം തീയതി പുറപ്പെടുവിച്ച "Poenitentiam agere" എന്ന വിശ്വലേഖനത്തിലും പരിശുദ്ധ പിതാവ് ഈ ആശയം പ്രകടമാക്കിയിട്ടുണ്ട്. "കത്തോലിക്കാ വിശ്വാസവും ഉപവിയും ധാർമ്മികാർജ്ജവത്വവും സുശക്തമാവുകയും, തിരുസിംഹാസനത്തിൽ നിന്നും അകന്നു നിൽക്കുന്നവർ ആത്മാർത്ഥമായും സജീവമായും ഐക്യമന്വേഷിക്കാനും ഏക ഇടയൻെറ ഏകതൊഴുത്തിൽ പ്രവേശിക്കാനും, അവ പുഷ്ടി പ്രാപിച്ച് പ്രചോദനം നൽകുകയും ചെയ്യട്ടെ, കൗൺസിലിലൂടെ." കൗൺസിൽ ഉൽഘാടനം ചെയ്തുകൊണ്ടുള്ള തൻെറ പ്രസംഗത്തിലും മാർപ്പാപ്പാ തിരുമേനി വ്യക്തമാക്കിയതു് ഇതേ ആശയം തന്നെയാണ്. "കാഠിന്യത്തിൻെറ പ്രതിവിധിയേക്കാൾ കരുണയുടെ ഔഷധമാണ് സഭ വിലമതിക്കുന്നതു്. ശാപവാക്കുകളിലല്ല, സഭയുടെ പ്രബോധനങ്ങളുടെ മാററു് മററുള്ളവർക്ക് ഉരച്ചു കാട്ടിക്കൊടുക്കുന്നതിലാണ്, ഇന്നത്തേ പ്രശ്നങ്ങൾക്കു തക്ക ഉത്തരം അടങ്ങിയിരിക്കുന്നതെന്ന് സഭ വിശ്വസിക്കുന്നു... ആവശ്യമുള്ളിടത്തൊക്കെ വേണ്ടത്ര നവീകരണം വരുത്തി സഭയെ അധുനാതനമാക്കുന്നതോടേ, ആളുകളും കുടുംബങ്ങളും ജനതകളും സ്വർഗ്ഗകാര്യങ്ങളിൽ ഉത്സുകരായിത്തീരും." (92) തിരുമേനി തുടരുകയാണ്; "സുവിശേഷ ചൈതന്യം പുനർജ്ജീവിപ്പിക്കുന്ന

തിനും സഭയെ പരിഷ്കരിക്കുന്നതിനുമായി ആദ്യം ഒരു കൗൺസിൽ നടക്കണം. എങ്കിൽ മാത്രമേ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളെ നമുക്കും അവർക്കു നമ്മേയും ശരിക്കു മനസ്സിലാക്കുന്നതിനു പറ്റുകയുള്ളൂ.'' ഇവയിൽ നിന്നെല്ലാം തെളിയുന്നതു്, സഭാനവീകരണമാണു് ക്രൈസ്തവൈക്യാത്മകമായ കൗൺസിൽ പരിപാടി എന്നാണല്ലോ. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണു്, ഹാൻസ് ക്യംഗ് അഭിപ്രായപ്പെടുന്നതു്: ''സഭാനവീകരണാടിസ്ഥാനത്തിൽ മാത്രമേ അകന്നു നിൽക്കുന്ന സഹോദരങ്ങളുമായി ഐക്യപ്പെടാൻ ആവൂ. സുവിശേഷത്തിൻെറ വെളിച്ചത്തിൽ നീതീകരിക്കപ്പെടാവുന്ന തരത്തിൽ അകത്തോലിക്കാ സഹോദരങ്ങളുടെ ആഗ്രഹങ്ങൾക്കൊത്തവയായിരിക്കണം പ്രസ്തുത നവീകരണം. അത്തരത്തിലുള്ള ഒരു നവീകരണം അകത്തോലിക്കാസഹോദരങ്ങളുടെ ഇടയിലുമുണ്ടാകണമെന്നു് കത്തോലിക്കർ ന്യായമായും പ്രതീക്ഷിക്കുന്നുണ്ടു്.'' (93)

**കൗൺസിലിൻെറ പ്രഥമ സമ്മേളനവും ക്രൈസ്തവൈക്യവും**

കൗൺസിലിൻെറ ആദ്യസമ്മേളന നടപടികൾ സശ്രദ്ധം പരിശോധിച്ചാൽ നമുക്കു മനസ്സിലാവും, ക്രൈസ്തവൈക്യപ്രധാനമായ സഭാനവീകരണത്തിലാണു് കൗൺസിൽ പിതാക്കന്മാർ ഒന്നടങ്കം ശ്രദ്ധ ചെലുത്തിയതെന്നു്.

**ആരാധനക്രമ നവീകരണം.**

കൗൺസിലിൻെറ പ്രാരംഭക്കമ്മീഷനുകൾ തയ്യാറാക്കിയിരുന്ന ക്രമങ്ങൾ (Schemata) അനുസരിച്ചു്, ആദ്യത്തെ നാലും സൈദ്ധാന്തികമോ വിശ്വാസസത്യപരമോ ആയിരുന്നു. ആരാധനക്രമത്തിനു് അഞ്ചാം സ്ഥാനമാണു് നൽകപ്പെട്ടിരുന്നതു്. കൗൺസിലിൻെറ ഇടയാത്മകവും ക്രൈസ്തവൈക്യപരവുമായ പ്രാധാന്യത്തെച്ചൊല്ലി, ആരാധനക്രമം തന്നെ ആദ്യചർച്ചയ്ക്കെടുത്തു കൗൺസിൽ പിതാക്കന്മാർ. പരമ്പരാഗതമായി വിശ്വസിച്ചുപോരുകയും പലപ്പോഴായി അദ്ധ്യവസാനം ചെയ്യപ്പെടുകയും ഉണ്ടായിട്ടുള്ള വിശ്വാസസത്യങ്ങൾ വീണ്ടും ചർച്ചചെയ്യപ്പെട്ടുകൊണ്ടോ അദ്ധ്യവസാനം ചെയ്തുകൊണ്ടോ സഭാനവീകരണം കാര്യമായി സാധിക്കുന്നില്ലെന്നും, സഭാ

ജീവൻെറ കേന്ദ്രമായ ആരാധനക്രമത്തിൽ പലപ്പോഴായി കടന്നുകൂടിയിട്ടുള്ള പോരായ്മകളും പരാജയങ്ങളും തിരുത്തി കാലികമായി നവീകരിക്കുകയാണ് വേണ്ടിയിരിക്കുന്നതെന്നുമായിരുന്ന കൗൺസിൽ പിതാക്കന്മാരുടെ തീരുമാനം, തികച്ചും ക്രൈസ്തവൈക്യപ്രധാനമാണ് പ്രസ്തുത തീരുമാനമെന്നായിരുന്നു പല ക്രൈസ്തവൈക്യപണ്ഡിതന്മാരും അഭിപ്രായപ്പെട്ടത്. പ്രസിദ്ധ പണ്ഡിതനായ ററവാർഡിൻെറ വാക്കുകളിൽ: "ഏകത, വിശുദ്ധി, കാതോലികത്വം, അപ്പസ്തോലികത്വം എന്നീ ആത്മീയ സവിശേഷതകൾ ഉൾക്കൊള്ളുന്ന സഭയെ ക്രിസ്തുവിൻെറ ഏകസത്യസഭയായി അകത്തോലിക്കർ കാണണമെന്നുണ്ടെങ്കിൽ, സഭാസംബന്ധമായ അവരുടെ മനോഭാവമെന്തെന്നുകൂടി മനസ്സിലാക്കി പ്രവത്തിക്കേണ്ടിയിരിക്കുന്നു. മനോഹരങ്ങളായ കുറെ സിദ്ധാന്തങ്ങൾ കെട്ടിപ്പട്ടത്തുകൊണ്ടു മാത്രം അതു സാധിക്കയില്ല. സഭക്കു രൂപം നൽകുന്ന വിശ്വാസികളിൽ ദൈവരാജ്യത്തിൻെറ മൂത്തീഭാവം കാണിക്കാൻ ശ്രമിക്കണം. ദുർഗ്രഹങ്ങളായ കുറേ തലക്കെട്ടുകളിലോ, ആകർഷകങ്ങളായ ഏതാനും ചടങ്ങുകളിലോ, മോൺസിഞ്ഞോറന്മാരുടെ സംഖ്യാവർദ്ധനവിലോ, കർദ്ദിനാളന്മാരുടെ വേഷവിധാനങ്ങളിലോ ഒന്നുമല്ല ദൈവരാജ്യത്തിൻെറ മൂത്തീഭാവം പ്രകടമാകുന്നതു്, അകത്തോലിക്കരുടെ ദൃഷ്ടിയിൽ. ആരാധനക്രമത്തിലും ദൈവവചനത്തിൻെറ പ്രഘോഷണത്തിലുമാണ് അതടങ്ങിയിരിക്കുക. അതുകൊണ്ട്, ആരാധനക്രമനവീകരണവും ദൈവവചനവിജ്ഞാനവികാസവുമാണ് ക്രൈസ്തവൈക്യസാധ്യതയുള്ളതായ രണ്ടു അവശ്യഘടകങ്ങൾ" (94).

മിശിഹായുടെ മൗതികശരീരത്തിൻെറ ഔദ്യോഗികവും പരസ്യവുമായ ആരാധനയാണ് ആരാധനക്രമം; സഭാജീവൻെറ കേന്ദ്രവും. പിതാവായ ദൈവത്തിന് സുതനായ മിശിഹായുടെ മദ്ധ്യസ്ഥതയിലൂടെ ആശ്വാസപ്രദനായ പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ പൊതുവാരാധന അർപ്പിക്കുകയെന്നതാണ് സഭയുടെ മൗലികധർമ്മം. ഈ ലക്ഷ്യമാണ് ആരാധനക്രമത്തിലൂടെ സാധിക്കുക. പക്ഷേ വിശ്വാസികൾ, വൈദികർപോലും, ഈ സത്യത്തെപ്പററി അത്ര ബോധവാന്മാരായിട്ടല്ല പ്രവത്തിക്കുന്നതെന്നതാണ് വാസ്തവം. ഒരു പക്ഷേ ആകർഷകങ്ങളും എന്നാൽ അത്ര ആവശ്യകങ്ങളുമല്ലാത്ത ചില ചടങ്ങുകളുടെ മറയിൽ ആ

രാധനക്രമത്തിന്റെ അഗാധതയും അമൂല്യതയും നിഷ്പ്രഭമാവുക അപൂർവമല്ല. പ്രാർത്ഥിക്കുന്നതും പ്രസംഗിക്കുന്നതുമെല്ലാം മനസ്സിലാക്കണമെന്നോ, മനസ്സിലാക്കിക്കണമെന്നോ ഒന്നുമില്ല പലർക്കും; ഏതാനും ബാഹ്യ ചടങ്ങുകൾ യാന്ത്രികമായിട്ടെങ്കിലും ഒത്തിരുന്നാൽ മതി. ആരാധനക്രമത്തെപ്പററി പല അഭിജ്ഞന്മന്യന്മാരുടെപോലും അബദ്ധധാരണയാണിത്. അപകടകരവും അപലപനീയവുമായ ഈ അജ്ഞത ദൂരെയകററി ആരാധനക്രമത്തെപ്പററി ആഴമായ അറിവ് വിശ്വാസികൾക്കു നല്കേണ്ടതു് അത്യാവശ്യമത്രേ.

കത്തോലിക്കരുടെ ആരാധനക്രമത്തെപ്പററി പതിനാറാം നൂററാണ്ടിലെ മതനവീകരണക്കാരും അവരുടെ പിൻഗാമികളായ പ്രോട്ടസ്റ്റൻറുകാരും ഉന്നയിച്ചിട്ടുള്ള ചില ആക്ഷേപങ്ങൾ ശ്രദ്ധാർഹങ്ങളാണ്. തിരുവത്താഴവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു തരം "ചടങ്ങായി" ദിവ്യബലിയെ കത്തോലിക്കർ തരം താഴ്ത്തിയെന്നും ഒരുവിധ "പ്രതിമാവന്ദനശുശ്രൂഷയായി അതിനെ തീർത്തിരിക്കുന്നുവെന്നുമാണ് മതനവീകരണക്കാർ പരാതിപ്പെട്ടതു്. ദൈവവചനം വളരെ കുറച്ചുമാത്രമേ കത്തോലിക്കരുടെ ആരാധനക്രമത്തിൽ കേൾക്കപ്പെട്ടുന്നുള്ളു; ദുർഗ്രഹമായ ഭാഷയിലത്രേ പ്രാർത്ഥനകൾ. സുവിശേഷവാക്യങ്ങൾ വിശദീകരിക്കപ്പെട്ടുന്നില്ല: സുവിശേഷ ഘോഷണം അവഗണിക്കപ്പെട്ടിരിക്കുന്നു: പുരോഹിതൻ മാത്രമാണ് ആരാധനക്രമത്തിലെ സജീവ പങ്കാളി; അത്മായരെ വെറും മൂക നിരീക്ഷകരായിതള്ളിയിരിക്കുന്നു തുടങ്ങിയവയായിരുന്നു മതനവീകരണക്കാരുടെ മററു പരാതികൾ. ഇവയെല്ലാം അപ്പാടേ ശരിവയ്ക്കുകസാദ്ധ്യമല്ലെങ്കിലും, അവയിൽ അടങ്ങിയിരിക്കുന്ന സത്യവശങ്ങൾ നിഷേധിക്കുക ഭംഗിയല്ലല്ലോ. വിശ്വാസികളുടെ നിഷ്ക്രിയാത്മകവും നിഷ്പക്ഷതാപൂർവ്വകവുമായ പങ്കെടുക്കലാണ് ആരാധനക്രമത്തിൽ വന്നിട്ടുള്ള അപാകതകളിൽ പ്രധാനം. അതിനു്, ഹാൻസ്ക്യുംഗ് ഉന്നയിച്ചിട്ടുള്ള ചില കാരണങ്ങളാണിവ; ദിവ്യബലിയിലെ സുവിശേഷഭാഗവുമായി ഒട്ടും പൊരുത്തമില്ലാത്ത ഉപമാപരമായ വ്യാഖ്യാനങ്ങൾ; ജനങ്ങൾക്ക് അജ്ഞാതമായ ഭാഷയിലുള്ള ദിവ്യബലി സമർപ്പണം; വി. കർബാനയുടെ കാതലിനെ മങ്ങിപ്പിക്കുന്ന ചില ചടങ്ങുകൾ; ജനങ്ങളുടെ മദ്ധ്യത്തിൽ

വച്ചിരുന്ന അൾത്താര ഗായകസംഘത്തിന്റെ വശത്തേക്ക മാററിയതു്; അൾത്താര ഉയൎന്ന പീഠമാക്കിയതു്; ജനങ്ങൾക്കഭിമുഖമായിനിന്നു് കർബാന അർപ്പിക്കത്തക്ക പതിവു മാററി, ഭിത്തിക്ക തിരിഞ്ഞുനിന്നു് ദിവ്യബലി അർപ്പിക്കാൻ തുടങ്ങിയതു്; ജനങ്ങളിൽ നിന്നും ഗായകസംഘത്തെ വേർതിരിച്ചതു്: ജനങ്ങളുടെ പൊതുദിവ്യകാരുണ്യ സ്വീകരണം വെട്ടിക്കുറച്ചതു്... ഇവയെല്ലാം ജനങ്ങളുടെ സജീവപങ്കെടുക്കലിനെ നിർജ്ജീവമാക്കിക്കളഞ്ഞു.". (95) ലത്തീൻ റീത്തിലെ കർബാനക്രമത്തെപ്പററിയാണു് കൃങ് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നതെങ്കിലും, മററു റീത്തുകളിലെ കർബാനക്രമങ്ങളേപ്പററിയും ഇവയിൽ ചിലതെല്ലാം പറയാവുന്നതാണല്ലോ.

കൗൺസിലിന്റെ ആദ്യസമ്മേളനത്തിൽ ഏററംകൂടുതൽ ചർച്ച് നടന്നതു്, ആരാധനക്രമത്തെപ്പററിയാണു്; ഒക്ടോബർ 22 മുതൽ നവംബർ പതിമ്മൂന്നു വരെ പതിനഞ്ച്യ പൊതുസമ്മേളനങ്ങളിൽ സമഗ്രവും സുദീർഘവുമായ ചർച്ചകൾക്കശേഷം ആരാധനക്രമത്തിന്റെ ഘടനയുടെ ആമുഖവും പ്രഥമാദ്ധ്യായവും വോട്ടിനിട്ടു് അംഗീകരിക്കുകയുണ്ടായി. ഒന്നും രണ്ടും അദ്ധ്യായങ്ങളെപ്പററിയാണു് ചർച്ചകൾ നടന്നതു്. പ്രധാന ചർച്ചാവിഷയങ്ങൾ ഇവയാണു്, കൗൺസിലിൽ സംബന്ധിച്ചിരുന്ന ഒരു പണ്ഡിതന്റെ വാക്കുകളിൽ: "ആരാധനക്രമത്തിന്റെ നവീകരണത്തിന്റെയും പരിഷ്കരണത്തിന്റെയും പരിധി ഓരോ ദേശത്തോടും അവിടത്തെ സംസ്കാരങ്ങളോടും ആരാധനക്രമത്തെ അനുരൂപപ്പെടുത്താനും സൗകര്യപ്പെടുത്താനുമുള്ള സാധ്യതകൾ, വിവിധ പ്രദേശങ്ങളിൽ ആരാധനക്രമത്തിന്റെ മേലുള്ള അധികാരം, ദേശീയഭാഷകളുടെ കൂടുതൽ ഉപയോഗം, രണ്ടു സാരാംശങ്ങളിലുമുള്ള ദിവ്യകാരുണ്യസ്വീകരണം, ദിവ്യബലിയുടെ സഹസമർപ്പണം (Concelebration) ഇവയെപ്പററിയാണു് പ്രധാനമായും കൗൺസിൽ പിതാക്കന്മാർ ചർച്ച ചെയ്തതു്." (96)

മികച്ച ഭൂരിപക്ഷത്തോടെ അംഗീകരിക്കപ്പെട്ട പ്രഥമാദ്ധ്യായത്തിന്റെ—"ആരാധനക്രമത്തിന്റെ നവീകരണത്തിനും പോഷണത്തിനുമുള്ള പൊതുതത്വങ്ങൾ"—ഉള്ളടക്കത്തെപ്പററി ഔദ്യോഗികമായ അറിയിപ്പുകൾ ഉണ്ടായിട്ടില്ലെങ്കിലും, വത്തിക്കാ

ന്റെ അർദ്ധ ഔദ്യോഗിക ജിഹ്വയെന്നു വിളിക്കപ്പെടുന്ന "ഒസ്സെർവത്തോരെ റൊമാനോ"യിൽ പ്രത്യക്ഷപ്പെട്ട ഒരു ലേഖനത്തിൽ നിന്നും പല വിവരങ്ങളും നമുക്കു ലഭിക്കുന്നുണ്ട് (97). അംഗീകൃത പ്രഥമാദ്ധ്യായത്തിനു് അഞ്ച് ഭാഗങ്ങളാണുള്ളതു്: ഒന്നു്, ആരാധനക്രമത്തിന്റെ സ്വഭാവവും സഭാജീവിതത്തിൽ അതിനുള്ള പ്രാധാന്യവും, രണ്ടു്, ആരാധനക്രമത്തിന്റെ രൂപവല്ക്കരണവും ആളുകളുടെ സജീവ പങ്കെടുക്കലും. മൂന്നു്; ആരാധനക്രമ പരിഷ്ക്കരണം, നാലു്; രൂപതകളിലും ഇടവകകളിലും ആരാധനക്രമാത്മകജീവിതത്തെ പുഷ്ടിപ്പെടുത്തേണ്ടതിന്റെ ആവശ്യകത, അഞ്ച്. ഇടയാത്മകവും ആരാധനക്രമപരവുമായ പ്രവർത്തനത്തിന്റെ പോഷണം. "ക്രിസ്തുവിന്റെ നമ്മുടെ ഇടയിൽ സന്നിഹിതവും പ്രവർത്തനനിരതവുമായ വിശുദ്ധ ചരിത്രത്തിന്റെ വാസ്തവീകരണമത്രേ ആരാധനക്രമം; പരിശുദ്ധമായ അടയാളങ്ങളുടെ മറയിൽ. ഈ അടയാളങ്ങളുടെ സൂചിതാർത്ഥം ആളുകൾക്കു സുഗ്രഹമാക്കുകയെന്നതാണു് ആരാധനക്രമനവീകരണത്തിലെ മുഖ്യഘടകം; അങ്ങനെ ആളുകളുടെ സജീവ പങ്കെടുക്കൽ ശക്തിപ്പെടുത്തുകയും."

ആദ്യ അദ്ധ്യായത്തിലെ 22—ാം നമ്പർ വളരെ പ്രധാനപ്പെട്ടതാണു്, ക്രൈസ്തവൈക്യപരമായും. പൊതുതത്വങ്ങളുടെ വെളിച്ചത്തിൽ, ഓരോ ദേശത്തേയും സാംസ്ക്കാരിക പശ്ചാത്തലവും പാരമ്പര്യകെട്ടുപാടുകളും കണക്കിലെടുത്തുകൊണ്ടു്, അതാതു ദേശങ്ങളിൽ ആരാധനക്രമ നവീകരണം നടത്താനുള്ള അധികാരം മെത്രാന്മാർക്കാണു നൽകപ്പെട്ടിരിക്കുന്നതു്. പ്രസ്തുതാധികാരം കൗൺസിൽ നല്കിയതല്ല, വാസ്തവത്തിൽ അവർക്കുണ്ടായിരുന്നെങ്കിലും പ്രയോഗത്തിൽ വരുത്താതിരുന്ന അധികാരത്തെ അംഗീകരിക്കമാത്രമേ ചെയ്തിട്ടുള്ളു. ഈ അധികാരപരിധി ക്ലിപ്തമായി കൗൺസിലിന്റെ അടുത്ത സമ്മേളനത്തിൽ നിശ്ചയിക്കപ്പെടും. അതോടെ, റോമൻ കൂരിയായുടെ അധികാരവികേന്ദ്രീകരണവും മെത്രാന്മാരുടെ അധികാരവൃദ്ധിയുമാണു സാധിക്കുക.

ആരാധനക്രമത്തിന്റെ സാമൂഹ്യവശത്തെ പോഷിപ്പിക്കുന്നതിനു് ഉന്നയിച്ചിരിക്കുന്ന അഞ്ച് മാർഗ്ഗങ്ങളെപ്പററി ഇരുപത്താറാംനമ്പറിൽ വിവരിച്ചിട്ടുണ്ട്. (1) സാധ്യമുള്ളപ്പോഴൊക്കെ, ബാഹ്യമായിട്ടും ആരാധനക്രമത്തിന്റെ സാമൂഹ്യവശത്തെ പ്ര

കടിപ്പിക്കത്തക്കവിധം ആളുകളുടെ സാന്നിദ്ധ്യവും പങ്കെടുക്കലുമുള്ള ദിവ്യബലിയുടെ പൊതുസമർപ്പണമാണ്, വ്യക്തിപരമായിട്ടോ, രഹസ്യമായിട്ടോ ഉള്ള സമർപ്പണത്തേക്കാൾ മുൻഗണനാർഹം. 2) ആരാധനക്രമാത്മകച്ചടങ്ങുകളിൽ സംബന്ധിക്കുന്ന എല്ലാവരും തങ്ങളുടെ കൃത്യങ്ങൾ നന്നായും ക്രമമായും നിറവേററണം. കാർമ്മികർ, വായനക്കാർ, വ്യാഖ്യതാക്കൾ, ഗായകസംഘം തുടങ്ങിയവരെയാണ് ഇവിടെ ഉദ്ദേശിക്കുന്നതു്. (3) വിശ്വാസികളുടെ പങ്കെടുക്കൽ സജീവമാക്കണം: പ്രത്യേകിച്ചും ഉത്തരങ്ങളും ആർപ്പുവിളികളും, പാട്ടുകളും വഴി. (4) ആരാധനക്രമപുസ്തകങ്ങൾ പുന:പരിശോധനചെയ്യപ്പെട്ടുകഴിയുമ്പോൾ ജനങ്ങളുടെ ഉത്തരങ്ങൾക്കുള്ള കർമ്മവിധികൾ (rubrics) വ്യക്തമായും ശരിയായും ആവിഷ്ക്കരിക്കണം (5) ആരാധനക്രമത്തിൽ പ്രത്യേക ആളുകൾക്കോ സാഹചര്യങ്ങൾക്കോ വേണ്ടി തരംതിരിവുകൾ കാണിക്കരുതു്. ഉദാ:—ശവസംസ്കാരം, വിവാഹചടങ്ങ് തുടങ്ങിയവയിൽ നിലവിലിരിക്കുന്ന ക്ലാസ്സുതിരിവുകൾ, എന്നാൽ ആരാധനക്രമത്തിൻെറ കർമ്മാദിസ്ഥാനത്തിലുള്ള സ്ഥാനവത്യാസങ്ങളും ആരാധനക്രമനിയമമനുസരിച്ച് സിവിൽ അധികാരികൾക്കു നൽകപ്പെട്ടിരിക്കുന്ന ബഹുമാനങ്ങളും മററും ഈ നിയമത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

33—ാം നമ്പറിൽ ആരാധന ക്രമഭഷയേപ്പററിയാണു പ്രതിപാദ്യം. ലത്തീൻ ആരാധനക്രമത്തിൽ ദ്വിഭാഷാപ്രയോഗം അനുവദിക്കപ്പെട്ടിരിക്കുന്നു, ഏററം പ്രധാനഭാഗങ്ങൾ ലത്തീനിലും വായന, മദ്ധ്യസ്ഥപ്രാർത്ഥന തുടങ്ങിയവ ദേശീയഭാഷകളിലും. എന്നാൽ കുർബാന മുഴവൻതന്നെയും ദേശീയഭാഷകളിലാക്കണമെന്നു് പല കൗൺസിൽ പിതാക്കന്മാരും ശക്തിയോടെ വാദിച്ചിരുന്നു. ലത്തീൻ തന്നെ തുടരണമെന്നു വാദിച്ചിരുന്ന പിതാക്കന്മാരുടെ മുമ്പിൽ അവരുടെ വാദങ്ങൾ പെട്ടെന്നു വിലപ്പെട്ടുകയില്ലല്ലോ,

ആരാധനക്രമത്തിൻെറ ഘടനയുടെ മററദ്ധ്യായങ്ങളിൽ ദിവ്യബലി, കൂദാശകളും കൂദാശികങ്ങളും, കാനോനനമസ്കാരം, സംഗീതവും കലയും, വിശുദ്ധമായ അലങ്കാരങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. ഇവയെല്ലാം ആരാധനക്രമത്തിൽ

ക്രൈസ്തവൈക്യപ്രധാനങ്ങളായ നവീകരണങ്ങൾ വരുത്താൻ പോരുന്നവയാണ്.

ഇവിടെ, നാമൊരുകാര്യം ഓർമ്മിക്കണം. കൗൺസിലിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന പല പരിഷ്ക്കാരങ്ങളും പൗരസ്ത്യ റീത്തുകളിൽ നിലവിലിരിക്കുന്നവയാണ്. പക്ഷേ, അവയെപ്പററി വൈദികരും വിശ്വാസികളും അത്ര ബോധവാന്മാരല്ലെന്നതാണ് ദയനീയം. സീറോമലബാർ സഭയുടെ കുർബാന ക്രമം മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടുവാൻ, ചിരകാലമായി എല്ലാവരും ആഗ്രഹിച്ചുപോന്നതാണല്ലോ. മലയാളവിവർത്തനവും അംഗീകാരവും കിട്ടിക്കഴിഞ്ഞിട്ടും നമ്മുടെ വിശ്വാസികളും വൈദികർപോലും അതിൽ വേണ്ടത്ര ശ്രദ്ധയും താല്പര്യവും കാണിക്കുന്നില്ല എന്നതു തികച്ചും പരിതാപകരമത്രേ. ആരാധനക്രമത്തെപ്പററിയുള്ള നമ്മുടെ അപലപനീയമായ അജ്ഞതയാണ് ഇതിനു മുഖ്യകാരണം.

"ഓസർവത്തോരെ റൊമാനോ"യിലെ ലേഖനം അവസാനിപ്പിച്ചിരിക്കുന്നതു് ഈ വാക്കുകളിലാണ്: "ആരാധനക്രമനവീകരണം ക്രൈസ്തവൈക്യപ്രശ്നത്തെ സാരമായി സ്പർശിക്കുന്നുവെന്ന് ആരാധനക്രമത്തേപ്പററി ശരിയായ ഒരു വീക്ഷണമുള്ള ആർക്കും എളുപ്പം മനസ്സിലാക്കാൻ ഒക്കും". ഈ വിഷയത്തിൽ പ്രഗത്ഭനായ (കൗൺസിലിൽ അദ്ദേഹം പങ്കെടുത്തിരുന്നു) മാക്മാനൂസിൻെറ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് ആരാധനക്രമത്തേപ്പററിയുള്ള ചർച്ച അവസാനിപ്പിക്കാം. "ദൈവപരിപാലനയുടെ പ്രവർത്തനത്തിൽ, പത്രോസിൻെറ പിൻഗാമിയോടു ചേർന്നു നിന്നുകൊണ്ടു്, മെത്രാന്മാരുടെ അപ്പസ്തോലികസമൂഹം ആരാധനക്രമനവീകരണത്തെ ഏററം പ്രബലപ്പെടുത്തുന്നുവെങ്കിൽ, അതു തീർച്ചയായും 'എല്ലാവരും ഒന്നാകുന്നതിനുള്ള' ഒരു വലിയ കാൽവയ്പായിരിക്കും." (98)

## വെളിപാടിൻെറ ഉറവിടങ്ങൾ

ക്രൈസ്തവൈക്യാത്മകമായി വളരെയധികം പ്രാധാന്യമുള്ള ഒരു വിഷയമാണ് അടുത്തതായി കൗൺസിലിൽ ചർച്ചയ്ക്കു കൊണ്ടുവന്നതു്--വെളിപാടിൻെറ ഉറവിടങ്ങൾ. ബിഷപ്പ് കത്തിനോയുടെ അഭിപ്രായത്തിൽ: "ക്രൈസ്തവൈക്യപോഷണത്തി

നുള്ള പരിശുദ്ധപിതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാകുന്നത് ഏറിയപങ്കും ഈ വിഷയത്തെ ആശ്രയിച്ചാണ്." (99)

പ്രോട്ടസ്റ്റൻറുകാരുടെ അഭിപ്രായത്തിൽ വെളിപാടിന്റെ ഉറവിടം ഒന്നു മാത്രമേയുള്ളു -വേദപുസ്തകം. പ്രോട്ടസ്റ്റൻറുകാർ മരിയശാസ്ത്രത്തെ നിശിതമായി നിഷേധിക്കുന്നതിന്റെ കാരണം ഇതുതന്നെയാണ്. അവരുടെ ദൃഷ്ടിയിൽ, വേദപുസ്തകാധിഷ്ഠിതമല്ല മരിയശാസ്ത്രം. കത്തോലിക്കർക്കാകട്ടെ, വേദപുസ്തവും പാരമ്പര്യവും വെളിപാടിന്റെ ഉറവിടങ്ങളാണ് (100).

ഈ വിഷയത്തെപ്പററി, കാർഡിനൽ ഒട്ടാവിയാനിയുടെ അദ്ധ്യക്ഷതയിലുള്ള തിയളോജിക്കൽക്കമ്മീഷൻ സമർപ്പിച്ച 'സ്കേമാ' പിതാക്കന്മാരുടെ രൂക്ഷമായ വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കും വിധേയമായി. പിതാക്കന്മാരിൽ ഭൂരിപക്ഷവും ഉന്നയിച്ച ആക്ഷേപം ഇതായിരുന്നു—കൗൺസിലിന്റെ ക്രൈസ്തവൈക്യലക്ഷ്യത്തിനു വലിയ പ്രതിബന്ധം വരുത്തിവച്ചിരുന്നതാണ് ഈ 'സ്കേമാ'. പിതാക്കന്മാരുടെ പ്രസംഗങ്ങളിൽ (104 പ്രസംഗങ്ങൾ) ബിഷപ്പ് ഡെസ്മെഡ്തിന്റെ പ്രസംഗമാണ് ഏററം ശ്രദ്ധാർഹമായിട്ടുള്ളത്. സ്കേമാ എപ്രകാരമാണ് ക്രൈസ്തവൈക്യസഹായകമല്ലാത്തതെന്നു ചൂണ്ടിക്കാട്ടിയശേഷം സാധകമായ ഒമ്പതു നിർദ്ദേശങ്ങൾ അദ്ദേഹം നല്കുന്നുണ്ട്, തന്റെ പ്രസംഗത്തിൽ. Clergy Monthly-യിൽ പ്രസംഗഭാഗം മുഴവനായി ഉദ്ധരിച്ചിട്ടുള്ളതിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ. (101)

"വെളിപാടിന്റെ ഉറവിടങ്ങളെപ്പററി" അവതരിപ്പിച്ചിരിക്കുന്ന സ്കേമാ മുഴവൻ തന്നേയും മാററി, ഇടയാത്മകവും ക്രൈസ്തവൈക്യപരവുമായ പ്രാധാന്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ഒരു പുതിയ സ്കേമാ തയ്യാറാക്കണമെന്നായിരുന്നു കൗൺസിൽ പിതാക്കന്മാരുടെ ഭൂരിപക്ഷത്തിന്റേയും അഭിപ്രായം. എന്നാൽ ചുരുക്കം ചില പിതാക്കന്മാർ ഈ തീരുമാനത്തെ അത്ര അനുകൂലിക്കുന്നവരായിരുന്നില്ല. കൗൺസിൽനടപടികൾ മുഴവൻ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്ന പരിശുദ്ധപിതാവ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്തു: ഒരു മിശ്രക്കമ്മീഷനു പ്രസ്തുത

സ്കീമാ പരിശോധനങ്ങൾ ഏല്പിക്കാൻ. കാർഡിനാൽ ഒട്ടാവിയാ യും കാർഡിനാൽ ബിയായും ഈ മിശ്രക്കമ്മീഷന്റെ സഹാദ്ധ്യക്ഷന്മാരായിരിക്കാം. പരിശുദ്ധപിതാവിന്റെ തീരുമാനത്തെ കൗൺസിൽ പിതാക്കന്മാരെല്ലാം—ഭൂരിപക്ഷവും ന്യൂനപക്ഷവും— സ്വാഗതം ചെയ്തു. ക്രൈസ്തവൈക്യകാര്യാലയത്തിന്റെ അദ്ധ്യക്ഷനായ കാർഡിനാൽ ബയായെ സഹാദ്ധ്യക്ഷനാക്കിക്കൊണ്ടുള്ള പരിശുദ്ധപിതാവിന്റെ തീരുമാനം തികച്ചും ക്രൈസ്തവൈക്യപ്രധാനമാണെന്നു പറയേണ്ടതില്ലല്ലോ.

**ക്രൈസ്തവൈക്യം**

സുവിശേഷപ്രചരണത്തിനുള്ള ആധുനികമാർഗങ്ങളെപ്പററി ചർച്ച ചെയ്തശേഷം, ക്രൈസ്തവൈക്യത്തെ നേരിട്ടു സ്പർശിക്കുന്ന "ക്രൈസ്തവൈക്യം" എന്നവിഷയമാണു പിതാക്കന്മാർക്കു ചർച്ചചെയ്യാൻ അവതരിപ്പിച്ചതു്. കാർഡിനാൽ ചിക്കോഞ്ഞാനിയുടെ അദ്ധ്യക്ഷതയിൽ പൗരസ്ത്യസഭാക്കമ്മീഷൻ തയ്യാറാക്കിയ "സഭകളുടെ ഐക്യം— എല്ലാവരും ഒന്നാകാൻ വേണ്ടി" എന്ന സ്കീമായാണു് ചർച്ചയ്ക്കുകൊണ്ടുവന്നതു്. മൂന്നു പ്രധാന വിഭാഗങ്ങളുണ്ടു്, ഈ സ്കീമായിൽ: സഭകളുടെ ദൈവശാസ്ത്രാത്മകൈക്യം, പൗരസ്ത്യസഭാപുനരൈക്യത്തിനു് സഭ സ്വീകരിച്ചിരിക്കുന്ന നിലപാടു്, പുനരൈക്യ വ്യവസ്ഥകൾ.

കാർഡിനൽ ഒട്ടാവിയാനിയുടെ അദ്ധ്യക്ഷതയിലുള്ള തിയളോജിക്കൽ കമ്മീഷനും കാർഡിനൽ ബയായുടെ കീഴിലുള്ള ക്രൈസ്തവൈക്യകാര്യാലയവും ക്രൈസ്തവൈക്യത്തെപ്പററി പ്രത്യേകം സ്കീമാകൾ തയ്യാറാക്കിയിട്ടുണ്ടു്. അവയോടു ഈസ്കീമായും ഒന്നിപ്പിച്ചു്, പുതിയൊരു സ്കീമാ രൂപംകൊള്ളിക്കുകയും കൗൺസിലിന്റെ അടുത്തസമ്മേളനത്തിൽ (സെപ്ററംബറിൽ ആരംഭിക്കുന്ന.) അതു ചർച്ചചെയ്യപ്പെടുകയുമാണു് നല്ലതെന്നു് പിതാക്കന്മാർതീരുമാനിക്കുകയുണ്ടായി.ഈ തീരുമാനം തന്നെയും ക്രൈസ്തവൈക്യപ്രധാനമാണു്.സങ്കുചിതത്വവും അതിരുകടന്ന വിശാലതയും ഈവിഷയത്തിൽ ഉണ്ടാവുക ഇനി സാധാരണയായല്ല. കൂടാതെ, അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവൈക്യ സംഭാഷണത്തിലൂടെ ഇരു ഭാഗങ്ങളും തമ്മിൽ കൂടുതൽ അടുക്കുകയും തെററിദ്ധാരണകൾ അകററുകയും ചെയ്തു'

ക്രൈസ്തവൈക്യചർച്ചകൾ ഒന്നുകൂടി കാര്യക്ഷമമാക്കാൻ സാധിക്കുകയും ചെയ്യും.

**സഭയും മരിയസത്യങ്ങളും.**

തിയോളജിക്കൽക്കമ്മീഷൻ തയാറാക്കിയ സഭയേയും ദൈവജനനിയേയും സംബന്ധിച്ചുള്ള സ്കീമായാണു പിന്നീടു കൗൺസിലിൽ കൊണ്ടുവരപ്പെട്ടതു്. തികച്ചും ക്രൈസ്തവൈക്യപ്രധാനങ്ങളായ ഈ വിഷയങ്ങൾ പെട്ടെന്നു ചർച്ചചെയ്തു തീരുമാനിക്കുക ബുദ്ധിപൂർവകമല്ലെന്നും, അടുത്ത സമ്മേളനത്തിലേക്കു അതു നീക്കിവയ്ക്കുയാണു് വേണ്ടതെന്നും പിതാക്കന്മാർ അഭിപ്രായപ്പെട്ടു. മരിയസത്യങ്ങളേപ്പററിയുള്ള സ്കീമാ മാത്രമെങ്കിലും ചർച്ച ചെയ്യാമെന്നുള്ള ചിലരുടെ നിർദ്ദേശത്തിനു സമ്മേളനാദ്ധ്യക്ഷന്മാർ നൽകിയ മറുപടി ഇതായിരുന്നു: സഭയിൽ നിന്നും വേർപെടുത്തി ചർച്ച ചെയ്യപ്പെടാവുന്നവയല്ല മരിയസത്യങ്ങൾ. സഭയുടെ ഒരു ഭാഗമായി അവ കൈകാര്യം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

പല പിതാക്കന്മാരും സ്കീമായെ വിമർശിച്ചു പ്രസംഗിക്കുകയുണ്ടായി. ബിഷപ്പ് ഡെസ്മ്മെഡ്ത്ത് ശക്തിയേറിയ ഭാഷയിൽ പറഞ്ഞു: "ജയഘോഷത്തിൻെറയും വൈദികമത്തതയുടേയും അധികാര സങ്കുചിതത്വത്തിൻേറയും" പോരായ്മകളിൽ നിന്നും സ്കീമാ ശുദ്ധീകരിച്ചെടുക്കണം. സഭാരാഷ്ട്രബന്ധം, മതസ്വാതന്ത്ര്യം, സഭയിൽ അത്മായർക്കു തക്ക സ്ഥാനം കൊടുത്തുകൊണ്ടു് ഹയരാർക്കിയുടെ അധികാരത്തെ മിതപ്പെടുത്തുക...തുടങ്ങിയ പല കാര്യങ്ങളും പിതാക്കന്മാർ പ്രതീക്ഷിച്ചിരുന്നു, സ്കീമായിൽ. പക്ഷേ, ഇവയൊന്നും അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ക്രൈസ്തവൈക്യപ്രധാനങ്ങളായ പ്രസ്തുത വിഷയങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടു്, സ്കീമാ പുന:പരിശോധനയ്ക്കു വിധേയമാകും.

ഒന്നാം വത്തിക്കാൻ കൗൺസിലിലെ ഒരു പ്രധാന ചർച്ചാവിഷയമായിരുന്നു സഭ. പക്ഷേ, അപ്രതീക്ഷിതമായി കൗൺസിൽ പെട്ടെന്നു പിരിച്ചുവിടപ്പെടേണ്ടിവന്നതുകൊണ്ടു്, ഈ വിഷയം ചർച്ച ചെയ്യാനൊത്തില്ല. അതു ദൈവപരിപാലനകൊണ്ടെന്നേ പറയേണ്ടു. കാരണം, സഭയെപ്പററി ചർച്ചകൾ നടത്തി അദ്ധ്യവസാനം ചെയ്യുവാൻ മാത്രം സഭാശാസ്ത്രം അന്നു് പു

ഷ്ടിപ്പെട്ടിരുന്നില്ല. എന്നാൽ ഇന്നത്തേ സ്ഥിതി അതല്ലല്ലോ. 'മിസ്റ്റിച്ചി കോർപ്പോരിസ്', 'സാത്തിസ് കോഗ്നിത്തും' തുടങ്ങിയ വിശ്വലേഖനങ്ങളും മററും സഭാശാസ്ത്രത്തിൽ അസൂയാവഹമായ വികാസം വരുത്തിവച്ചിട്ടുണ്ട്. മെത്രാന്മാരുടെ അധികാരാവകാശങ്ങൾ, സഭയിലെ അഗത്വം തുടങ്ങി ക്രൈസ്തവൈക്യപ്രധാനങ്ങളായ പലതും ചർച്ച ചെയ്യപ്പെട്ടു, അദ്ധ്യവസാനം ചെയ്യപ്പെട്ടു.

കാർഡിനൽ സൂയെനെൻസ് ഒരു പുതിയ ആശയം കൗൺസിലിൽ കൊണ്ടുവരുകയുണ്ടായി: (102) ലോകത്തിൻെറ സാമൂഹ്യപ്രശ്നങ്ങൾ പഠിക്കുന്നതിനു് ഒരു പുതിയ കാര്യാലയം സ്ഥാപിക്കണം. പിതാക്കന്മാർ ഹർഷാരവത്തോടെയാണു് പ്രസ്തുതാഭിപ്രായം സ്വാഗതം ചെയ്തതു്. മിക്കവാറും അടുത്ത സമ്മേളനത്തിൽ ഈ കാര്യാലയം സ്ഥാപിക്കപ്പെട്ടുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അതു സഫലമാകുമെങ്കിൽ, ക്രൈസ്തവൈക്യത്തിനും അതു സഹായകമാകും. സാമൂഹ്യരംഗങ്ങളിൽ അകത്തോലിക്കരുമായി ഒന്നിച്ചു പ്രവർത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനൊക്കെയല്ലോ ഈ കാര്യാലയത്തിലൂടെ.

രണ്ടാംവത്തിക്കാൻ കൗൺസിലിൻെറ ഇതുവരെയുള്ള നടപടികളും ആദ്യസമ്മേളനവും തികച്ചും ക്രൈസ്തവൈക്യ സഹായകരമായിരുന്നുവെന്നു് സാമാന്യമായിട്ടെങ്കിലും നാം കണ്ടുകഴിഞ്ഞല്ലോ. അകത്തോലിക്കാ നിരീക്ഷകരുടെ സാധകപ്രതികരണങ്ങളിൽ ചിലതു കഴിഞ്ഞ ലക്കത്തിൽ ഞാൻ ഉദ്ധരിച്ചിരുന്നു. എല്ലാവരും തുറന്നു സമ്മതിക്കുന്നുണ്ട് സഭയും സഭകളും തമ്മിൽ വൈകാരികമായിട്ടെങ്കിലും വളരെ അടുത്തു കഴിഞ്ഞിട്ടുണ്ടെന്നു്: ജ്ഞാനസ്നാനത്തിൻെറ മായാത്ത മുദ്ര പതിഞ്ഞിട്ടുള്ള തങ്ങൾ ക്രിസ്തുവിൽ സഹോദരങ്ങളാണെന്നുള്ള ബോധത്തോടേ, പരസ്പരധാരണയിലും സൗഹൃദത്തിലും കത്തോലിക്കാകത്തോലിക്ക സഹോദരങ്ങൾ ക്രൈസ്തവൈക്യസംഭാഷണം നടത്തുന്ന ആരോഗ്യകരമായ കാഴ്ചയാണു് ക്രൈസ്തവലോകമെങ്ങും നാമിന്നു കാണുക. ഇന്നുവരേയും ഊഹിക്കാൻപോലും സാദ്ധ്യമല്ലാതിരുന്ന ഈ ക്രൈസ്തവൈക്യ സംഭാഷണം ത്വരിതപ്പെടുത്തുന്നതിനു് രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഇതുവരെയുള്ള പ്രവർത്തന

ങ്ങൾക്കു കഴിഞ്ഞുവെന്നതാണു് അതിൻെറ ക്രൈസ്തവൈക്യാത്മകമായ പ്രധാന നേട്ടമെന്നത്രേ കത്തോലിക്കരുടേയും അകത്തോലിക്കരുടേയും ഇടയിലുള്ള പണ്ഡിതന്മാർ ഒന്നടങ്കം അഭിപ്രായപ്പെടുന്നതു്.

നാം കണ്ടതുപോലെ, കൗൺസിലിൻെറ ആദ്യസമ്മേളനത്തിൽ അധികം വിഷയങ്ങളെപ്പററി ചർച്ചകൾ നടന്നിട്ടില്ല. സുപ്രധാനങ്ങളായ പല വിഷയങ്ങളും സെപ്റ്റംബർ മുതൽ ആരംഭിക്കുന്ന സമ്മേളനത്തിലേക്കു നീക്കിവെച്ചിരിക്കയാണു്. ചർച്ചകൾ ഏററവും കാര്യക്ഷമവും സുഗമവും ഫലപ്രദവുമാകുവാൻ വിവിധ കമ്മീഷനുകൾ ജാഗ്രതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കയാണിപ്പോൾ. ക്രൈസ്തവൈക്യപ്രധാനങ്ങളായ പല വിഷയങ്ങളും ചർച്ചചെയ്തു തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. വെളിപാടിൻെറ ഉറവിടങ്ങൾ, സഭയുടെ സ്വഭാവം, മെത്രാന്മാരുടെ അധികാരം, അത്മായപ്രേഷിതവേല, ക്രൈസ്തവൈക്യം തുടങ്ങിയവയാണു് അവയിൽ പ്രധാനപ്പെട്ടവ. ഒന്നു തീർച്ചയാണു്, ചർച്ചകളും തീരുമാനങ്ങളും അദ്ധ്യവസാനങ്ങളുമെല്ലാം കൗൺസിലിൻെറ ക്രൈസ്തവൈക്യലക്ഷ്യത്തെ മുൻനിറുത്തിയേ പിതാക്കന്മാർ നടത്തുകയുള്ളു പരിശുദ്ധാത്മാവിയുടെ ശക്തിയേറിയ സംരക്ഷണത്തിൽ. എന്നാൽ ക്രൈസ്തവൈക്യത്തെപ്രതി വിശ്വാസസത്യങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്കയില്ലെന്നതു തീർച്ചതന്നെ.

## ക്രൈസ്തവൈക്യവും കൗൺസിലും വിശ്വാസികളും

കൗൺസിൽ വിജയവും ക്രൈസ്തവൈക്യപൂർത്തീകരണവുമെല്ലാം അടിസ്ഥാനപരമായി നോക്കുമ്പോൾ വെറും മനുഷ്യശക്തിക്കതീതങ്ങൾ തന്നെ. അതുകൊണ്ടു് കൗൺസിലിനുവേണ്ടി തങ്ങളാലാവതു പ്രവർത്തിക്കുന്നതോടൊപ്പം അതിൻെറ സർവ്വവിധവിജയത്തിനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണു് എല്ലാവിശ്വാസികളും. പരിശുദ്ധപിതാവു് ഇക്കാര്യം വീണ്ടും വീണ്ടും ഉൽബോധിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. 'Poenitentiam agere' എന്ന ചാക്രികലേഖനം പ്രസിദ്ധമാണല്ലോ?

സഭാനവീകരണത്തിനും അതിലൂടെ ക്രൈസ്തവൈക്യപൂ

ത്തികരണത്തിനും സഹായകരങ്ങളായ പല തീരുമാനങ്ങളും പിതാക്കന്മാർ എടുക്കും. പക്ഷേ, അവയെ പ്രാവർത്തികമാക്കേണ്ടതു് ഓരോ വിശ്വാസിയുമാണ്. ഈ ബോധം എല്ലാ വിശ്വാസികളേയും കർമ്മോത്സുകരാക്കണം. മിശിഹായുടെ മൗതികശരീരത്തിലെ ഒരു സജീവാംഗമാണു് താനെന്ന ചിന്ത ഓരോരുത്തിലും പ്രബുദ്ധമായേ പററൂ. അപലപനീയവും അപകടപൂർണ്ണവുമായ നിഷ്പക്ഷതാനയവും നിരുത്സാഹവുമെല്ലാം ഉപേക്ഷിച്ചു്, ക്രിസ്തീയപരസ്നേഹത്താൽ പ്രോജ്ജ്വലിക്കുന്നവരാകണം എല്ലാവരും. എങ്കിലേ സഭാനവീകരണത്തിനുള്ള കൗൺസിലിന്റെ തീരുമാനങ്ങൾ ഫലപ്രദമാവുകയുള്ളൂ, ക്രൈസ്തവൈക്യസംരംഭങ്ങൾ പൂവണിയുകയുള്ളൂ.

കാത്തലിക്ക് എക്യുമെനിസത്തിന്റെ മൗലികതത്വങ്ങൾ ശരിക്കു മനസ്സിലാക്കിവേണം ക്രൈസ്തവൈക്യസംരംഭങ്ങളിൽ ആളുകൾ പങ്കെടുക്കുക. അതെപ്പററി പരിശുദ്ധപിതാവു നൽകുന്ന നിർദ്ദേശത്തിലെ ചില ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാം: സഭയോടു് സമഗ്രമായ ഒരു സ്നേഹം വച്ചുപുലർത്തുക, സത്യത്തിനു കടകവിരുദ്ധങ്ങളും വിനാശകരങ്ങളുമായ നിഷ്പക്ഷതാ നയങ്ങൾ നീക്കുക, (നിഷ്പക്ഷതാനിലപാടുകൾ എല്ലാ ഐക്യശ്രമങ്ങളേയും തച്ചുടയ്ക്കും) പ്രാർത്ഥനയും അനുതാപവും വഴി ദൈവസഹായം നേടിക്കൊടുക്കുക; അകത്തോലിക്കാസഹോദരങ്ങളോടു് തികച്ചും ക്രൈസ്തവമായ സ്നേഹസമീപനവും സംഭാഷണവും നടത്തുക; പരിശുദ്ധ സിംഹാസനത്തിന്റെ ക്രൈസ്തവൈക്യപരങ്ങളായ നിർദ്ദേശങ്ങൾ മറ്റുള്ളവർക്കു ശരിയായി പറഞ്ഞുകൊടുക്കുക; അകത്തോലിക്കരുമായി വിശ്വസ്തതാപൂർവ്വം പൊതുവായ ആനുകാലികപ്രശ്ന പരിഹാരമാർഗ്ഗങ്ങളിൽ സഹകരിക്കുക....... എന്നിവയാണു് ക്രൈസ്തവൈക്യ ദാഹികളായ എല്ലാ വിശ്വാസികളും അനുഷ്ഠിക്കേണ്ടിയിരിക്കുന്നതു്.

## കേരളവും ക്രൈസ്തവൈക്യവും

നമ്മുടെ കൊച്ചുകേരളം ഒരു പ്രശ്ന നാടാണു്. ക്രൈസ്തവൈക്യ വിഷയത്തിലും കേരളം ഒരപവാദമല്ല. കേരളക്രൈസ്തവ സഭകളുടെ ചരിത്രത്തിനു് അതിന്റേതായ പ്രത്യേകതകളുണ്ടല്ലോ. എല്ലാ സഭകളും ഒന്നിക്കണം എന്നകാര്യത്തിൽ പ

ലക്ഷ്യം അഭിപ്രായ ഐക്യമാണുള്ളതു്. പക്ഷേ, 'എങ്ങിനെ' എന്ന കാര്യത്തിലാണു് അനൈക്യം. മാർ ഇവാനിയോസ് തിരുമേനി സമാരംഭിച്ച പുനരൈക്യപ്രസ്ഥാനം ഇക്കാര്യത്തിൽ പലതും പ്രവർത്തിക്കുന്നുണ്ടു്. പക്ഷേ സാധകവും രചനാത്മകവുമായ പല പുതിയ കാൽവയ്പുകളും കേരളസഭകൾ എടുത്തേ പററൂ, ഐക്യത്തിലെത്താൻ. വിവിധ സഭകൾ തമ്മിലുള്ള സംഭാഷണവും പൊതുമീററിംഗുകളും ചർച്ചകളുമെല്ലാം സ്വാഗതാർഹങ്ങൾ തന്നെ.

കൗൺസിലിൻെറ ആദ്യസമ്മേളനത്തിലേക്കു് കേരളത്തിൽ നിന്നും നമ്മുടെ പിതാക്കന്മാരെല്ലാം (പ്രഗത്ഭനായ കാവുകാട്ട തിരുമേനിക്കു് അനാരോഗ്യം നിമിത്തം പങ്കെടുക്കാൻ സാധിച്ചില്ല.) പോയിരുന്നു; സെപ്റ്റംബറിൽ തുടങ്ങുന്ന രണ്ടാം സമ്മേളനത്തിനു അവർ പോകും. പലരും വിവിധ കമ്മീഷനുകളുടെ അംഗങ്ങളുമാണു്. കേരളസഭയുടെ ആവശ്യങ്ങളെ, പ്രത്യേകിച്ചും ഐക്യാത്മക സംരംഭങ്ങളെ കൗൺസിലിൽ അവർ ബോധിപ്പിക്കുമെന്നതു തീർച്ചയാണല്ലോ. കഴിഞ്ഞ സമ്മേളനത്തിൽ കേരളത്തിൽ നിന്നു് നിരീക്ഷകരാരും പങ്കെടുത്തിരുന്നില്ല. ഈ സ്ഥിതിക്കു് അടുത്ത സമ്മേളനത്തിൽ തീർച്ചയായും മാററം വരുമെന്നു് നമുക്കു പ്രത്യാശിക്കാം. സാർവ്വത്രിക സഭക്കു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം, രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ കേരള ക്രൈസ്തവൈക്യ പ്രശ്നപരിഹാരമാർഗ്ഗങ്ങളും സുസാദ്ധ്യമാകുന്നതിനു നമുക്കു പ്രാർത്ഥിക്കാം, പരിശ്രമിക്കാം. അങ്ങനെ, ക്രൈസ്തവലോകം മുഴുവനും "ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും" സ്വീകരിച്ചു് "ഒരു തൊഴുത്തും ഒരിടയനു"മാകുന്നതിനുള്ള ക്രിസ്തുവിൻെറ പൗരോഹിത്യ പ്രാർത്ഥന നിവേറാൻ ആസന്ന ഭാവിയിൽ ഒരു പുനരൈക്യ സൂനഹദോസു് കൂട്ടുന്നതിനു് രണ്ടാം വത്തിക്കാൻ കൗൺസിൽ മാർഗ്ഗം തെളിക്കട്ടെ. നമുക്കു പ്രാർത്ഥിക്കാം. ഫലം നൽകുന്നതു ദൈവമാണു്. മനുഷ്യർക്കു സാദ്ധ്യമല്ലാത്തതു ദൈവത്തിനു സാദ്ധ്യമാണല്ലോ.

## References.

83 Messenger of the Sacred Heart, Jan. 1961 pp. 4–9
84 Christian Unity and The Ecumenical Movement by Charles Boyer. p. 16

85 Mt. 19/9
86 MK 10/11
87 Rom 7/2
88 'Jiitas' (1946) pp. 43-61
89 America June 3 (1961) p. 397
90 Council and Reunion by HANS Kung
91 Messenger of the Sacred Heart (Ceylon) Aug 1961 p 244
92 Documentation Catholique Oct 1962
93 Worship Dec 1962 p 84
94 Idem pp. 70—71
95 Idem pp. 89—90
96 Idem p 7
97 Osservatore Romano Dec 8 1962; Worship Feb 1963 pp. 153—164
98 Worship Dec 1962 p. 11
99 Indian Ecclesiastical Studies Vol 2 Jan 1963 p 67
100 Denzinger Nos 783; 1787
101 Clergy Monthly March 1963 p 69
102 Indian Ecclesiastical studies Vol 2 Jan 1963 p 70-71

——:(o):——

# കത്തോലിക്കരും സാമൂഹ്യസേവനവും

Very Rev. Msgr. Paul Chittilapally

## എന്താണു സാമൂഹ്യസേവനം

സമുദായത്തിലുള്ള സാമ്പത്തികവും സാമൂഹ്യവും ധാർമ്മികവുമായ തിന്മകളുടെ മൂലകാരണങ്ങൾ കണ്ടെത്തി അവയെ ഉന്മൂലനം ചെയ്യുന്നതിനുള്ള പരിശ്രമത്തിനാണു സാമൂഹ്യസേവനം എന്നുപറയുന്നതു്. ഇതു നാം സാധാരണമായി ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിന്നു വ്യത്യസ്തമാണു്. ജീവകാരുണ്യപ്രവർത്തനം സാമാന്യേന ദുഷ്ഫലങ്ങളിൽ നിന്നു സഹജീവികൾക്കു രക്ഷനല്കുവാൻ ശ്രമിക്കുമ്പോൾ, സാമൂഹ്യസേവനം പ്രസ്തുത ദുഷ്ഫലങ്ങളുടെ മൂലങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിക്കുന്നു. രോഗികൾക്കു മരുന്നും ഭക്ഷണവും കൊടുത്തു പരിച-

രിക്കുന്നതു ജീവകാരുണ്യ പ്രവൎത്തനമാണ്. എന്നാൽ രോഗങ്ങളുടെ പ്രചാരണത്തിനുള്ള കാരണങ്ങളെയും സാഹചര്യങ്ങളെയും മനസ്സിലാക്കി, അവക്കു വേണ്ട പ്രതിവിധികൾ ചെയ്യുന്നതു വലിയ സാമൂഹ്യസേവനം ആണ്. വിശക്കുന്നവൎക്കു തിന്നുവാൻ എന്തെങ്കിലും കൊടുക്കുന്നതു ജീവകാരുണ്യപ്രവൎത്തനമാണ്. എന്നാൽ അവൎക്കു ജോലി നല്കി, ഉപജീവനത്തിനുള്ള മാർഗം കാണിച്ചുകൊടുത്തു സ്വയം പര്യാപ്തരാക്കുന്നതു് സാമൂഹ്യസേവനമാണ്. മിക്കപ്പോഴും രണ്ടുതരം പ്രവൎത്തനവും ഒന്നിച്ചു പോകേണ്ടതായിവരും; അവ വേർതിരിക്കുവാൻ പ്രയാസമുള്ളതും, രണ്ടും അവശ്യാവശ്യമായിട്ടുള്ളതും ആയിരിക്കും. ഒന്നു കഴിഞ്ഞിട്ടു മറ്റൊന്നു എന്നു വെക്കുവാൻ പററുകയില്ല.

ജീവകാരുണ്യപ്രവൎത്തനത്തിൽ സഭ സജീവമായി ആരംഭം മുതൽ പങ്കെടുത്തിരുന്നു. രോഗികളെ സുഖപ്പെടുത്തുക, വിശക്കുന്നവൎക്കു ഭക്ഷണം നല്കുക, പിശാചിനെ പുറത്താക്കുക, പാപികളെ മോചിക്കുക എന്നിവ മിശിഹാതന്നെ ചെയ്തുകൊണ്ടിരുന്നുവല്ലോ. തന്റെ അനുയായികളോടും അതു ചെയ്യുവാൻ ആജ്ഞാപിച്ചതു സഭ ശിരസാവഹിച്ചുപോന്നു. വ്യക്തികൾക്കോ, ചെറു സംഘങ്ങൾക്കോ ഈ തുറയിൽ എളുപ്പത്തിൽ പ്രവൎത്തിക്കാം. അതുകൊണ്ടു സന്യാസികളും അത്മായപ്രേഷിതരും ഒന്നുപോലെ ഈ തുറയിൽ പ്രവൎത്തിച്ചുപോന്നു. അങ്ങനെ അവശരിൽ മിശിഹായെ എന്നും തിരുസ്സഭ കണ്ടുകൊണ്ടിരുന്നുവെന്നുള്ളതു് ഒരു നീണ്ട ചരിത്രസത്യമാണ്.

എന്നാൽ ദുഷ്ഫലങ്ങളെ ഉന്മൂലനം ചെയ്യുവാൻ മാത്രം പരിശ്രമിക്കുന്നതു കൂടുതൽ വ്യയഹേതുകവും സ്ഥായിയായ ഫലമുളവാക്കുന്നതിനു് അപര്യാപ്തമായിരിക്കകൊണ്ടും ഇക്കാലത്തു സാമൂഹ്യസേവനത്തിനു പ്രാധാന്യം സഭയും രാഷ്ട്രീയ ഘടകങ്ങളും കൊടുത്തു തുടങ്ങിയിരിക്കുകയാണ്. പല സ്ഥലത്തും സഭയും രാഷ്ട്രവും സഹകരിച്ചു പ്രവൎത്തിക്കുന്നുണ്ടു് ഈ തുറയിൽ. പ. പിതാവു് ഇരുപത്തിമൂന്നാം യോഹന്നാൻ തന്റെ സുപ്രസിദ്ധമായ "മാത്തർ എത്തു് മജിസ്ത്രാ"യെന്ന ചാക്രികലേഖനത്തിൽ പറയുന്നു: "ഏതെങ്കിലും ഒരു രാഷ്ട്രം പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി നിശ്ചിതപരിധിക്കുള്ളിൽ നിന്നു്, മുൻകരുതലുകൾ എടുക്കുകയും,

നിയമങ്ങൾ പാസ്സാക്കുകയും ചെയ്യുമ്പോൾ സഭയുടെ അനുമതിയും പ്രോത്സാഹനവും അതിനു ലഭിക്കുന്നു.'' "ജനതാമദ്ധ്യത്തിലേക്കുള്ള സഭയുടെ പ്രവേശനം എപ്പോഴും സൃഷ്ടിപരമായ പ്രതികരണങ്ങൾ സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ ഉളവാക്കിയിട്ടുണ്ടെന്നു ചരിത്രവും അനുഭവവും എടുത്തു കാട്ടുന്നുണ്ട്. അതിനു കാരണം, ക്രൈസ്തവരാകുന്നതോടെ സാമൂഹ്യവ്യവസ്ഥിതിയേയും ചുററുപാടുകളേയും അവയുടെ ലൗകികനിലയിൽ തന്നെ പരിപോഷിപ്പിക്കുവാനുള്ള കത്തവ്യബോധം അവരിലുളവാക്കുന്നുവെന്നതാണ്.''ഇൻഡ്യാഗവണ്മെൻറു ഹരിജനങ്ങൾക്കു നല്കിയിരുന്ന ആനുകൂല്യങ്ങൾ പ്രസ്തുതഹരിജനങ്ങൾ ക്രിസ്ത്യാനികളാകുമ്പോൾ നിറുത്തിക്കളഞ്ഞിരുന്നതു നമ്മെ സാമ്പത്തികനിലവാരത്തിൽ ഹാനികരമായി ബാധിക്കുമെന്നിരുന്നാലും, ക്രൈസ്തവസഭയിലേക്കുള്ള ഹരിജൻെറ മാനസാന്തരം സാമൂഹ്യമായ ഉയർച്ച കൈവരലാണ് എന്നുള്ളഗവമ്മെണ്ടിൻെറ ഏററുപറച്ചിലാണ്; ചാക്രികലേഖനത്തിൽ പറഞ്ഞ ആശയത്തിൻെറ സ്ഥിരീകരണവുമാണ്.

## സാമൂഹ്യപ്രവത്തനത്തിൻെറ കാതൽ

സാമൂഹ്യപ്രവത്തനത്തിൻെറ ഫലഭോക്താക്കളായ ജനങ്ങളെ സ്വയം പര്യാപ്തരാക്കുന്നതിനു് സഹായിക്കുകയാണ് ഏററം പ്രധാനപ്പെട്ട സംഗതി. ഈ സഹായം സാമ്പത്തികം എന്നുമാത്രമായി ക്ലിപ്തപ്പെട്ടരുതു്. സ്വന്തപരിശ്രമംകൊണ്ടു പ്രശ്നങ്ങളെ പരിഹരിക്കുന്നതിനു നേതൃത്വം നല്കുകയാണ് വേണ്ടതു്. ജനങ്ങൾക്കു വിജ്ഞാനം വിദഗ്ദോപദേശം, മാതൃക, ആവേശം സാധനസാമഗ്രികൾ, സങ്കേതിക സഹായങ്ങൾ മുതലായവയെല്ലാം ഈ നേതൃത്വത്തിൽ അടങ്ങും. സാമ്പത്തിക സഹായങ്ങൾ പണമായിക്കൊടുക്കുന്നതു സാമാന്യം നിരുത്സാഹപ്പെട്ടത്തേണ്ടതാണ്. ഫലഭോക്താക്കളുടെ ത്യാഗവും പരിശ്രമവും സഹകരണവും അത്യന്താപേക്ഷിതങ്ങളാണ്; ഇതില്ലാതെ ചെയ്യുന്ന സഹായങ്ങളെ ജനങ്ങൾ സാമാന്യമായി ധൂത്തടിച്ചുകളകയാണ് അനുഭവം.

സാമൂഹ്യപ്രവത്തനത്തിൻെറ വിജയം മുഴുവനും സാമ്പത്തിക പുരോഗതിയെയാണ് ആശ്രയിച്ചു നില്ക്കുന്നതെന്നു വിചാരി

ക്കുന്നതു ശരിയല്ല. സംതൃപ്തി മാനുഷികാവശ്യങ്ങളുടെ നിർവഹണം (Satisfaction of the human needs) യാണ് നാം ഉന്നം വെയ്ക്കേണ്ടതു്. മാനുഷികാവശ്യങ്ങൾ പലതുണ്ട്. ആദ്ധ്യാത്മികം, വൈജ്ഞാനികം, വിനോദാത്മകം, സാമ്പത്തികംമുതലായവ. അവയെല്ലാം നിർവഹിക്കപ്പെട്ടമ്പോൾ സൗഭാഗ്യമായി. അതുകൊണ്ടു ജനങ്ങളുടെ ഇടയിൽ ഈദൃശാവശ്യങ്ങളെ നിർവഹിച്ചുകൊടുക്കുവാനാണ് നാം പരിശ്രമിക്കേണ്ടതു്.

## സാമൂഹ്യപ്രവത്തനത്തിൽ കത്തോലിക്കക്കുള്ള കടമ.

തിരുസ്സഭ ആഹ്വാനം ചെയ്യുന്നതെല്ലാം ചെയ്യുവാൻ കത്തോലിക്കർ കടമയുണ്ട്. "റേരും നൊവാരും" "ക്വാദ്രജേസിമോ ആന്നോ" "മാത്തർ എത്ത് മജിസ്ത്രാ" മുതലായ ചാക്രിക ലേഖനങ്ങൾ സാമൂഹ്യനീതിയെ പറ്റിയും സാമൂഹ്യഭസവനത്തെപ്പറ്റിയും സവിസ്തരം പ്രതിപാദിക്കുകയും അവയെ അനുഷ്ഠിക്കുന്നതിനു നമ്മെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. എങ്കിലും സാമൂഹ്യപ്രവത്തനം നമ്മുടെ കടമയാണെന്നു താത്വികമായി പ്രതിപാദിച്ചുദ്ബോധിപ്പിക്കുന്നതു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ "മിസ്റ്റിച്ചി കോർപോരിസ്" എന്ന വിശ്വലേഖനമാണ്. വി. പൗലോസ് പഠിപ്പിക്കുന്നതുപോലെ മനുഷ്യരെല്ലാവരും (എല്ലാവരും കത്തോലിക്കരാകേണ്ടതാണല്ലോ) മിശിഹായുടെ മൗതിക ശരീരത്തിൻെറ അംഗങ്ങളാണ്. ഒരു ശരീരത്തിൻെറ ഏതെങ്കിലും ഒരു അവയവത്തിനു് കോട്ടം പററുമ്പോൾ എല്ലാ അവയവങ്ങളും ആ കോട്ടത്തെ പരിഹരിക്കുവാൻ സഹകരിക്കുന്നതുപോലെ, മനുഷ്യവർഗ്ഗത്തിൻെറ ഏതൊരു ഘടകത്തിനും (വ്യക്തിയോ സമുദായമോ) കോട്ടം തട്ടുമ്പോൾ അതിനെ പരിഹരിക്കുവാൻ മനുഷ്യവർഗ്ഗമൊട്ടാകെ സഹകരിക്കേണ്ടതാണ്.

നാമെല്ലാവരും ദൈവത്തിൻെറ മക്കളും തന്നിമിത്തം മിശിഹായുടെ സഹോദരരും ആയിരിക്കുന്നതുകൊണ്ടു പരസ്പരം സ്ഹോദരരുമാണ്. അതുകൊണ്ടു നാം പരസ്പരം സഹായിക്കുവാൻ ചുമതലപ്പെട്ടവരുമാണ്.

നമ്മുടെ വിശിഷ്ടമായ വിശ്വാസവും സന്മാർഗ്ഗനിഷ്ഠയും പാലിച്ചുകൊണ്ടുപോകുന്നതിനു സാമൂഹ്യമായ ഒരു സുസ്ഥിതിയും അത്യാവശ്യമാണ്. അപൂർവം ചില വ്യക്തികൾ പ്രതികൂലസാ

# ബ്രഹ്മചര്യം ബൈബിളിൽ

(എം. ചട്ടുവക്കളം, പൂന)

അടുത്ത കാലം വരെയും കത്തോലിക്കദൈവശാസ്ത്രം തത്വശാസ്ത്രമാകുന്ന 'ദാസിയുടെ' (ancilla) ശുശ്രൂഷയിൽ കഴിഞ്ഞുപോന്നു. ഈ നിലപാട്ട് ഇന്നു മാറിവരുകയാണു്. ബൈബിൾ ഭാഷയിൽ ദൈവശാസ്ത്രം പടുത്തുയർത്തുവാൻ പലരും ഇന്നു കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ദൈവശാസ്ത്രത്തിലെ ഓരോ വിഷയത്തിനും ബൈബിൾ ഭാഷ ഇന്നു പുതിയ രൂപം കൊടുക്കുന്നു. അവയുടെ അർത്ഥം അതനുസരിച്ച് വിപുലീകരിക്കപ്പെടുന്നു. ക്രിസ്തീയബ്രഹ്മചര്യവും ബൈബിൾ ഭാഷയിൽ പകർത്തിക്കാട്ടുവാൻ ഇന്നു പലരും ശ്രമിക്കുന്നുണ്ട്. ഇതിലൂടെ ഉയർന്നു വന്നിട്ടുള്ള ആശയങ്ങൾ മലയാളത്തിലേക്ക് ഒന്നു പരിഭാഷപ്പെടുത്തുകയാണു് ഞാനിവിടെ.

## പഴയനിയമത്തിൽ

ബൈബിളിൽ അധിഷ്ഠിതമാണു് ക്രിസ്തീയ ബ്രഹ്മചര്യം. അതുകൊണ്ട് ബൈബിളിന്റെ ഏടുകളിൽ നിന്നുമാണു് അതി

---

ഹചര്യങ്ങളിൽ പോലും തികഞ്ഞ വിശുദ്ധിയോടുകൂടി ജീവിച്ചേക്കാമെങ്കിലും മൊത്തത്തിൽ ജനങ്ങൾക്കു അതിനു സാധിച്ചുവെന്നു വരുന്നതല്ല. അധഃകൃതരിൽ കളവ്, ചതിവ്, സത്യസന്ധതയില്ലായ്മ മുതലായ ദുർഗ്ഗുണങ്ങൾ കാണുന്നതു് അവരുടെ താഴ്ന്ന സാമൂഹ്യനിലവാരം കൊണ്ടാണു്. അതുപോലെ തന്നെ കമ്മ്യൂണിസം സാമാന്യമായി വളരുന്നതു സാമ്പത്തികാധഃസ്ഥിതിയും സാമൂഹ്യനീതിയുടെ നിഷേധവുമുള്ള രാജ്യങ്ങളിലാണു്യെന്നുള്ള വസ്തുതയും ഇതിനു ഉപോൽബലകമാണു്. നമ്മുടെ രാജ്യം സാമൂഹ്യനിലവാരത്തിൽ താഴ്ന്നിരിക്കുന്നതുകൊണ്ടു കത്തോലിക്കാ വൈദികന്മാർക്കും നേതാക്കന്മാർക്കും സാമൂഹ്യസേവനത്തിനു വേണ്ടി പരിശ്രമിക്കുവാനും തദ്വിഷയത്തിൽ ജനങ്ങൾക്കു വേണ്ട നേതൃത്വം നൽകുവാനും ചുമതലയുണ്ട്.

(തുടരും)

ന്റെ മൂല്യങ്ങൾ, നമുക്ക് ലഭിക്കുക. പുതിയനിയമ കാലത്താണ് ബ്രഹ്മചര്യം അതിന്റെ പൂർണ്ണ വെളിച്ചത്തിൽ പ്രകാശിക്കുവാൻ തുടങ്ങിയതു്. എന്നാൽ പുതിയനിയമം പഴയനിയമത്തിന്റെ തുടർച്ചയാണു്. അതുകൊണ്ടു് പഴയ നിയമത്തിലേക്കു് നമ്മുടെ ശ്രദ്ധയെ ആദ്യം തിരിക്കാം. അവിവാഹിതരായി ജീവിക്കുകയോ സന്താനങ്ങളില്ലാതെ മരിക്കുകയോ ചെയ്യുന്നതു് ഒരു ശാപമായി, തിരഞ്ഞെടുക്കപ്പെട്ട ജനം പൊതുവിൽ കരുതിപ്പോന്നു. ഒരൊററ വാചകത്തിൽ പറയുകയാണെങ്കിൽ ഇതാണു് ബ്രഹ്മചര്യത്തെപ്പററിയുള്ള പഴയനിയമ വീക്ഷണം. ഇതിനെ സ്ഥിരീകരിക്കുന്ന പല സംഭവങ്ങളും പഴയനിയമത്തിലുണ്ടു്. ഉദാഹരണത്തിനായി ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഒരു സംഭവം തന്നെയെടുക്കാം. (1) ജെഫ്ററെ യാഹ്വേയോടു് ഒരു വാഗ്ദാനം ചെയ്തു: ആമ്മോനുമായുള്ള ബലപരീക്ഷണത്തിൽ താൻ വിജയിക്കുമെങ്കിൽ, സ്വഗൃഹത്തിൽ നിന്നും തനിക്കു മംഗളങ്ങൾ നേരുവാൻ ആദ്യം പുറത്തു വരുന്ന ജീവിയെ യാഹ്വേക്കു് ബലിയർപ്പിക്കാമെന്നു്. നിർഭാഗ്യമെന്നു പറയട്ടെ, ജെഫ്ററെയുടെ ഏക പുത്രിതന്നെയാണു് മംഗളങ്ങൾ നേരുവാൻ ആദ്യം പുറത്തു വന്ന ജീവി. സ്വപിതാവിന്റെ വാഗ്ദാനം നിറവേററുവാൻ ബലിയർപ്പിക്കപ്പെടുന്നതിൽ അവൾ യാതൊരു വിഷമവും കാണിച്ചില്ല. പക്ഷേ, അവിവാഹിതയായിരുന്നതിനാൽ, കന്യകയായി മരിക്കുന്നതിൽ അവൾക്കു വലിയ വിഷമം തോന്നി. ആയതിനാൽ, തന്റെ കന്യാത്വത്തെപ്പററി വിലപിക്കുന്നതിനു് സ്വകന്യകകളോടുകൂടി മലഞ്ചരുവുകളിൽ പോയി കുറെ നാളുകൾ ചിലവഴിക്കുന്നതിനുള്ള അനുവാദം സ്വപിതാവിൽ നിന്നും അവൾക്കു് ലഭിച്ചു. ഇതാണു് പഴയനിയമത്തിലെ ബ്രഹ്മചര്യത്തെപ്പററിയുള്ള സാധാരണ വിലയിരുത്തൽ.

ഇപ്രകാരമുള്ള ഒരു ചിന്താഗതിയാണു് പഴയനിയമകാലത്തു് ഉണ്ടായിരുന്നതെങ്കിൽ, ബ്രഹ്മചര്യത്തെപ്പററിയുള്ള പുതിയനിയമ നിലപാടു് പഴയനിയമത്തിന്റെ തുടർച്ചയാണെന്നു് എങ്ങിനെ പറയുവാൻ സാധിക്കും? അതിനൊരുത്തരമില്ലാതില്ല. പഴയനിയമ കാലത്തു തന്നെ, സധാരണ ചിന്താഗതിക്കു് വിപരീതമായ ഒരു മനോഭാവവും ബ്രഹ്മചര്യത്തെപ്പററി ചൂണ്ടിക്കാ

(1) The book of Judges Ch. 11/30—37

ണിക്കുവാനുണ്ട്. താല്ക്കാലിക വിരക്തിയേയും അതിന്റെ മാഹാത്മ്യത്തെയുംപററി യഹൂദന്മാക്ക് ഒരു വിധം നല്ല ജ്ഞാനംതന്നെയുണ്ടായിരുന്നു. യഹൂദപുരോഹിതന്മാർ ദൈവാലയ ശുശ്രൂഷയ്ക്ക് മുമ്പ് കുറച്ചു ദിവസത്തേക്ക് വിരക്തി പാലിച്ചുപോന്നു. ദാവീദു രാജാവും സേവകരുംകൂടി ഒളിച്ചോടിപ്പോയപ്പോൾ വിശപ്പു തീക്കുന്നതിനു് ഒരു ദേവാലയത്തിൽ പ്രവേശിച്ചു. യാത്രാമദ്ധ്യേ സ്ത്രീകളുമായി സംസർഗ്ഗത്തിൽ ഏപ്പെട്ടവരല്ലെന്ന് പൂൎണ്ണമായ ഉറപ്പു നൽകിയതിനു ശേഷം മാത്രമാണ് പൂജയ്ക്കായി സമപ്പിച്ചിരുന്ന അപ്പം ദേവാലയ സൂക്ഷിപ്പുകാരൻ അവക്കു നൽകിയതു്. യഹൂദന്മാരിൽ തന്നെ എസ്സിൻസു് (Esenss) എന്നറിയപ്പെട്ടിരുന്ന ഒരു സമൂഹം വിവാഹത്തിൽ നിന്നു പിൻമാറി ജീവിച്ചുപോന്നു. അവരിൽ ചിലർ ജീവിതകാലം മുഴുവൻ ബ്രഹ്മചര്യം പാലിച്ചിരുന്നവരത്രെ. അതിന്ന് അവർ നൽകിയ ന്യായീകരണം, സാമൂഹ്യജീവിതത്തിനു് കൂടുതൽ ഉപകരിക്കുന്നതു് അവിവാഹിത ജീവിതമാണെന്നത്രെ. വി. സ്നാപകയോഹന്നാൻ ഇങ്ങനെയുള്ള ഏതെങ്കിലും ഒരു സമൂഹത്തിലാണോ വളർത്തപ്പെട്ടതെന്നു് സംശയിക്കുന്ന ചിലരുണ്ട്. ആചാര്യന്മാരുടെ കൂട്ടത്തിൽ ബെൽ അസായിയുടെ ജീവിതരീതി പ്രസിദ്ധമാണ്. അവിവാഹിതനായി തന്നെ അദ്ദേഹം ജീവിതം നയിച്ചു. കാരണം, നിയമകാര്യങ്ങൾക്കും വേദപുസ്തകപഠനത്തിനുമായിത്തന്നെ ചില വഴിക്കുവാൻ വേണ്ടി സമയം കിട്ടുന്നില്ല എന്നതായിരുന്നുവത്രെ. ഇപ്രകാരം, ക്രിസ്തുവിന്റെ ആഗമനത്തിനു വളരെ മുമ്പും അതിനട്ടത്തും, ദേവാലയശുശ്രൂഷയ്ക്കും, ദൈവികകാര്യങ്ങൾക്കും സാമൂഹ്യജീവിതത്തിനുമായി താല്ക്കാലികമോ സ്ഥായിയോ ആയ ബ്രഹ്മചര്യം പാലിക്കുന്ന പലരേയും പഴയനിയമകാലത്തുതന്നെ നമുക്കു കാണാം. ഇതിനെ സ്ഥിരീകരിക്കുന്ന ഒരു സംഭവം കൂടി ഇവിടെ ചേർത്തുകൊള്ളട്ടെ.

ജെറമിയാ പ്രവാചകനോടു് യാഹ്‌വേ കല്പിച്ചു—തന്റെ പ്രവചനകാലത്തും സ്ഥലത്തും അദ്ദേഹം അവിവാഹിതനായി ജീവിക്കണമെന്നു്. (2) യാഹവേയുടെ ഈ കല്പനയുടെ സാരം എന്താണ്? തങ്ങൾ പ്രവചിക്കുവാൻ പോകുന്ന കാര്യങ്ങൾ ഒരു വിധം പ്രവൃത്തിരൂപത്തിൽ, സ്വജീവിതംവഴി, ജനങ്ങളുടെ മുൻ

(2) The Prophecy of Jeremias, Ch. 16/1—3.

പിൽ പ്രദർശിപ്പിക്കുവാൻ യാഹവേ പലപ്പോഴും തൻെറ പ്രവാചകന്മാരോട്ട് കല്പിച്ചിരുന്നു. ഉദാഹരണമായി എസക്കിയേൽ പ്രവാചകനോട്ട് ദൈവം അരുൾ ചെയ്തു. "നീ ഒരു വഴിപോക്കൻെറ ഭാണ്ഡക്കെട്ടും കെട്ടി തോളിലിട്ടുകൊണ്ട് മുമ്പോട്ടും പുറകോട്ടും നടക്കുക, സന്ധ്യാസമയത്ത്, ബന്ധനത്തിലേക്കു പോകുന്നവനെപ്പോലെ, നീ എല്ലാവരോടും യാത്ര ചോദിക്കുക. നിൻെറ വീട്ടിൻെറ ഭിത്തിയിൽക്കൂടി നീ ഒരു ദ്വാരമുണ്ടാക്കുക. അതിൽക്കൂടി രക്ഷപെട്ടുവാനെന്നതുപോലെ"(3) ദൈവത്തിൻെറ ഈ കല്പനക്ക് ഒരു പ്രത്യേക അത്ഥമുണ്ട്. എസക്കിയേലിൻെറ ഇത്തരം പ്രവൃത്തിനങ്ങൾ വഴി തിരഞ്ഞെടുക്കപ്പെട്ട ജനം മനസ്സിലാക്കണം അവരുടെ അടിമത്തം അടുത്തുവരുന്നുവെന്ന്. എങ്ങിനെ ബന്ധനത്തിലേക്ക് നയിക്കപ്പെട്ടുമെന്ന് അവർ ഗ്രഹിക്കണം. യെറമിയാ ദീർഘദർശിക്ക് ദൈവം നൽകിയ കല്പനയുടെ സാരം ഈ വിധത്തിലുള്ളതാണ്. യെറമിയാ ഇസ്രായേലിൻെറ ആസന്നമായ നാശത്തെപ്പററി പ്രസംഗിച്ചു. നാശത്തിൻെറ വക്കിൽ ജീവിക്കുന്നവർക്ക് ഏററവും ആവശ്യമായിരിക്കുന്നത് വിവാഹം കഴിക്കുകയെന്നുള്ളതല്ല; വിപത്തിനെ നേരിടുവാൻ ഒരുങ്ങുകയെന്നതാണ്. ഈ സാഹചര്യങ്ങളിൽ വിവാഹത്തിന് വലിയ അർത്ഥം ഒന്നും തന്നെയില്ല. അതുകൊണ്ട്, ഇസ്രായേൽജനം ജീവിക്കുന്നത് സങ്കടത്തിൻെറ വക്കിൽ ആണെന്ന് കാണിക്കുവാനായി, ആസന്നമായ നാശത്തിൻെറ ചൂണ്ടുപലകയായി, പഴയനിയമത്തിൻെറ അവസാന നാളുകളടുത്തുവെന്ന് അവരെ ഗ്രഹിപ്പിക്കുവാനായി, അവിവാഹിതനായി ജീവിക്കുവാൻ യെറമിയായോട്ട് ദൈവം കല്പിച്ചു. ഫാ.എൻ. ലഗ്രാൻസ്സ് പറയുന്നതുപോലെ, 'യെറമിയായുടെ ബ്രഹ്മചര്യം പ്രവത്തനത്തിൽ കൂടിയുള്ള ഒരു പ്രവചനം ആണ്. ബ്രഹ്മചര്യത്തിനുവേണ്ടിയല്ലാ പ്രത്യുത മറെറാന്നിൻെറ നാന്ദിയായി, അടയാളമായി ഇവിടെ ഉപയോഗിക്കപ്പെട്ടുന്നു. ഇതേ ചിന്താഗതി തന്നെ പുതിയ നിയമത്തിലും തെളിഞ്ഞു കാണാം.

യഹൂദാചാരമനുസരിച്ച് ഷണ്ഡന്മാർ ആരാധനച്ചടങ്ങുകളിൽ പങ്കെടുക്കാൻ യോഗ്യതയുള്ളവരായിരുന്നില്ല. ദൈവം അബ്രാഹത്തിനു പല വാഗ്ദാനങ്ങളും നൽകുകയുണ്ടായി. ഈ വാ

(3) The Prophecy of Ezechiel Ch, 12/1—5

ഗ്ദാനങ്ങൾ നിറവേറുന്നതു് അബ്രഹാമിന്റെ സന്തതികളിലായിരിക്കും. അതുകൊണ്ടു്, അബ്രഹാമിനു് ഒരു സന്താനപരമ്പരയെ ദൃഢപ്പെടുത്തുകയെന്നതു് സ്വകടമയായി തിരഞ്ഞെടുക്കപ്പെട്ട ജനം കരുതി. ഈ കടമാനിർവഹണത്തിൽ ഷണ്ഡന്മാർക്കു് പങ്കില്ലാതിരുന്നതിനാൽ, സമുദായമദ്ധ്യത്തിൽ അവർക്കു് വലിയ സ്ഥാനം ലഭിച്ചിരുന്നില്ല. ഇതിന്റെ ഒരു പ്രതിദ്ധ്വനിയാണു് ആരാധനച്ചടങ്ങുകളിൽ നിന്നും അവരെ വിലക്കിയതിൽ നാം ദർശിക്കുന്നതു്. പക്ഷേ, ഐസയാസ് ദീർഘദർശി പ്രവചിച്ചു, ഷണ്ഡന്മാർക്കും രക്ഷകന്റെ നാളുകളിൽ, ദൈവരാജ്യത്തിൽ ഒരു സ്ഥാനമുണ്ടായിരിക്കുമെന്നു്. (4) ഇതു് ക്രിസ്തുവിന്റെ വരവോടുകൂടി പൂർത്തിയാക്കപ്പെട്ടു.

### പുതിയനിയമത്തിൽ

വി. മത്തായിയുടെ സുവിശേഷത്തിലാണു് ബ്രഹ്മചര്യത്തെപ്പററിയുള്ള ക്രിസ്തുവിന്റെ പഠനം നമുക്കു് ലഭിക്കുക (5). വിവാഹത്തിന്റെ ഐക്യത്തേയും അവിഭാജ്യതയേയും പററി ശക്തിയായ വിധം ക്രിസ്തു സംസാരിക്കുന്നതു കേട്ടു്, അപ്പസ്തോലന്മാർ പറഞ്ഞു. ഗു[illegible], സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം ഇങ്ങിനെയാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുകയാണു് നല്ലതു് എന്നു്. ഇതിനു എന്തു് ഉത്തരമാണു് ക്രിസ്തു കൊടുത്തതു്? ജനനത്താൽ ഷണ്ഡന്മാരായ ചിലരുണ്ടു്, മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ട ചിലരുണ്ടു്, ദൈവരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ചിലരുമുണ്ടു്. സ്വീകരിക്കുവാൻ കഴിവുള്ളവർ സ്വീകരിക്കട്ടെയെന്നു്. ക്രിസ്തു ഇവിടെ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന ബ്രഹ്മചര്യത്തെ അനുകൂലിച്ചു സംസാരിക്കുകയാണു്. ക്രിസ്തു അതിനൊരു അർത്ഥം കൂടി കൊടുക്കുന്നു—ദൈവരാജ്യത്തിനുവേണ്ടിയെന്നു്. എന്താണിതിന്റെ സാരം? ക്രിസ്തു സ്ഥാപിച്ച സഭ കൂദാശപരമായ ഒരു സംഘടനയാണു്. ഒരു കൂദാശയാകട്ടെ, ദൈവവരപ്രസാദത്തെ നമ്മിൽ ജനിപ്പിക്കുന്ന ഒരടയാളമാണു്. അങ്ങനെ, കൂദാശയിൽ അടയാളത്തിനു് വലിയൊരു സ്ഥാനമുണ്ടു്.

---

(4) The prophecy of Isias Ch· 56/3–5

(5) St. Mathew 19/12

ഒരടയാളം മററൊന്തെങ്കിലും ഒന്നിനെ സൂചിപ്പിക്കുന്നു, (ഉദാ: പുക തീയുടെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു). ക്രൂദാശാപരമായ ഒരടയാളമെന്ന നിലയിൽ, സഭയും മററൊന്നിനെ സൂചിപ്പിക്കുന്നുണ്ട്—ദൈവരാജ്യത്തെ. ദൈവരാജ്യം അതിൻെറ വ്യാപകാർത്ഥത്തിൽ സമരസഭയേയും വിജയസഭയേയും കുറിക്കുന്നു. സമരസഭയാകട്ടെ, വിജയസഭയിലേക്ക് നമ്മെ നയിക്കുന്ന മാർഗ്ഗമാണ്. അത് വിജയസഭയെ എപ്പോഴും ചൂണ്ടിക്കാണിക്കുന്നു. അങ്ങിനെ, ദൈവരാജ്യത്തിൻെറ ആരംഭമായ സമരസഭ വിജയസഭയുടെ ഒരു അടയാളം കൂടിയാണ്. അതിൻെറ ചൂണ്ടുപലകയാണ്. ഇവയുടെ അർത്ഥം നല്ലവണ്ണം മനസ്സിലാക്കുന്നതിന് ബൈബിളിലെ സിംബോളിസത്തെപ്പററി അല്പ ജ്ഞാനമെങ്കിലും ഉണ്ടായിരിക്കുന്നതു് ഉപകാരപ്രദമാണ്. ബൈബിളിൻെറ ഭാഷയിൽ ഒരടയാളം മററൊന്നിനെ പ്രതിനിധീകരിക്കുക മാത്രമല്ല, പ്രതിനിധീകരിക്കുന്ന വസ്തുവിനെ ഏറെക്കുറെ അതിൽത്തന്നെ സാക്ഷാൽക്കരിക്കുകയും ചെയ്യുന്നു. ഈയർത്ഥത്തിൽ ക്രിസ്തുവിൻെറ അത്ഭുതങ്ങളെ, അവിടത്തെ പ്രബോധനങ്ങളേയും അധികാരങ്ങളേയും ദൈവത്വത്തെതന്നെയും സാക്ഷാൽക്കരിക്കുന്ന അടയാളങ്ങളായി നമുക്ക് കരുതാം. ഈ തത്വം ബ്രഹ്മചര്യത്തിൻെറ അർത്ഥ വിപുലീകരണത്തിനായി നമുക്ക് ഉപയോഗിക്കാം.

ക്രിസ്തു പറഞ്ഞു, സ്വർഗ്ഗരാജ്യത്തിൽ വിവാഹത്തിൻെറ ആവശ്യമില്ലെന്ന്. ഏഴു ഭർത്താക്കന്മാരുടെ ഭാര്യയായ ഒരുവൾ സ്വർഗ്ഗത്തിൽ ആരുടെ ഭാര്യ ആയിരിക്കുമെന്ന് ചിലർ ക്രിസ്തുവിനോടു ചോദിച്ചു! ക്രിസ്തു ഉത്തരം നൽകി, അവൾ ആരുടേയും ഭാര്യ ആയിരിക്കുകയില്ലെന്ന്. സ്വർഗ്ഗത്തിൽ ആരും വിവാഹം കഴിക്കുകയോ കഴിപ്പിക്കുകയോ ചെയ്യുന്നില്ല. അവിടെ എല്ലാവരും ദൈവദൂതന്മാരെപ്പോലെ ആയിരിക്കും (6). ഇപ്രകാരം സ്വർഗ്ഗരാജ്യത്തിൽ വിവാഹത്തിന്റെ ആവശ്യമോ വിവാഹിതരോ. ഇല്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൻെറ അടയാളമായ സമരസഭയിലും, സ്വർഗ്ഗരാജ്യത്തിലെ ജീവിതസ്ഥിതിയെ സാക്ഷാൽക്കരിക്കുന്നതായി, ഒരു അവിവാഹിത ജീവിതസ്ഥിതികൂടിയുണ്ടായിരിക്കണം. ദൈവരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ചിലരുമു

(6) St. Luke Ch. 20/29—36

ണ്ടെന്നു് ക്രിസ്തു പറയുമ്പോൾ ആ ശൈലിക്കു് മേൽ വിവരിച്ച വിധമുള്ള ഒരർത്ഥമാണു് നാം നൽകേണ്ടതു്. ബ്രഹ്മചാരികൾ വരുവാനിരിക്കുന്ന ലോകത്തിൻെറ ഒരടയാളമാണു്. പാപത്തിൽ മുഴുകി ജീവിക്കുന്ന ലോകത്തെ വരുവാനിരിക്കുന്ന ലോകത്തെ പ്പററി ഓർമ്മിപ്പിക്കുന്ന ചൂണ്ടുപലകകളാണു് അവർ. എല്ലാവരും ദൈവരാജ്യത്തിനുവേണ്ടി ജീവിക്കണമെന്നു് ബ്രഹ്മചാരികൾ പ്രസംഗിക്കുന്നു. പക്ഷേ തങ്ങൾതന്നെയും ഇതു പ്രയോഗത്തിൽ വരുത്തുന്നില്ലെങ്കിൽ, ആ പ്രസംഗത്തിനു് എന്തുശക്തിയാണുള്ളതു്? അതുകൊണ്ടു്, തങ്ങളെത്തന്നെ ദൈവരാജ്യത്തിനു വേണ്ടി പൂർണ്ണമായി അർപ്പിച്ചുകൊണ്ടു്, തങ്ങളുടെ പ്രസംഗത്തെ സ്വജീവിതത്തിൽ പകർത്തിക്കാട്ടുകയാണു് ബ്രഹ്മചാരികൾ.

### ബ്രഹ്മചര്യത്തിൻെറ മൂല്യങ്ങൾ

ബ്രഹ്മചാരികൾ വരുവാനിരിക്കുന്ന ലോകത്തിൻെറ മാത്രമല്ല, ഈ ലോകത്തിൻെറകൂടിയും അടയാളമാണു്. പക്ഷേ, ഒരു പ്രത്യേക അർത്ഥത്തിലാണെന്നുമാത്രം. അതായതു് അവർ ഈ ലോകത്തിൻെറ അവസാനത്തിൻെറയും കൂടി അടയാളമാണു്. നാം ജീവിക്കുന്നകാലഘട്ടം ചരിത്രത്തിലെ അവസാനകാലഘട്ടമാണു്. മനുഷ്യരക്ഷയെ സംബന്ധിച്ചിടത്തോളം, ഇനിയും ചരിത്രത്തിനു് വേറൊരുവശമില്ല. ഇതിൽ നിന്നും, ഈ കാലഘട്ടം വളരെ ചുരുങ്ങിയ, അതായതു്, രണ്ടായിരമോ, മൂവായിരമോ, വർഷങ്ങൾ മാത്രം ദൈർഘ്യമുള്ള, ഒന്നാണെന്നു് അർത്ഥമാക്കേണ്ടതില്ല. കാലദൈർഘ്യത്തെപ്പററിയല്ല, കാലഘട്ടത്തെപ്പററിയാണു് നാം ഇവിടെ സംസാരിക്കുക. പഴയനിയമത്തിൽ, മനുഷ്യവംശത്തിന്റെ തുടർച്ചയായിരുന്ന ഏററവും പ്രധാന്യമേറിയ സംഗതി. പക്ഷേ, പുതിയനിയമകാലത്തു "ഏററവും അത്യാവശ്യമായ സംഗതി മനുഷ്യരുടെ ആദ്ധ്യാത്മിക പുനരുദ്ധാരണമാണു്, പുനർജ്ജന്മമാണു്, മനുഷ്യർ ദൈവത്തിൻെറ മക്കളായി തീരുകയെന്നതാണു്. അതുകൊണ്ടു്, വിവാഹം ആവശ്യമെങ്കിലും, അതിനേക്കാൾ ആവശ്യമായ മററൊന്നുണ്ടു്. പരിശുദ്ധ ത്രീത്വത്തിൻെറ ആവാസം വഴി ദൈവപുത്രന്മാരായിത്തീരുകയെന്നതു്. അവസാനനാളുകളുടെ പ്രത്യേകതകളാണിവ (7). ഈ പ്രത്യേകതകളെ പ്രതിനിധീ

---

(7) Act of the Apostles Ch. 2/16–18

കരിച്ചുകൊണ്ടു് തങ്ങളുടെതന്നെയും മററുള്ളവരുടേയും ആദ്ധ്യാത്മിക പുനരുദ്ധീകരണത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടു്, ബ്രഹ്മചാരികൾ ഈ ലോകത്തിൻെറയും അതിൻെറ കടന്നുപോകുന്ന പ്രവണതകളുടേയും അവസാനത്തെ ചൂണ്ടിക്കാണിക്കുന്നു. "വിശ്വാസത്തിൻെറ വെളിച്ചത്തിൽകൂടി നോക്കുകയാണെങ്കിൽ, നാം ജീവിക്കുന്നകാലവും നമ്മുടെ വ്യക്തിപരമായ നിലനില്പും അവസാനനാളുകളുടെ അടയാളമായി കാണപ്പെടുന്നു. ബ്രഹ്മചര്യം ഈ അടയാളങ്ങളിലൊന്നാണു്. അന്ത്യനാളുകൾ അടുത്തുവെന്നു് അതു് കാണിക്കുന്നു. ലോകം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുവെന്നു് അതു പ്രഖ്യാപിക്കുന്നു. അന്ത്യം അടുത്തുവന്നിരിക്കുന്നു. മനുഷ്യൻെറ പ്രധാന ചുമതല മനുഷ്യവർഗ്ഗത്തിൻെറ നിലനില്പിനായി പ്രവർത്തിക്കുകയെന്നുള്ളതേയല്ല. പ്രത്യുത അർത്ഥം നശിച്ചതും കടന്നുപോകുന്നതുമായ ഒരു ലോകത്തിൽ നിന്നും തന്നെത്തന്നെ വിമുക്തനാക്കുകയെന്നുള്ളതാണു്." (8) ഇപ്രകാരം ബ്രഹ്മചാരികൾ ലോകകാര്യങ്ങളിൽ കൂടുതൽ മുഴകിക്കഴിയുന്നവർക്കു് ദൈവരാജ്യത്തിനനുസൃതമായി ജീവിക്കുന്നതിനുള്ള പ്രചോദനവും വെളിച്ചവും നൽകുന്നു. ജെറമിയാദീർഘദർശി പഴയനിയമകാലത്തിൻെറ അവസാനത്തെപ്പററി പ്രവചിച്ചതുപോലെ ക്രിസ്തീയബ്രഹ്മചാരികൾ, പുതിയനിയമത്തിലെ ജെറമിയാമാർ പഴയലോകത്തിൻെറ അവസാനത്തേയും പുതിയലോകത്തിൻെറ ആഗമനത്തേയും സ്വജീവിതം വഴി പ്രവചിക്കുന്നു. അവരുടെ ജീവിതം ശക്തിയേറിയ ഒരു പ്രസംഗപരമ്പരയാണു്. ഇതിനെയാണു് വിശ്വാസികൾ ചെവിക്കൊള്ളേണ്ടതു്. മേൽവിവരിച്ചതാണു് ബ്രഹ്മചര്യത്തിൻെറ പ്രവചനമൂല്യം (Prophetic value). ബ്രഹ്മചര്യത്തിനു് അതിൻെറ പ്രവചനമൂല്യത്തോടുബന്ധപ്പെട്ട മററു ചില മൂല്യങ്ങളുണ്ടു്. വി. പൗലോസു് ശ്ലീഹാ കോറിന്ത്യാക്കാർക്കു് എഴുതിയ ലേഖനത്തിൽ ബ്രഹ്മചര്യത്തിൻെറ ആന്തരികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങളെ ശരിയായി വിവരിക്കുന്നു. വിവാഹത്തിൻെറ സ്വാഭാവികതയേയും അനുഭവനീയതയേയുംപററി സംസാരിക്കുമ്പോൾ ബ്രഹ്മചര്യത്തിന്റെ ഗുണഗണ

---

(8) The prophetical meaning of celibacy by Fr. L. Legrand Scripture, 60 Oct.

ങ്ങളേയും അപ്പസ്തോലൻ വർണ്ണിക്കുന്നുണ്ട്. എല്ലാവ്യഗ്രതകളിൽ നിന്നും നിങ്ങൾ ഒഴിഞ്ഞിരിക്കണമെന്നാണ് എൻെറ ആഗ്രഹം. അവിവാഹിതൻ കർത്താവിൻെറ കാര്യങ്ങളിൽ ബദ്ധശ്രദ്ധനാണ്, എങ്ങനെ കർത്താവിനെ പ്രസാദിപ്പിക്കേണ്ടു എന്നു കരുതി. വിവാഹിതനോ, ലൗകികകാര്യങ്ങളിൽ ശ്രദ്ധാലുവാണ്, എങ്ങനെ ഭാര്യയെ പ്രസാദിപ്പിക്കേണ്ടു എന്നുകരുതി. അയാളുടെ ശ്രദ്ധ വിഭജിക്കപ്പെട്ടിരിക്കുന്നു (9). അങ്ങനെ ദൈവത്തെ കൂടുതൽ പ്രീതിപ്പെടുത്തുന്നതിനും അവിടുത്തേയ്ക്ക് അവിഭാജ്യമായ സേവനം അനുഷ്ഠിക്കുന്നതിനുമായിട്ടാണ് ബ്രഹ്മചര്യത്തെ കൊറിന്ത്യാക്കാർക്ക് വി. പൗലോസ് ഉപദേശിക്കുന്നത്.

ബ്രഹ്മചര്യപാലനത്തിന് വേറൊരു കാരണംകൂടി വി. പൗലോസ് ചൂണ്ടിക്കാണിക്കുന്നുണ്ട്. കന്യകകളെപ്പററി സംസാരിക്കുമ്പോൾ അദ്ദേഹം പറയുന്നു, ആത്മാവിലും ശരീരത്തിലും വിശുദ്ധിയുള്ളവരായിരിക്കുന്നതിനാണ് അവർ കന്യകകളായി ജീവിക്കേണ്ടതെന്ന്. പ്രസ്തുത അവിവാഹിതനും കന്യകയും കർത്താവിൻെറ കാര്യങ്ങളിൽ ഏകാഗ്രചിത്തരാണ്. ആത്മാവിലും ശരീരത്തിലും പരിശുദ്ധി പാലിച്ച് കർത്താവിൻെറ കാര്യങ്ങളിൽ ശ്രദ്ധിക്കും." (10)

വിശുദ്ധിയെന്ന പദത്തിന് വി. പൗലോസ് ഇവിടെ ഒരു പ്രത്യേക അർത്ഥം നൽകുന്നുണ്ട്. പത്തു പ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും അനുസരിച്ച് ജീവിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നതെന്ന് നാം ചിന്തിച്ചു പോയേക്കാം. ഇതു് ധാർമ്മിക (Moral) വിശുദ്ധി മാത്രമാണ്. എന്നാൽ വിശുദ്ധി രണ്ടുവിധം കൂടിയാകാം—സത്താത്മക (Substantial വിശുദ്ധിയും സത്താപര (Ontological) വിശുദ്ധിയും. സത്താപര വിശുദ്ധി നമ്മിൽ ഉണ്ടാകുന്നതു്, പരിശുദ്ധാത്മാവിൻെറ ആവസിപ്പു വഴി നാം ദൈവിക ജീവനിൽ പങ്കാളികളാകുമ്പോഴാണ്. സത്താത്മക വിശുദ്ധി അടങ്ങിയിരിക്കുന്നതു് ദൈവത്തിനുള്ള സമർപ്പണത്തിലാണ് (Consecration). ദൈവത്തിനുവേണ്ടി തന്നെത്തന്നെ കാഴ്ച വയ്ക്കുക. അതനുസരിച്ച് ജീവിക്കുക. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിവയ്ക്കുള്ള വ്രതവാഗ്ദാ

---

(9)+(10) / Cor. 7/32-34.

നങ്ങൾ നടത്തുന്നവർ ഈ വിധത്തിൽ വിശുദ്ധിയുള്ളവരായിത്തീരുന്നു. ഈ വ്രതവാഗ്ദാനങ്ങൾ വഴി അവർ തങ്ങളെത്തന്നെ ദൈവത്തിനു സമപ്പിക്കുകയാണു് ചെയ്യുന്നതു്. കാസായും പീലാസായും വാഴ്ത്തിക്കഴിയുമ്പോൾ വിശുദ്ധ വസ്തുക്കളായിത്തീരുന്നു— അവ ദൈവത്തിനു വേണ്ടി കാഴ്ചവയ്ക്കപ്പെട്ടവയാകയാൽ. ബ്രഹ്മചാരികൾ ദൈവത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള ജീവനുള്ള കാസാകളാണു്. അവരുടെ ജീവിതാവസ്ഥയ്ക്കു് അനുസൃതമായി ജീവിക്കുമ്പോൾ, അവർ ആത്മാവിലും ശരീരത്തിലും വിശുദ്ധിയുള്ളവരായിത്തീരുന്നു. ഇതിനെപ്പററിയാണു് വി. പൗലോസ്സ് സംസാരിക്കുന്നതു്.

ക്രിസ്തീയ ഭാര്യാഭത്താക്കന്മാർ ഇപ്രകാരം ദൈവത്തിനു വേണ്ടി സമപ്പിക്കപ്പെട്ടിട്ടുള്ളവരാണു്. പക്ഷേ ഒരു വ്യത്യാസമുണ്ടു്. ക്രിസ്തീയദമ്പതികൾ അന്യോന്യമുള്ള സമപ്പണം വഴി, അതായതു് ഭാര്യ ഭത്താവിലൂടെയും ഭത്താവു് ഭാര്യയിലൂടെയും, തങ്ങളെ ദൈവത്തിനു സമർപ്പിക്കുന്നു. എന്നാൽ ഒരു ബ്രഹ്മചാരിയാകട്ടെ നേരിട്ടു തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു. അതുതന്നെയുമല്ല, ബ്രഹ്മചാരി പ്രധാനമായും, കൂടുതൽ ദൈവീകമായ കാര്യങ്ങൾക്കാണു് സ്വയം സമർപ്പിക്കുന്നതു്. വിവാഹിതരാകട്ടെ ലൗകിക കാര്യങ്ങളെ ദൈവികമാക്കിക്കൊണ്ടും ദൈവികമാക്കുന്നതിനു പരിശ്രമിച്ചുകൊണ്ടും ഈ സമർപ്പണം നടത്തുന്നു.

പ്രായോഗിക വശത്തേക്കു കടക്കുകയാണെങ്കിൽ, ആദ്ധ്യാത്മികജീവിതത്തിന്റെ സുഗമമായ പുരോഗമനത്തിനു്, അതായതു്, ദൈവവുമായുള്ള ഐക്യത്തിൽ കൂടുതൽ വർദ്ധമാനമാകുന്നതിനു്, ലൗകീക കാര്യങ്ങളാൽ അശ്രദ്ധമാക്കപ്പെടാത്ത ഒരു ജീവിതമാണു് ഏററം ഉത്തമം. ഇപ്രകാരമുള്ള ഒരു സാഹചര്യമാണു് ബ്രഹ്മചര്യം സൃഷ്ടിക്കുന്നതു്. വ്യക്തിപരമായ പൂർണ്ണതയിലേക്കു് ഉയന്നുകൊണ്ടിരിക്കുന്നവക്കു മാത്രമല്ല, മററുള്ളവരുടെ ആത്മരക്ഷക്കുവേണ്ടി പരിശ്രമിക്കുന്നവർക്കും ബ്രഹ്മചര്യം വളരെ സഹായകമാണു്. എല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും സർവസ്വാതന്ത്ര്യമായ ഒരു ഹൃദയമാണു് ആവശ്യം. ബ്രഹ്മചാരികൾക്കല്ലാതെ മററാക്കെങ്കിലും ഇങ്ങിനെ ഒരു സമിതിവിശേഷം സാധാരണ ഗതിയിൽ ഉണ്ടാകുമോ? കുടുംബനാഥന്മാർക്കും കുടുംബിനികൾക്കും കുടുംബഭാരങ്ങൾ ധാരാളമുണ്ടു്. അവ അവരെ കുടുംബത്തോടു് ബന്ധിക്കുന്നു. എന്നാൽ, കുടുംബപരിധികൾ കടന്നു് പ്രവത്തിക്കേണ്ട ഒരുവനു് കുടുംബ

ഭാരങ്ങൾ ഇല്ലാതിരിക്കുകയാണല്ലോ കൂടുതൽ സൗകര്യം. ബ്രഹ്മചര്യത്തിൻെറ ഈ പ്രായോഗികവശത്തെപ്പററി സംസാരിക്കയിൽ മാക്സ്തുരിയൻ എന്ന പ്രോട്ടസ്റ്റൻറു് എഴുത്തുകാരൻ ഇങ്ങിനെ പറയുന്നു: "സ്വമനസ്സാ ബ്രഹ്മചാരിയായ ഒരാൾക്കു് സഭയുടെ ആവശ്യപ്രകാരം എവിടെയും ഏതുസമയത്തും പോകുവാൻ സാധിക്കും. വിവാഹിതനായ ഒരു മിനിസ്റ്ററിനു് (married minister) ഇതു് സാദ്ധ്യമല്ല. അവനു് അവൻെറ ഭാര്യയേയും മക്കളേയും പററി, അവരുടെ ആരോഗ്യത്തേയും സുഖജീവിതത്തേയും പഠനകാര്യങ്ങളേയുംപററി ചിന്തിക്കുവാനുണ്ടു്. അപ്പോൾമാത്രമേ അവൻെറ വിവാഹവിളിയെ അവൻ പൂർണ്ണമായി അനുസരിക്കുന്നുള്ളു ..പ്രത്യേകമായ സ്നേഹബന്ധങ്ങളൊന്നുംതന്നെയില്ലാത്തതിനാൽ, ക്രിസ്തീയബ്രഹ്മചാരിക്കു് എപ്പോഴും മററുള്ളവരുടെ സഹായത്തിനെത്താൻ കഴിയും. അവൻെറ അയൽക്കാരനെ സേവിക്കാൻ വേണ്ട സമയവും ആന്തരികസ്വാതന്ത്ര്യവും അവനുണ്ടു്"... (11) മിഷ്യൻപ്രവർത്തനത്തിനു വേണ്ടി അന്യനാട്ടുകളിലേക്കു് പോകുന്നവർക്കു് ഒരു കുടുംബത്തെക്കൂടി സംരക്ഷിക്കുവാനുണ്ടെങ്കിൽ എത്ര വലിയ ബുദ്ധിമുട്ടാണുണ്ടാകുക? അതുകൊണ്ടു് ബ്രഹ്മചര്യത്തിൻെറ പ്രായോഗികമൂല്യത്തിനും ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം നൽകേണ്ടതുണ്ടു്.

ചുരുക്കത്തിൽ ക്രിസ്ത്വാനുകരണമാണു് ബ്രഹ്മചര്യത്തിൻെറയും അടിസ്ഥാനം. ക്രിസ്തുവിൻെറ മരണത്തിൻെറയും പുനരുത്ഥാനത്തിൻെറയും രഹസ്യങ്ങളിൽ പങ്കുകൊള്ളുകയെന്നതാണു് ക്രിസ്തീയ ജീവിതത്തിൻെറ സാരം. ക്രിസ്തുവിൻെറ മരണത്തിൻെറ രഹസ്യത്തിൽ പങ്കുകൊള്ളുന്നതുവഴി, നാം നമ്മുടെ തന്നെ മരണത്തെ അതിജീവിക്കുന്നു. പക്ഷേ ഇതിനായി നമ്മിലുള്ള പഴയ മനുഷ്യനെ നാം ഉപേക്ഷിക്കണം. ലോകത്തിനു മരിച്ചവരെപ്പോലെ ജീവിക്കണം. ഈലോകത്തെ ഉപയോഗിക്കുന്നുവെങ്കിലും ഉപയോഗിക്കാത്തവരെപ്പോലെ അതിനെ വീക്ഷിക്കണം. ലോകത്തിനു മരിച്ചവരെപ്പോലെ ജീവിക്കുന്നതിനു് ഒന്നാമതായി ഈ ലോകവസ്തുക്കളിൽ യാതൊരു ശരണവും വയ്ക്കാതെ ജീവിക്കണം. രണ്ടാമതായി ദൈവത്തിൽ മാത്രം ആശ്രയിക്കുക. ഇവ രണ്ടിൻേറയും കൂടി കൂടുതൽ ആഴമേറിയ ഒരു സാക്ഷാൽക്കരണമാണു് ബ്രഹ്മചര്യം.

---

(11) Max Thurian, "Mariage and Celibacy"

ക്രിസ്ത്വാനുകരണത്തിന്റെ മറെറാരു വശമാണു് ക്രിസ്തുവിൽ വിളങ്ങിയിരുന്ന പുണ്യങ്ങളെ അനുകരിക്കുകയെന്നതു്. ക്രിസ്തു ഒരു കന്യകയിൽ നിന്നും ജനിച്ചു. ഒരു ബ്രഹ്മചാരിയായി ജീവിച്ചു. ക്രിസ്തുവിന്റെ ഈ ജീവിതരീതിയെ അനുഗമിക്കുകയാണു് ബ്രഹ്മചാരികൾ ചെയ്യുന്നതു്.

ക്രിസ്തു ബ്രഹ്മചര്യം വഴി സ്വശരീരത്തെ ഒരു ദഹനബലിയായി സ്വർഗ്ഗീയ പിതാവിനു് കാഴ്ചവെച്ചു. ക്രിസ്തീയ ബ്രഹ്മചാരികളും ക്രൂശിതനായ ക്രിസ്തുവിനോടുകൂടി സ്വശരീരങ്ങളെ ക്രൂശിൽ തറയ്ക്കുന്നു. ദൈവത്തിലും സ്വസഹോദരങ്ങൾക്കുമായി സ്വശരീരങ്ങളെ അവർ കാഴ്ചവെക്കുന്നു. ശാരീരികപിതൃത്വവും മാതൃത്വവും ഉപേക്ഷിച്ചുകൊണ്ടു്, പാപം വഴി ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യരെ ദൈവത്തിലേക്കു് അടുപ്പിക്കുന്നതിനു്, ദൈവമക്കളാക്കുന്നതിനു് അവർ പരിശ്രമിക്കുന്നു. ഇതിലാണു് അവരുടെ ആദ്ധ്യാത്മിക പിതൃത്വവും മാതൃത്വവും അടങ്ങിയിരിക്കുന്നതു്. ബ്രഹ്മചര്യത്തിന്റെ ഫലവും ഇതിൽതന്നെ ഉൾക്കൊണ്ടിരിക്കുന്നു.

ബ്രഹ്മചര്യത്തെപ്പററിയുള്ള ഈ വിശകലനം വിവാഹജീവിതത്തോടുള്ള പുച്ഛമനോഭാവത്തിന്റെ ദ്യോതകത്തുക അല്ലേയെന്നു് ചിലർക്കു തോന്നിയേക്കാം. വസ്തുനിഷ്ഠമായി ബ്രഹ്മചര്യത്തെയും വിവാഹജീവിതത്തേയും താരതമ്യം ചെയ്തുനോക്കുകയാണെങ്കിൽ ബ്രഹ്മചര്യമാണു് കൂടുതൽ മാഹാത്മ്യമേറിയ ജീവിതസ്ഥിതിയെന്നു് സമ്മതിച്ചേതീരൂ. അതാണു് സഭയുടെ പഠിപ്പിക്കൽ. മനുഷ്യബുദ്ധിയും അനുഭവവും അതുതന്നെ വിളിച്ചുപറയുന്നു. പക്ഷേ വ്യക്തിപരമായി നോക്കുകയാണെങ്കിൽ, വി. പൗലോസ് പറയുന്നതുപോലെ, ഓരോരുത്തനും ഒരോ ദൈവവിളിയുണ്ടു്. ഒരുവനു് വിവാഹത്തിനായിരിക്കാം, മറെറാരുവനു് ബ്രഹ്മചര്യം പാലിക്കുന്നതിനു്, ഓരോരുത്തനും ഏററവും ഉയർന്ന പുണ്യപരിപൂർണ്ണത കൈവരുന്നതു് അവനവന്റെ ദൈവവിളിക്കനുസരിച്ചു് ജീവിക്കുന്നതിലായിരിക്കും.

Statement about ownership and other particulars about newspaper (**KATHIROLY**) to be published in the first issue every year after the last day of February

## FORM IV

[See Rule 8]

| | | |
|---|---|---|
| 1 | Place of publication | Changanacherry |
| 2 | Periodicity of its publication | Once in three months |
| 3 | Printer's Name | Fr. Mathew Nadakal |
| | Nationality | Indian |
| | Address | Archbishop's House<br>Changanacherry, Kerala. |
| 4 | Publisher's Name<br>Nationality<br>Address | ,, |
| 5 | Editor's Name<br>Nationality<br>Address | ,, |
| 6 | Name and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital | Fr. Mathew Nadakal<br>Director<br>Adhyanamandalam<br>Changanacherry |

I, Fr. Mathew Nadakal hereby declare that the particulars given above are true to the best of my knowledge and belief.

*Signature of Publisher*

Date 15-5-1963

Fr. Mathew Nadakal

# പ്രസ്താവന

ഈ ലക്കത്തോടുകൂടി കതിരൊളിയുടെ രണ്ടാം ലക്കം പൂർത്തിയാകുകയാണു്. പ്രസിദ്ധീകരണത്തിൻെറ നടത്തിപ്പിൽ ഏതെങ്കിലും പ്രകാരത്തിൽ സഹായിച്ചിട്ടുള്ള എല്ലാവരെയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. കതിരൊളി പതിവായി വായിക്കുന്നവർ അതെപ്പററി മതിപ്പും അഭിനന്ദനവും പ്രകടിപ്പിക്കുന്നുണ്ടു്. എന്നാൽ ബുദ്ധിജീവികളായ അനേകരുടെ ശ്രദ്ധയിൽ ഈ പ്രസിദ്ധീകരണം ഇതുവരെയും പെട്ടിട്ടില്ല എന്ന വസ്തുതയും ഞങ്ങൾക്കറിയാം. കതിരൊളിപോലെ ദൈവശാസ്ത്രപരമായ ഒരു പ്രസിദ്ധീകരണത്തിൻെറ ആവശ്യകത അംഗീകരിക്കപ്പെട്ടുകാണുന്നതിൽ ഞങ്ങൾക്കു് അതിയായ സന്തോഷവുമുണ്ടു്.

ഏതൊരു പുതിയ പ്രസ്ഥാനത്തിനും അഭിമുഖീകരിക്കേണ്ടിവരുന്ന സാമ്പത്തികപ്രയാസങ്ങൾ ഞങ്ങൾക്കും അനുഭവപ്പെടുന്നുണ്ടു്. വരിസംഖ്യ മുമ്പേറായി അയച്ചുതന്നു് ഞങ്ങളെ സഹായിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

Managing Editor.

# കതിരൊളി ഒന്നും രണ്ടും പുസ്തകങ്ങളിലെ ഉള്ളടക്കം


Apologetics

"മതവും ദൈവാവിഷ്കരണവും" ഡോ. ജോൺബ്രിട്ടോ C.M.I.
vol I. no 1 pg. 6-30

"ക്രിസ്തുമതത്തിൻെറ അസ്ഥിവാരങ്ങൾ" ഫാ. തോമസ്സ് വടശേരി
vol I no: 2 pg 10—17 no 3 pg 3—25
vol II no 2 pg 137—150

ദൈവവിജ്ഞാനീയ പഠനം-ഡോ. സെബാസ്റ്റ്യൻ കാപ്പൻ S.J.
vol 1. no 3 p 59-71 no 4 p. 73-98

പ്രതിഭാസവിജ്ഞാനീയം, തോമിസം, ദൈവശാസ്ത്രം-ശ്രീ പി. ററി. ചാക്കോ vol I no 4 p 47—63

ക്രിസ്തുനാഥൻെറ ഉയിർപ്പ് ക്രിസ്തുമതത്തിൻെറ അസ്ഥിവാരം
ഡോ. ബ്രിട്ടോ സി. എം. ഐ. vol II no 1. p 9—19

തിന്മ—പ്രശ്നവും രഹസ്യവും. ശ്രീ. പി. ററി. ചാക്കോ
vol II no 1 p 23—45

അത്ഭുതങ്ങൾ-ഡോ. ബ്രിട്ടോ സി. എം. ഐ. vol I no 4 p. 3—15

### Socio - religious

കുടുംബസംവിധാനം-ശ്രീ. തോമസ് സെബാസ്റ്റ്യൻ
vol 1. no 1 p 31—53

യോഹന്നാൻ മാർപ്പാപ്പായുടെ സാമൂഹ്യതിരുവെഴുത്ത്-മോൺ. ചിററൂർ
vol I no 2 p 83—87

അൽമായ സംഘടനകൾ-Rt. Rev. Dr. മാത്യു പോത്തനാമൂഴി
vol 1 no 3 p 25—30

### Papal Documents

ആരാധനക്രമത്തെപ്പററി-ഫാ. അമ്പൃന്തിയോസ് സി. എം. ഐ.
vol I no 1 p 53—57

വി. ഗീവറുഗീസും വി. ഫിലോമിനായും-ഡോ. നേര്യംപറമ്പിൽ
vol I no 3 p 92—97.

വിവിധ സന്ദേശങ്ങൾ-ബ്ര. ജോൺ അറക്കൽ vol II no 1 p 68—76
no 2 p 165—176

### Dogma

കത്തോലിക്കാവിശ്വാസം-ഫാ. ഈപ്പൻ അയല്ലൂപ്പറമ്പിൽ vol I no 1
p 58— 69—no 2 p 35—57

ദൈവരഹസ്യങ്ങൾ-ഡോ. ബ്രിട്ടോ സി. എം. ഐ.
vol 1 no 2 p 65—72

ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട വൈദികർ-മോൺ. ചിററൂർ
vol II no 2 p 100-104

പ്രസാദവരം-ശ്രീ പി. ററി. ചാക്കോ vol II no 3 p 206—218

### Catechetical

മതബോധനം പ്രാരംഭദശയിൽ—ഡോ. ജോൺ വള്ളമററം
vol 1 no 1 p 74—78. vol 2 no 1 p 77-85

മാമ്മോദീസാത്തൊട്ടിയും മതബോധനവും—ഡോ. വള്ളമററം
vol I no 2 p 18 — 24

മതാദ്ധ്യാപകർ സഭയുടെ ദൗത്യവാഹകർ.—ബ്ര. ജോബ്യ കാട്ടൂർ.
vol 1 no 3 p 88-92

സൺഡേസ്കൂൾ പുനസ്സംഘടന. ശ്രീ. തോമസ് സെബാസ്റ്റ്യൻ
vol 1 no 2 p 99-100 no 3 p 72-76

### Current Problems

നമ്മുടെ പ്രസിദ്ധീകരണങ്ങൾ: ശ്രീ. ജോസഫ് അഞ്ചനാട്ട്
vol 1 no 2 p 4-8

പത്രങ്ങളും കത്തോലിക്കാ മനസ്ഥിതിയും—ഫാ. ആൻറണി C.M.I.
vol 1 no 2 p 57-64

കലയും കലാപരിപാടികളും: ശ്രീ. എൽ. സി. ഐസക്ക്
vol 1 no 4 p 64-72

മററു ഗോളങ്ങളിൽ വിശേഷ ബുദ്ധിയുള്ള ജീവികൾ ഉണ്ടോ.
ഫാ. ഡൊമിനിക്ക് O.C.D. vol 1 no 2 p. 73-77
വിശ്വാസവും വിമർശനവും: ശ്രീ. തോമസ് കണയംപ്ലാക്കൽ:
vol II no 1 p. 46-53

രണ്ടാം വത്തിക്കാൻ കൗൺസിലും ക്രൈസ്തവൈക്യവും:
ബ്ര. സി. ഠഠി. വയലിൽ vol 2 no 2 p 151-164
no 3 p 243-259

Biblical:

ശാസ്ത്രം, വേദപുസ്തകം, ലോകാരംഭം—ഫാ: ലൂക്ക് O.F.M. Cap
vol 1 no 3 p. 30-64 no 4 p. 16-46
വേദപുസ്തകം (മാഹാത്മ്യം, ദൈവനിവേശനം) — ഫാ. മാത്യു നടയ്ക്കൽ
vol II no 1 p 54-67 no 2 p 105-118
no 3 p 182-205
ബൈബിളിൻെറ മൂലഭാഷകൾ: ഫാ. ലൂക്ക് O.F.M. Cap
vol II no 2 p 114-136

---

# തിരുസിംഹാസനത്തിൽ നിന്ന്

ജോൺ അറയ്ക്കൽ

## വേദപുസ്തകപഠനം

ഇററാലിയൻ വേദപുസ്തകവാരത്തിൻെറ ഉൽഘാടനവേളയിൽ ജോൺ മാർപ്പാപ്പാ തിരുമേനി ചെയ്ത പ്രസംഗം വേദപുസ്തകപഠനത്തിൻെറ രീതിയും അരൂപിയും ചൂണ്ടിക്കാണിക്കുന്നതായിരുന്നു (1) പണ്ഡിതനായ ഒരാസ്വാദകനെന്ന നിലയിലോ, വേദപുസ്തകത്തിലെ അമേയമായ സമ്പത്തുകളെ തേടുന്ന ഗവേഷകനെന്ന നിലയിലോ അല്ല നാം വിശുദ്ധ ഗ്രന്ഥങ്ങളെ വീക്ഷിക്കേണ്ടതു്. ഭയത്തോടും അതേസമയം സ്ഥൈര്യത്തോടും കൂടി ദൈവവചനം ശ്രവിക്കുന്നവനാവണം വേദപുസ്തകപഠിതാവു്. അൽമേരകളിൽ സൂക്ഷിച്ചുവെട്ടുണ്ട ഒരു മൃതഗ്രന്ഥമല്ല ബൈബിൾ. ദൈവത്തിൽ നിന്നു വരുന്ന, നാം പൂർണ്ണമായും സ്വീകരിച്ചനുവർത്തിക്കേണ്ട സജീവവും സമ്പൂർണ്ണവുമായ സന്ദേശമാണതു്. ശാസ്ത്രീയരീതികളുപയോഗിച്ചുകൊണ്ടുള്ള ഗവേഷണങ്ങളെ നിരുത്സാഹപ്പെടുത്തുകയല്ല ഇതു മൂലം. അത്തരം പഠ

---

(1) La Documentation Catholique, 21 octobre 1962, col. 1313—1316

നങ്ങൾ എല്ലാവിധത്തിലും പ്രോത്സാഹനാർഹമാണെന്നു സഭ സ്മരിയാം. അവ പോരെന്നേയുള്ളു. പാണ്ഡിത്യത്തിനുപരിയായി ദൈവവചനത്തിനായുള്ള വിശപ്പും ദാഹവുമാണാവശ്യം. ആത്മാക്കളുടെ ജീവനും ബുദ്ധിയുടെ വെളിച്ചവും ജീവദായകമായ നിശ്വാസനവുമാണു ദൈവവചനം. വേദപുസ്തകത്തിൻെറ സന്ദേശം കൂടുതൽ സുഗ്രാഹ്യമാക്കുന്നതാവണം പണ്ഡിതോചിതമായ പഠനങ്ങളുടേയും ഗവേഷണങ്ങളുടേയും ലക്ഷ്യം. പണ്ടത്തേപ്പോലെ, ഇന്നും ലോകത്തിനു ദൈവവചനത്തിൻെറ ആവശ്യമുണ്ടു്. ശാസ്ത്രത്തിൻേറയും സങ്കേതവിദ്യയുടേയും വൈകാരിക ബന്ധങ്ങളുടേയും അടിമത്തത്തിൽക്കിടക്കുന്ന മനുഷ്യർ "പുതിയ ആകാശവും പുതിയ ഭൂമിയും" പ്രതീക്ഷിച്ചുകഴിയുകയാണു്. തന്മൂലം ദൈവവചനം എല്ലാവർക്കും ലഭ്യമാക്കുകയാവണം വേദപുസ്തകപഠനത്തിൻെറ വേറൊരുലക്ഷ്യം,

## സൂനഹദോസ് തുടങ്ങിയപ്പോൾ

രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉൽഘാടനം ചെയ്തുകൊണ്ടു് ജോൺ മാർപ്പാപ്പാ ചെയ്ത പ്രസംഗത്തിൽ, സൂനഹദോസിൻെറ പ്രാധാന്യവും, ലക്ഷ്യവും, ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി (2) ആദിമശതകങ്ങൾ മുതൽ ഇന്നുവരെ നടന്നിട്ടുള്ള സൂനഹദോസുകൾപോലെ, ഈ സാർവത്രികസമ്മേളനവും കത്തോലിക്കാസഭയുടെ പ്രാഭവത്തിനും പ്രബോധനാധികാരത്തിനും സാക്ഷ്യം വഹിക്കുകയാണു്. ചരിത്രത്തിൻെറയും ജീവിതത്തിൻെറയും കേന്ദ്രമായ ക്രിസ്തുവിൽനിന്നാണു് സഭ തൻെറ പേരും അർത്ഥവും പ്രസാദവരവും സ്വീകരിക്കുന്നതു്. ക്രിസ്തുവും സഭയുമായുള്ള ഐക്യം പ്രഖ്യാപനം ചെയ്യുന്ന സാർവ്വത്രികസമ്മേളനങ്ങൾ, സത്യത്തിൻെറ പ്രകാശം സർവ്വത്ര പരത്താനും, വ്യക്തികളേയും കുടുംബങ്ങളേയും രാഷ്ട്രങ്ങളേയും നേർവഴിക്കു നടത്താനും, സനാതനമായ ആത്മീയനന്മകളിലേയ്ക്കു് മനുഷ്യമനസ്സുകളെ ഉയർത്താനും ശ്രമിക്കുന്നവയാണു്.

ഒരു പുതിയ സൂനഹദോസ് വിളിച്ചുകൂട്ടുന്ന കാര്യം, ആകസ്മികമായി മനസ്സിലുദിച്ചതും, 1959 ജാനുവരി 25 ലെ കർദ്ദിനാൾ സംഘം അതിനെ സഹർഷം സ്വാഗതം ചെയ്തതും തിരു

(2) bid., 4 novembre, 1962, col. 1372—86

മേനി അനുസ്മരിച്ചു. പിന്നീട്ട് സൂനഹദോസിനുവേണ്ടി തയ്യാറാവുകയായി. ആധുനികലോകത്തിൽ ക്രിസ്തീയ വിശ്വാസത്തിനുള്ള സ്ഥാനവും, ക്രൈസ്തവരുടേയും വിശിഷ്യ, കത്തോലിക്കരുടേയും മതചൈതന്യവും മതാത്മകജീവിതവും ശരിക്ക പഠിക്കാൻ മൂന്നു വർഷം നീണ്ടു നിന്ന ഒരുക്കങ്ങൾകൊണ്ടു സാധിച്ചിട്ടുണ്ട്.

പ്രത്യേകവിധത്തിൽ അനുകൂലമായ പരിതസ്ഥിതികളിലാണു സൂനഹദോസ് സമ്മേളിക്കുന്നതെന്നു് പരിശുദ്ധ പിതാവു പറഞ്ഞു. ആധുനികലോകത്തിൽ കുഴപ്പങ്ങളും തിന്മകളും മാത്രം കാണുന്നവരോട്ട് തിരുമേനി യോജിക്കുകയില്ല. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ ഗൗരവാവഹമായ പ്രശ്നങ്ങളില്ലെന്നല്ല. ഭൗതിക പുരോഗതി മതകാര്യങ്ങളിൽ അനാസ്ഥയ്ക്കു വഴിതെളിക്കുന്നതും മറക്കുകയല്ല. വാസ്തവത്തിൽ, ക്രിസ്തുവിനുവേണ്ടി തടവിൽക്കിടക്കുന്നതുകൊണ്ടോ മറ്റു പ്രതിബന്ധങ്ങൾ നേരിട്ടതുകൊണ്ടോ സൂനഹദോസിൽ പങ്കെടുക്കാൻ കഴിയാതെപോയ മെത്രാന്മാരുടെ കാര്യം പരിശുദ്ധ പിതാവു പ്രത്യേകം സ്മരിക്കുന്നുണ്ട്. ഇതെല്ലാമാണെങ്കിലും, ദൈവപരിപാലനയുടെ അത്ഭുതകരമായ പ്രവർത്തനം, വിപരീതസംഭവങ്ങളിലൂടെപ്പോലും, നിശ്ചിതാന്ത്യത്തിലേക്കു നീങ്ങാൻ കഴിവുള്ളതാണു്. ആധുനികകാലത്തു് സഭയ്ക്കു കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം കൈവന്നിട്ടുള്ളതും മറന്നുകൂടാ. സാർവ്വത്രികസൂനഹദോസുകളിൽപ്പോലും രാഷ്ട്രീയ ശക്തികൾ കൈകടത്തിയിരുന്ന കാലം കടന്നുപോയി; അതിൻെറ ദോഷഫലങ്ങളും ഇന്നില്ല.

സൂനഹദോസിൻെറ ലക്ഷ്യം ക്രിസ്തീയവിശ്വാസം സംരക്ഷിക്കുകയും കൂടുതൽ ഫലപ്രദമായ രീതിയിൽ അതു മനുഷ്യരുടെ മുമ്പിൽ വെയ്ക്കുകയുമാണെന്നു് മാർപ്പാപ്പാ തിരുമേനി തുടന്നു പറഞ്ഞു. മനുഷ്യനെ അവൻെറ സമ്പൂർണ്ണതയിൽ വീക്ഷിക്കുന്നതാണു് ക്രിസ്തീയവിശ്വാസം: മനുഷ്യനു് ആത്മാവും ശരീരവുമുണ്ടെന്നു് അതു പഠിപ്പിക്കുന്നു; ഭൗമികജീവിതം സനാതനമായ സ്വർഗ്ഗീയ ജീവിതത്തിലേയ്ക്കു നയിക്കത്തക്കവിധമാകണമെന്നു് ചൂണ്ടിക്കാണിക്കുകയും. മനുഷ്യപ്രതിഭയുടെ അത്ഭുതാവഹമായ നേട്ടങ്ങളേയും ശാസ്ത്രത്തിൻെറ പുരോഗതിയേയും സഭ വിലമതിക്കുന്നു. അവ സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള മനുഷ്യൻെറ പ്രയാണത്തിനു വിഘാതമാവരുതെന്നേയുള്ളൂ.

ക്രിസ്തീയവിശ്വാസത്തിൻെറ വളർച്ചക്കായും സൂനഹദോസ്

ശ്രമിക്കുന്നതാണ്. വിശ്വാസസത്യങ്ങളുടെ കലവറയിലേയ്ക്കു പുതിയതത്വങ്ങൾ കൂട്ടിച്ചേർക്കുമെന്നല്ല. ആധുനികപരിതസ്ഥിതികളുടേയും ആവശ്യങ്ങളുടേയും വെളിച്ചത്തിൽ, വിശ്വാസത്തിൻെറ ആഴങ്ങളറിയാനും കാലോചിതമായ രീതിയിൽ അതിനെ ലോകസമക്ഷം പ്രദർശിപ്പിക്കാനും ശ്രമിക്കുമെന്നു മാത്രം. തെററുകളും അബദ്ധങ്ങളും ഇക്കാലത്തും ധാരാളമുണ്ടെങ്കിലും, കർശനനടപടികളേക്കാൾ കാരുണ്യപൂർവ്വകമായ സമീപനമാണ് അവയെ സംബന്ധിച്ചിടത്തോളം സഭ സ്വീകരിക്കുക. അബദ്ധങ്ങളെ ശപിക്കുന്നതിൽ കൂടുതലായി, സഭാതത്വങ്ങളുടെ സമ്പന്നതകൾ വെളിപ്പെടുത്തുന്നതിനാവും ശ്രമിക്കുക. വാസ്തവത്തിൽ, അത്തരം സിദ്ധാന്തങ്ങളുടെ പൊള്ളത്തരം മനുഷ്യർക്ക് സാവധാനം ബോധ്യമായിവരികയാണ്. സങ്കേതികപുരോഗതിയും സുഖസൗകര്യങ്ങളും കൈവരുന്നതുപോരാ, മനുഷ്യവ്യക്തിയുടെ അന്തസ്സും പരിപൂർണ്ണതയും പരിരക്ഷിക്കുകകൂടി വേണമെന്ന ബോധ്യവും വർദ്ധിച്ചുവരികയാണ്. സത്യത്തിൻെറ വെളിച്ചം പ്രസരിപ്പിക്കുന്ന ഈ സൂനഹദോസിലൂടെ, കത്തോലിക്കാസഭ, തനിക്കുപുറമേയുള്ള സന്താനങ്ങൾക്ക് സ്നേഹപൂർണ്ണയും ക്ഷമാസമ്പന്നയും കാരുണ്യശീലയുമായ ഒരു മാതാവെന്നനിലയിൽ പ്രത്യക്ഷപ്പെടുവാനാണ് ആഗ്രഹിക്കുന്നത്. പക്ഷേ, ഭൗതികനന്മകളല്ല, ആത്മീയനന്മകളാണ് അവൾക്കു കൊടുക്കാനുള്ളത്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരേയും ഒന്നിപ്പിക്കുകയാണ് സൂനഹദോസിൻെറ വേറൊരുലക്ഷ്യം: ക്രിസ്തു അഭിലഷിച്ച, സത്യത്തിലുള്ള ദൃശ്യമായ ഐക്യം കൈവരുത്തുക. ക്രൈസ്തവൈക്യം കഴിഞ്ഞാൽ, ആവിഷ്കൃതസത്യത്തിൻെറ പ്രകാശവും നന്മകളും എല്ലാമനുഷ്യർക്കും ലഭ്യമാകുന്നതിനും, അങ്ങനെ എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നതിനുമുള്ള ശ്രമങ്ങളാണു വരുന്നത്. ചുരുക്കത്തിൽ, ക്രിസ്തീയവിശ്വാസത്തിൻെറ സർവ്വതോമുഖമായ വളർച്ചയും വികാസവും പ്രചാരവുമാവും സൂനഹദോസിൻെറ ലക്ഷ്യം. സൂനഹദോസ് സമ്മേളനങ്ങൾ ഏററം ഫലപ്രദമായി നടത്തുന്നതിനു് മെത്രാന്മാരെ ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് പ്രഭാഷണം സമാപിച്ചു.

(തുടരും)

---

Cum permissu Superiorum

Printed at the St. Joseph's Orphanage Press, Changanacherry

*Edited, printed and published by-*

Rev. Fr. Mathew Nadakal

# കതിരൊളിയുടെ പഴയ ലക്കങ്ങൾ

കതിരൊളി ഒന്നും രണ്ടും പുസ്തകങ്ങളുടെ ഏതാനും ലക്കങ്ങളുടെ കോപ്പികളുണ്ട്. ഓരോ പുസ്തകത്തിന്റെയും നാലു ലക്കങ്ങൾക്കു പോസ്റ്റേജ് ഉൾപ്പെടെ 2 രൂ. 25 ന. പൈ.

---

# അദ്ധ്യയനമണ്ഡലം

## ★ ലഘുലേഖന പരമ്പര ★

അദ്ധ്യയനമണ്ഡലം ലഘുലേഖനപരമ്പര എന്ന പേരിൽ ഇതിനകം 13 ലഘുലേഖനങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അവയുടെ ഏതാണ്ട് ഇരുപതിനായിരം കോപ്പികൾ ഇതിനകം വിതരണം ചെയ്യപ്പെട്ടു കഴിഞ്ഞു. ഇപ്പോൾ പ്രസിദ്ധം ചെയ്തിരിക്കുന്ന ലഘുലേഖനങ്ങൾ താഴെ പറയുന്നവയാണ്.

1) മതബോധനം 2) യുക്തിയും വിശ്വാസവും 3) ദൈവം ഉണ്ട് 4) ആവിഷ്കരണം 5) അത്ഭുതങ്ങളും പ്രവചനങ്ങളും 6) വിശ്വാസം 7) വി. ലിഖിതങ്ങൾ 8) ദൈവികപാരമ്പര്യം 9) സഭയും വെളിപാടും 10) വേദപുസ്തകത്തിൻെറ പ്രാധാന്യം 11) ദൈവനിവേശനം 12) വേദപുസ്തകത്തിൻെറ കാനോൻ 13) വേദപുസ്തക വ്യാഖ്യാനം.

ഒരു സെററിനു് വില 26 ന. പൈ. പോസ്റ്റേജ് 10 ന.പൈ.

മാനേജർ,

സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്, ചങ്ങനാശേരി എന്ന വിലാസത്തിൽ ആവശ്യപ്പെടുക.